ജനകീയാസൂത്രണം

വികസനരേഖ '96

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം


KOZHIKODE DISTRICT
VADAKARA TALUK
WAYANAD
KOYILANDY TALUK
THALAKKULATHUR PANCHAYAT
KOZHIKODE TALUK
LAKSHADWEEP SEA
DISTRICT PANCHAYAT OFFICE
KOZHIKODE CORPORATION
MALAPPURAM

പത്രാധിപസമിതി

കെ ജമീല
ഇ പി രത്നാകരൻ
കെ പ്രേമനാഥ്
പി എൻ പ്രേമരാജൻ
പി ശ്രീമാനുണ്ണി
കെ എം ബേബിഷെനി

■

കവർ:
'വിരിയുക നാടിന്നമൃതേകുക..'
ഫോട്ടോ: രമേഷ് കുഴുപ്പള്ളി

■

ഉൾച്ചിത്രങ്ങൾ:
ആൽഫ്രഡ്,
പി ടി പ്രദീപ്കുമാർ

■

കവർഡിസൈൻ &
ലേഔട്ട്
ടി ആർ മധുകുമാർ

■

ടൈപ്പ്സെറ്റിങ്ങ് &
പ്രിൻറിങ്ങ്
ദേശാഭിമാനി പ്രസ്
കോഴിക്കോട്

■

കവർ പ്രിൻറിങ്ങ്:
കെ. ടി. സി. ഓഫ്സെറ്റ്
കോഴിക്കോട്

ഉള്ളടക്കം

- ഗ്രാമപഞ്ചായത്ത് സാരഥികൾ 7
- ഒറ്റനോട്ടത്തിൽ 8
- വികസനയജ്ഞത്തിൽ പങ്കാളികളാവുക 9
- ഭൂപ്രകൃതി 11
- സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം 12
- കൃഷി- ജലസേചനം 14
- വ്യവസായം 18
- മൃഗപരിപാലനം 20
- മത്സ്യബന്ധനം 23
- സഹകരണമേഖല 25
- വിദ്യാഭ്യാസം 29
- ആരോഗ്യം- പരിസരശുചിത്വം 39
- കുടിവെള്ളം 44
- ഗതാഗതം 46
- ഊർജം 52
- മാർക്കറ്റ് 54
- പാർപ്പിടം 56
- വനിതാക്ഷേമം 58
- പട്ടികജാതി - പട്ടികവർഗ്ഗ വികസനം 61
- സാമൂഹ്യക്ഷേമം 63
- സംസ്കാരം 65
- വിഭവസമാഹരണം 70

THALAKULATHUR PANCHAYAT

Scale - 1:20000



ഗ്രാമ പഞ്ചായത്ത് സാരഥികൾ

കെ ജമീല
(പ്രസിഡണ്ട്)

കെ പി കൃഷ്ണൻകുട്ടി
(വൈസ്പ്രസിഡണ്ട്)

കെ കെ വിശ്വൻ
(സ്റ്റാൻറിങ്ങ്കമ്മിറ്റി ചെയർമാൻ)

ഭരണസമിതി അംഗങ്ങൾ

കെ എം ബേബിഷൈനി
കെ ആശ
പി രാധാകൃഷ്ണൻ
കെ പ്രഭാകരൻ

ടി കെ അശോകൻ
ടി എം പത്മജ
ടി കൃഷ്ണൻ
ടി വേണുഗോപാലൻ നായർ

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ

പഞ്ചായത്തിന്റെ പേര്	:	തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	തലക്കുളത്തൂർ
ബ്ലോക്ക് പഞ്ചായത്ത്	:	ചേളന്നൂർ
ജില്ലാ പഞ്ചായത്ത്	:	കോഴിക്കോട്
താലൂക്ക്	:	കോഴിക്കോട്
അസംബ്ലിമണ്ഡലം	:	ബാലുശ്ശേരി
വിസ്തീർണ്ണം	:	21.54 ച.കി.മീ.
അതിരുകൾ	:	വടക്ക് അത്തോളി, നന്മണ്ട, പഞ്ചായത്തുകൾ. കിഴക്ക് കാക്കൂർ, ചേളന്നൂർ, കക്കോടി പഞ്ചായത്തുകൾ. തെക്ക് എലത്തൂർ പഞ്ചായത്ത്. പടിഞ്ഞാറ് എലത്തൂർ പഞ്ചായത്ത്
പുഴ അതിർത്തികൾ	:	കിഴക്ക്: പട്ടർപാലം-പാവയിൽ, മംഗലപ്പുഴ തെക്ക്: അകലാപ്പുഴ പടിഞ്ഞാറ്: കോരപ്പുഴ
ജനസംഖ്യ	:	23708 (1991-ലെ സെൻസസ്)
പുരുഷന്മാർ	:	11,552
സ്ത്രീകൾ	:	12,156
ജനസാന്ദ്രത	:	1071
അക്ഷരാഭ്യാസമുള്ളവർ	:	19,238
സാക്ഷരതാ നിരക്ക്	:	92.18%
വാർഡുകൾ	:	11
പ്രസിഡണ്ടിന്റെ പേര്	:	കെ ജമീല
വൈസ് പ്രസിഡണ്ടിന്റെ പേര്	:	കെ പി കൃഷ്ണൻകുട്ടി
സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാന്റെ പേര്	:	കെ കെ വിശ്വൻ
സെക്രട്ടറിയുടെ പേര്	:	കെ സതീദേവി



വികസന യജ്ഞത്തിൽ പങ്കാളികളാവുക

ഭാരതീയരായ നാം സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ആഘോഷിക്കുകയാണ്. പോയ നാൽപ്പത്തിയൊമ്പത് വർഷങ്ങളിലെ സ്വതന്ത്ര ഭാരതത്തിന് വിവിധ രംഗങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭരണരംഗത്തും വികസനരംഗത്തും പുനഃക്രമീകരണങ്ങൾ നടത്താനും അധികാരം ജനങ്ങൾക്ക് എന്ന ജനാധിപത്യത്തിന്റെ അന്തസ്സത്ത നടപ്പാക്കാനും നമുക്ക് സാധിച്ചില്ല. വികേന്ദ്രീകൃതമായ അധികാരഘടനയിലൂടെ പ്രാദേശിക വികസന പരിപാടിയിലൂടെയും മാത്രമേ നമുക്ക് സന്തുലിതമായ പുരോഗതി, കൈവരിക്കാനാകൂ എന്ന വസ്തുതയിലേക്ക് നാളിതുവരെയുള്ള നമ്മുടെ വികസനത്തിന്റെ തലകീഴായ അനുഭവം വിരൽചൂണ്ടുന്നു.

1951 മുതൽ നാം ആരംഭിച്ച പഞ്ചവത്സര പദ്ധതികളിലൂടെ നാം കേന്ദ്രീകൃതമായ പദ്ധതികളാണ് ആരംഭിച്ചത്. അതുകൊണ്ട് തന്നെ ലക്ഷ്യംവെച്ച കാർഷിക-വ്യാവസായിക പുരോഗതി, ദാരിദ്ര്യനിർമാർജനം, തൊഴിലില്ലായ്മക്ക് പരിഹാരം തുടങ്ങിയവയൊന്നും തന്നെ ജനകീയ ഇച്ഛക്കനുസരിച്ച് നമുക്ക് നേടാനായില്ല. രാജ്യത്തിന്റെ പലഭാഗങ്ങളിലും ദാരിദ്ര്യത്തിന്റെ തുരുത്തുകൾ കണ്ട് പഞ്ചവത്സരപദ്ധതി ആസൂത്രണ വിദഗ്ദ്ധർ പോലും അന്ധാളിച്ചുപോയിട്ടുണ്ട്. ജനങ്ങളിൽ നിന്നും തികച്ചും അന്യവല്ക്കരിക്കപ്പെട്ടതും ഉദ്യോഗസ്ഥകേന്ദ്രീകൃതവുമായ പദ്ധതികളാണ് നടപ്പാക്കപ്പെട്ടത്.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി അതിരൂക്ഷമായ സാമ്പത്തികതകർച്ചയെയാണ് കേരളം നേരിടുന്നത്. ഭൂപരിഷ്കരണം ആദ്യമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. എന്നിട്ടും നമ്മുടെ കാർഷികോല്പാദനം വളർന്നില്ല. മുരടിച്ചുനിൽക്കുന്ന വ്യവസായമേഖലയെയാകട്ടെ വൈദ്യുതിക്ഷാമം പൂർണമായും കഴുക്കിയെറിഞ്ഞു. ലോകത്താകെ പ്രകീർത്തിക്കപ്പെട്ട കേരളത്തിന്റെ സേവന മേഖലപോലും (ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ) ഇന്ന് അതി ഗുരുതരമായ നിലവാരത്തകർച്ചയെ നേരിടുന്നു. പ്രാഥമിക-ദ്വിതീയ മേഖലകളുടെ (കൃഷി, വ്യവസായം) ദുർബലമായ അടിത്തറമേൽ പടുത്തുയർത്തിയതുകൊണ്ടാണ് 'കേരള

വികസന മാതൃക'യെന്നറിയപ്പടുന്ന ആരോഗ്യ-വിദ്യാഭ്യാസമേഖലക്ക് ഇത് സംഭവിച്ചത്.

നമ്മുടെ ആവശ്യങ്ങൾ അനവധിയും അവ നിറവേറ്റാനുള്ള വിഭവങ്ങൾ പരിമിതവുമാവുന്നേടത്താണ് ആസൂത്രണത്തിന്റെ പ്രസക്തി. ആസൂത്രണത്തിലൂടെ നടത്തുന്ന വികസനമാണ് പുരോഗതിയുണ്ടാക്കുന്നത്. വികസനത്തിൽ വികേന്ദ്രീകൃതവും സ്ഥായിയും നീതിപൂർവകവും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയാണ് ലക്ഷ്യമാക്കേണ്ടത്. ഈ ദിശയിലാണ് കഴിഞ്ഞ 8 പദ്ധതികളുടെയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവക്ക് നേർ വിപരീത മാർഗത്തിൽ 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന' മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചത്.

ഒമ്പതാം പദ്ധതിയുടെ അടങ്കൽതുകയിൽ 35-40 ശതമാനംവരെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ബാക്കി 60-65 ശതമാനം സംസ്ഥാന ആസൂത്രണ ബോഡിന്റെ നിർദേശാനുസരണം സംസ്ഥാന സർക്കാരുമാണ് ചെലവഴിക്കുക. ജനപങ്കാളിത്തത്തോടെ നാടിന്നാവശ്യമായ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കാൻ പുതിയൊരു പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും ദിശാബോധവും വളർത്തിയെടുത്ത് പ്രാദേശിക വികസനം നേടുക എന്നതിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം ഊന്നുന്നത്. ഇപ്രകാരം തദ്ദേശസ്ഥാപനങ്ങളെ പ്രാദേശിക ഗവർമെണ്ടുകളാക്കി ശക്തിപ്പെടുത്താനും നിലവിലുള്ള സ്കീമുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുകയുമാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനാകട്ടെ, ഏറെ പരിമിതികളുണ്ടെങ്കിലും 73, 74 ഭരണഘടനാ ഭേദഗതികളും അതിനെ തുടർന്നുള്ള കേരളാ പഞ്ചായത്ത്രാജ് നിയമവും മൂലം നിലവിൽവന്ന പുതിയ ഗ്രാമപഞ്ചായത്ത് സമിതികളുമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് പഞ്ചായത്ത് പ്രസിഡണ്ടും അംഗങ്ങളും ജില്ലാ - പഞ്ചായത്ത് - വാർഡ് റിസോഴ്സ് പേഴ്സൺമാർ എന്നിവർ അടങ്ങുന്ന പഞ്ചായത്ത് ജനകീയാസൂത്രണ സമിതിയാണ്. ജില്ലാ റിസോഴ്സ് പേഴ്സൺ ശ്രീ. ഇ പി രത്നാകരൻ കൺവീനറാണ്. 1996 സപ്തംബർ 7-ാം തീയതി ചേർന്ന പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർടികളുടെയും നേതാക്കളുടെയും യോഗമാണ് ആസൂത്രണ പരിപാടി പഞ്ചായത്തിൽ നടത്തുന്നതിന് വിവിധ ജനവിഭാഗങ്ങളെ സജ്ജമാക്കാൻ തീരുമാനമെടുത്തത്.

ഒന്നാംഘട്ട പ്രവർത്തനമായ ഗ്രാമസഭാ യോഗങ്ങൾ സംസ്ഥാനതലത്തിൽ തീരുമാനിച്ച സപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെയുള്ള തീയതികൾക്കകം നടന്നു. ഈ ഗ്രാമസഭകളിലെ ഏറ്റവും കൂടിയ പങ്കാളിത്തം 450 ആയിരുന്നു. 11 വാർഡുകളിലെ ശരാശരി പങ്കാളിത്തം 250 ആണ്. സ്ത്രീകളുടെ ഒരു വൻനിര തന്നെ ഗ്രാമസഭകളിൽ പങ്കെടുത്തത് വികസന പ്രക്രിയയിലെ സ്ത്രീകളുടെ താല്പര്യം വ്യക്തമാക്കുന്നു. വിപുലമായ സ്വാഗതസംഘങ്ങൾ വാർഡുതോറും രൂപീകരിച്ചാണ് സംഘാടന പ്രവർത്തനം നടത്തിയത്. സ്വാഗതസംഘങ്ങൾ ഓരോ വാർഡിലും 25-50 കുടുംബങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുടുംബയോഗങ്ങൾ നടത്തുകയുണ്ടായി. ഈ യോഗങ്ങളിൽ പങ്കെടുക്കാൻ സ്ത്രീകൾ കാണിച്ച ആവേശം ശ്രദ്ധേയമാണ്. അതുകൊണ്ടു തന്നെ ഗ്രാമസഭയിൽ അഭിപ്രായങ്ങളും നിർദേശങ്ങളും ആരോഗ്യകരമായി മാറി.

ജനകീയാസൂത്രണം ഒന്നാംഘട്ടത്തിന്റെ ഉല്പന്നമായ ഈ വികസന റിപ്പോർട്ട് ഏറെ പരിമിതികളോടെയാണെങ്കിലും അവതരിപ്പിക്കുകയാണ്. ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിന് ജില്ലാ-പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാരും ഉദ്യോഗസ്ഥന്മാരും വഹിച്ച പങ്ക് സ്തുത്യർഹമാണ്. എഡിറ്റോറിയൽ ബോർഡിനുപുറമെ ടി രാജു, പി ടി പ്രദീപ്കുമാർ തുടങ്ങിയവരുടെ സേവനങ്ങൾ എടുത്തു പറയത്തക്കതാണ്. ഈ പ്രവർത്തനങ്ങൾക്ക് കെട്ടിടസൗകര്യം ചെയ്ത് തന്ന് മലബാർ ആർട്സ് കോളേജ് അധികൃതരും ആത്മാർഥമായി സഹായിച്ചു.

പോയകാലത്തെ പാരമ്പര്യങ്ങളുടെ മഹാത്മ്യത്തെ സ്വാംശീകരിച്ചുകൊണ്ട്, ഇന്നത്തെ യാഥാർഥ്യങ്ങളിൽ നിന്നുകൊണ്ട്, നമ്മുടെ മുന്നിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ട് കടമകൾ നിർവഹിക്കാനും നമ്മുടെ ഗ്രാമത്തേയും നമ്മുടെ സംസ്ഥാനത്തേയും ഐശ്വര്യപൂർണ്ണമായ ഭാവിയിലേക്ക് നയിക്കാൻ ഈ പുതിയ സംരംഭം നമുക്ക് ശക്തി പകരും. ഭാവി ഭാരതത്തിന്റെ വികസനപന്ഥാവിൽ വെള്ളി വെളിച്ചം തൂകിക്കൊണ്ട് ഒരു പുതിയ ആസൂത്രണ മാതൃക ഭാരതത്തിനും അതുവഴി ലോകത്തിനും കാണിച്ചുകൊടുക്കാൻ നമുക്കു കഴിയും. ഒരു പുതിയ വികസനസംസ്കാരത്തിന്റെ നാന്ദി കുറിക്കപ്പെടുമെന്ന പ്രത്യാശയോടെ ഈ വികസന റിപ്പോർട്ട് അവതരിപ്പിക്കുന്നു.



ഭൂപ്രകൃതി

കോഴിക്കോട് നഗരത്തിൽ നിന്നും 11 കിലോ മീറ്റർ വടക്കുമാറി സ്ഥിതി ചെയ്യുന്ന തലക്കുളത്തൂർ പഞ്ചായത്തിന്റെ വിസ്തൃതി 21.54 കിലോ മീറ്ററാണ്. വടക്ക് അത്തോളി, നന്മണ്ട പഞ്ചായത്തുകളും കിഴക്ക് കാക്കൂർ, ചേളന്നൂർ, കക്കോടി പഞ്ചായത്തുകളും തെക്കും പടിഞ്ഞാറും എലത്തൂർ പഞ്ചായത്തും അതിർത്തികളാണ്. കിഴക്ക് പട്ടർപാലം, പാവയിൽപുഴ, മംഗലംപുഴ, തെക്ക് അകലാപുഴ, പടിഞ്ഞാറ് കോരപ്പുഴ എന്നിവയാൽ ചുറ്റപ്പെട്ടാണ് ഇത് സ്ഥിതി ചെയ്യുന്നത്.

ഭൂപ്രകൃതി മേഖല

ഉയർന്ന പ്രദേശം, ചെങ്കുത്തായ പ്രദേശം, താരതമ്യേന ചെരിവ്, ഇടത്തരം ചെരിവ്, ചെറുചെരിവ്, ചെറുകുന്നുകൾ, താഴ്വാരം, സമതല പ്രദേശം, തീരസമതലം, തുരുത്തുകൾ എന്നിങ്ങനെയുള്ള ഭൂപ്രകൃതി മേഖലയാണുള്ളത്.

ഭൂവിനിയോഗം

പഞ്ചായത്തിൽ കൂടുതൽ തെങ്ങുകൃഷിയാണുള്ളത്. മിശ്രവിളകളാണ് കണ്ടുവരുന്നത്. കിഴക്കൻ മേഖലയിലെ അന്നശ്ശേരി, എടക്കര എന്നിവിടങ്ങളിൽ സമൃദ്ധമായ നെൽ വയലുകളും പച്ചക്കറി കൃഷിയുമുണ്ടായിരുന്നു. എന്നാൽ ഭൂവിനിയോഗം മാറുകയും കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറുകയും ചെയ്തതുകാരണം നെൽ വയലുകൾ തെങ്ങിൻതോപ്പുകളായി മാറിയതിനാലും നെല്ല്, പച്ചക്കറി കൃഷി ഭീഷണമായ തോതിൽ കുറഞ്ഞു. കുന്നുകൾക്കിടയിലുള്ള ഫലപുഷ്ടിയുള്ള പ്രദേശങ്ങളിൽ ഇന്നും അൽപ്പാല്പമായി നെൽക്കൃഷിയുണ്ട്. നെൽപ്പാടങ്ങൾ വാഴത്തോട്ടങ്ങളായി മാറിയിട്ടുണ്ട്. കവുങ്ങ്, കുരുമുളക്, കശുമാവ് തുടങ്ങിയ വിളകളും ഉണ്ട്. എടക്കര മേഖലയിലാണ് കൂടുതൽ കവുങ്ങുള്ളത്. ചെങ്കൽ ക്വാറികളും കരിങ്കൽ ക്വാറികളും ധാരാളമായുണ്ട്. ചെരിവുകൾ തരിശായി കിടക്കുന്ന സ്ഥലങ്ങളുമുണ്ട്.

മൺതരം

ഉയർന്ന പ്രദേശങ്ങളിൽ ലാറ്റെറ്റ് ഇനം മണ്ണാണ് (ചെമ്മണ്ണ്) സമതലങ്ങളിൽ എക്കൽ മണ്ണും. മണൽ കലർന്ന ചെളിമണ്ണും തീരത്തേക്ക് മണൽമണ്ണും കാണുന്നു. നാലു ഭാഗത്തും കുന്നുകൾ കാണാം. മണ്ണ് ഒഴുകിപ്പോകാത്ത എടക്കര അന്നശ്ശേരി ഭാഗത്താണ് എക്കൽ മണ്ണുള്ളത്. അപൂർവം ചില പ്രദേശത്ത് കളി മണ്ണിനോട് സാദൃശ്യമുള്ള മൺതരവും കാണാം.

ജലലഭ്യത

ഉയർന്ന പ്രദേശമൊഴികെ താരതമ്യേന നല്ല ജല ലഭ്യതയുണ്ട്. അന്നശ്ശേരി പാക്കവയൽ പ്രദേശത്ത് നീർക്കെട്ട് കൂടിയതുകാരണം കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. മലകളിലെ മണ്ണെടുക്കൽ, ചെങ്കൽ വെട്ടൽ തുടങ്ങിയവ ജലസംഭരണശേഷി കുറയാനിടയാക്കിയിട്ടുണ്ട്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 23708 ആണ്. ഇതിൽ 11552 പേർ പുരുഷന്മാരും 12156 പേർ സ്ത്രീകളുമാണ്. ആറു വയസ്സിന് താഴെയുള്ള കുട്ടികൾ 2838 പേർ വരും. ●

സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ മദ്രാസ് സംസ്ഥാനത്തിലെ കോഴിക്കോട്, കുമ്പ്രനാട് താലൂക്കുകളിലായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് തലക്കുളത്തൂർ പഞ്ചായത്ത്. സാമൂതിരിയുടെ അധീനതയിലെ കോഴിക്കോട് ഉൾപ്പെട്ട തലക്കുളത്തൂർ, അന്നശ്ശേരി ദേശങ്ങളും സാമൂതിരിയുടെ സാമന്തന്മാരായിരുന്ന കുമ്പ്രനാട് സ്വരൂപത്തിൽപ്പെട്ട എടക്കര ദേശവും ഉൾക്കൊള്ളുന്ന പ്രദേശമാണിത്. സാമൂതിരിയുടെ ആളുകൾ പൂജാദികർമ്മങ്ങൾക്കായി ഉപയോഗിച്ചിരുന്ന പഴക്കമേറിയ ക്ഷേത്രമാണ് മതിലകം ക്ഷേത്രം എന്നു പറയപ്പെടുന്നു. ഈ ക്ഷേത്രത്തിനടുത്ത് വിശാലമായ ഒരു കുളം ഇന്നും നിലനിൽക്കുന്നു. ഈ കുളം അതിർത്തിയായ ദേശമാണ് തലക്കുളത്തൂർ. ദേശത്തിന്റെ വടക്കെ തലഭാഗത്ത് കുളമുണ്ടായതിനാലാകാം ഈ പ്രദേശത്തിന് തലക്കുളത്തൂർ എന്ന പേരുവന്നത് എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ വിശ്വാസത്തെ ന്യായീകരിക്കത്തക്ക ചരിത്ര രേഖകളൊന്നും അറിയപ്പെടുന്നതായി ഇല്ല.

സവർണ്ണ ജന്മി-നാടുവാഴി കുംബങ്ങൾക്കായിരുന്നു ഈ പ്രദേശത്തിന്റെ മേൽക്കോയ്മ. വള്ളിക്കാട്ട് ദേവസ്വം, കാരക്കാട്ടില്ലം, വരോടി പന്നാറമ്പത്ത്, കാരംവെള്ളി മന എന്നീ ജന്മികുടുംബങ്ങളായിരുന്നു ഭൂമിക്ക് ഉടയന്മാർ. എമ്പ്രാന്തിരികളും നമ്പൂതിരിമാരും നമ്പീശന്മാരും ഈ പ്രദേശത്തിന്റെ നാലുഭാഗത്തും താമസക്കാരായുണ്ടായിരുന്നു. കീഴ് ജാതിക്കാർ മാത്രമല്ല, നായർ സമുദായാംഗങ്ങളും കുടിയാന്മാരായി ഉണ്ടായിരുന്നു. ഹരിജനങ്ങൾ അടിയാളന്മാരായിരുന്നു.

തച്ചോളി ഒതേനന്റെ ഒളിസങ്കേതങ്ങളിലൊന്ന് എലിയോട്ടുമലയുടെ വടക്കുഭാഗത്തെവിടെയോ ഉണ്ടായിരുന്നുവെന്നും തന്റെ അനുയായികളെ കളരിമുറ പരിശീലിപ്പിക്കാൻ എലിയോട്ടുമലയുടെ മുകൾപരപ്പ് ഉപയോഗിച്ചിരുന്നുവെന്നും പറയപ്പെടുന്നു. ഈ ഭാഗം ഇപ്പോഴും 'കളരിക്കണ്ടം' എന്നാണ് അറിയപ്പെടുന്നത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ തന്നെ വിദ്യാഭ്യാസ പ്രവർത്തനം എടക്കര ഭാഗത്ത് നടന്നതായി അറിവുണ്ട്. വിദ്യാഭ്യാസം പകരാൻ ആളില്ലാത്ത കാലത്ത് തെക്കുനിന്ന് സഞ്ചരിച്ചെത്തിയവർ ആയുധാഭ്യസം, അക്ഷരാഭ്യാസം എന്നിവ പകരാനായി ഓരോ സ്ഥലത്തും താമസിച്ചു. അക്കാലത്ത് അന്നശ്ശേരി ദേശത്തിന്റെ കിഴക്കെ അറ്റത്ത് ഒരു എഴുത്തുപള്ളി സ്ഥാപിച്ചു. ചെറിയോമന കിടാവ്, കുഞ്ഞികൃഷ്ണകിടാവ് തുടങ്ങിയവരാണ് ഇതിന് മേൽനോട്ടം വഹിച്ചത്. പിന്നീടത് എടക്കര കോട്ടാംകുളങ്ങരയിലേക്ക് മാറ്റി. വടക്കേടത്തു നിന്ന് അഭ്യസനം നേടിയ പെരുവാച്ചാലിൽ രാമൻ എഴുത്തച്ചൻ എടക്കര കിഴക്കുഭാഗത്ത് വള്ളിക്കാട്ടില്ലത്തും പിന്നെ വടക്കെ കോയിക്കൽ പറമ്പിലും അവസാനം പെരുവാച്ചാലിലും പള്ളിക്കൂടം നടത്തി. ഇത് 1990-മാണ്ട് അടുപ്പിച്ചാണ്.

ഇതിനകം വാഗ്ഭടാനന്ദ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ച്, സംസ്കൃതവും കാവ്യവും പഠിച്ച പാടകശ്ശേരി ഉണ്ണിക്കുമാരൻനായർ (കണ്ണങ്കര) കോറോത്ത് ചന്തുക്കുട്ടിവൈദ്യർ (ചീക്കിലോട്) അറപ്പുക്കുഴിയിൽ കോരു (എടക്കര) തുടങ്ങിയവർ ഈ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനത്തിലിടപെട്ടു. കോട്ടാംകുളങ്ങരയിലെ പള്ളിക്കൂടം ശ്രീ. ഉണ്ണിക്കുമാരൻനായർ വിലക്കുവാങ്ങി. എടക്കരയിലെ മക്കാട്ട് കൃഷ്ണക്കുറുപ്പ് ദാനം ചെയ്ത സ്ഥലത്താണ് 1914 ൽ ഇന്നത്തെ എ എസ് വി യു പി സ്കൂൾ സ്ഥാപിച്ചത്. വാഗ്ഭടാനന്ദഗുരുവിന്റെ ആത്മവിദ്യാസംഘത്തിൽ പ്രചോദിതമായി ആ സ്കൂളിന് "ആത്മവിദ്യാ സുകുമാര വിലാസം യു പി സ്കൂൾ' എന്നു തന്നെ പേരിട്ടു. ചുമരിൽ ഗുരുവചനമായ "ഉണരുവിനഖിലേശനെ സ്മരിപ്പിൻ, ക്ഷണമെഴുന്നേൽപ്പിൻ അനീതിയോടെതിർപ്പിൻ" എന്നും എഴുതിവെച്ചിട്ടുണ്ടായിരുന്നു.

1900-മാണ്ടിന് മുമ്പ് അണ്ടിക്കോടിന് പടിഞ്ഞാറുഭാഗത്ത് പൊയിലിൽ എന്ന സ്ഥലത്ത് നടന്നുവന്നിരുന്ന എഴുത്തുപള്ളിക്കൂടമാണ് തലക്കുളത്തൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സംരംഭമെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുപോലെ ഏതാണ്ടിതേ കാലത്ത് എടക്കരയിൽ തട്ടാലത്ത് എന്ന പറമ്പിലും ഒരു എഴുത്തുപള്ളിയുണ്ടായിരുന്നു. ചെറുപുറാട്ട് ശങ്കരൻ എന്ന ആളായിരുന്നു പൊയിലിൽ പള്ളിക്കൂടത്തിലെ ഗുരുനാഥൻ.

1900 ത്തിൽ കോഴിക്കോട്ട് നിന്നും ഏതാനും ക്രിസ്തുമത സുവിശേഷ പ്രവർത്തകർ ഇപ്പോഴത്തെ തലക്കുളത്തൂർ വില്ലേജിൽപ്പെട്ട അന്നത്തെ അന്നശ്ശേരി അംശത്തിൽ വന്നുചേർന്നു. സുവിശേഷ പ്രസംഗം ശ്രവിക്കാൻ ജനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസം ആവശ്യമാണെന്ന് മനസ്സിലാക്കിയ പാതിരിമാർക്ക് ഒരു വിദ്യാലയം സ്ഥാപിക്കേണ്ടതിന്റെ അനിവാര്യത ബോധ്യമായി. അന്നശ്ശേരിയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിക്കാൻ തീരുമാനിക്കുകയും പൊയിലിൽ വിദ്യാലയം നടത്തിപ്പുകാരിൽ നിന്നും ആ സ്കൂളിന്റെ ഫർണീച്ചറും മറ്റും ഉപയോഗപ്പെടുത്തി അണ്ടിക്കോടിന് കിഴക്കു വശത്ത് ഒരു പീടിക വിലക്കുവാങ്ങി 1902 ൽ ബി ഇ എം എലിമെന്ററി സ്കൂൾ സ്ഥാപിച്ചു.

പഴയ മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നുവല്ലോ. അതിനാൽ ബാസൽ ഇഹഞ്ചലിക്കൽ മിഷ്യൻ പ്രവർത്തകനായ 'ജൗ" എന്ന ജർമ്മൻ സായിപ്പ് മദിരാശിയിൽ പോയിട്ടാണ് വിദ്യാലയത്തിനുള്ള അംഗീകാരം വാങ്ങിയത്. ഈ വിദ്യാലയമാണ് ബി ഇ എം എൽ പി സ്കൂൾ എന്ന പേരിൽ അന്നശ്ശേരിയിൽ ഇന്നും പ്രവർത്തിച്ചുവരുന്നത്. വിദൂര പ്രദേശങ്ങളിൽ നിന്നുപോലും ഇവിടെ വിദ്യാർഥികൾ പഠിക്കാനെത്തിയിരുന്നുവത്രെ. കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയും പിന്നീട് മുഖ്യമന്ത്രിയുമായിരുന്ന ശ്രീ സി എച്ച് മുഹമ്മദ്കോയ പ്രാഥമിക വിദ്യാഭ്യാസം നേടിയത് ഈ വിദ്യാലയത്തിലാണ്.

വിദൂര പ്രദേശങ്ങളിൽ നിന്നുപോലും വിദ്യാർഥികൾ ഇവിടെ പഠിക്കാനെത്തിയിരുന്നു. മറ്റു പ്രദേശങ്ങളിൽ ഇത്തരം വിദ്യാലയം സ്ഥാപിക്കാൻ അതുകൊണ്ടു തന്നെ പ്രചോദനമുണ്ടായി. ആത്മവിദ്യാസംഘ പ്രസ്ഥാനത്തിന്റെ പ്രവർത്തകരിലൊരാളായ വലിയമ്മക്കണ്ടി ഉണ്ണീരി

എന്ന ആൾ സ്ഥാപിച്ചതാണ് തലക്കുളത്തൂരിലെ ശ്രീ. കുമാരാശ്രമം സ്കൂൾ. അദ്ദേഹം തന്നെ സ്ഥാപിച്ച മറ്റൊരു വിദ്യാലയമാണ് ഗുരുദേവവിലാസം സ്കൂൾ. ഈ വിദ്യാലയ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടാണ് പിൽക്കാലത്ത് പഞ്ചായത്തിൽ നിലവിൽവന്ന എല്ലാ സ്കൂളുകളും.

അയിത്തത്തിനെതിരായും ജാതി ചിന്തക്കും അനാചാരത്തിനുമെതിരായും വലിയ പ്രസ്ഥാനങ്ങളൊന്നും നയിക്കപ്പെട്ടിട്ടില്ലെങ്കിലും ഇതിനെതിരായി ഒറ്റപ്പെട്ട ചെറുത്തുനിൽപ്പുകൾ നടന്നിട്ടുണ്ട്. എടക്കരയിലും അന്നശ്ശേരിയിലും ഇപ്രകാരം ചില സംഭവങ്ങളുണ്ടായിട്ടുണ്ട്.

സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന് എണ്ണപ്പെട്ട സംഭാവനകൾ ചെയ്തവർ ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രാദേശിക പ്രവർത്തനത്തിൽ പങ്കെടുത്തവരുണ്ട്. പുതുപ്പറമ്പത്ത് മാധവൻനായർ, കൊല്ലക്കണ്ടി നാരായണൻനായർ തുടങ്ങിയവർ ഈ ശ്രേണിയിൽപെടുന്നു. ശ്രീ. കൊല്ലക്കണ്ടി നാരായണൻനായർ പൊലീസിൽ ചേർന്നു പ്രവർത്തിക്കുകയായിരുന്നു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി 1943-44 കാലത്ത് ജോലി രാജിവെക്കുകയും കോൺഗ്രസിൽ ചേരുകയും ചെയ്തു. കേളപ്പജിയുമായി ബന്ധപ്പെട്ടാണ് ഇദ്ദേഹം പ്രവർത്തിച്ചത്. രണ്ടുമൂന്നുതവണ കേളപ്പജി തലക്കുളത്തൂരിൽ വന്നത് ഇദ്ദേഹവുമായുള്ള അടുപ്പത്തിലാണ്. തലക്കുളത്തൂരിൽ വന്ന മറ്റൊരു സ്വാതന്ത്ര്യ സമരസേനാനിയാണ് എ കെ ജി. കാർഷിക പരിഷ്കാരം എന്ന കോൺഗ്രസ് മുദ്രാവാക്യം നടപ്പിലാക്കാത്തതിനെ തുടർന്ന് കേളപ്പജി കിസാൻ മസ്ദൂർ പ്രജാ പാർടി രൂപീകരിച്ചപ്പോൾ നാരായണൻനായർ അതോടൊപ്പം പ്രവർത്തിച്ചു. ഇദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച മറ്റൊരാളാണ് കുണ്ടിലേരി വാസു. പിന്നീട് കമ്യൂണിസ്റ്റ് പാർടിയിൽ പ്രവർത്തിച്ചു. എടക്കരയിലെ ആദ്യകാല കോൺഗ്രസുകാരനായിരുന്നു ഇ പി അപ്പു. പിന്നീട് ഇദ്ദേഹം ഒളോപ്പാറയിലെ കമ്യൂണിസ്റ്റ് പാർടി പ്രവർത്തകരോടൊപ്പം ചേരുകയും എടക്കരയിൽ പാർടി പ്രവർത്തനം നടത്തുന്നതിന് മുൻകൈ എടുക്കുകയും ചെയ്തു. പിൽക്കാലത്തെ ഇദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്നു തെക്കുംകാട്ടിൽ ഇമ്പിച്ചമ്മു, എകരത്ത് മാധവൻകിടാവ് തുടങ്ങിയവർ. 1944 ൽ കോൺഗ്രസിൽ ചേരുകയും സംഘടന കെട്ടിപ്പടുക്കാൻ ശ്രമിക്കുകയും ചെയ്ത ആളാണ് അന്നശ്ശേരിയിലെ ടി കെ രാമൻ. ഇദ്ദേഹം പിന്നീട് കുറെക്കാലം കമ്യൂണിസ്റ്റ് പാർടിയിലും പ്രവർത്തിക്കുകയുണ്ടായി.

1964 ജനുവരി ഒന്നാം തീയതിയാണ് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. പ്രഥമ പ്രസിഡണ്ട് ശ്രീ. വി കെ കുട്ടികൃഷ്ണക്കുറുപ്പാണ്. അധ്യാപകർക്ക് ബി , സി എന്നീ ഓപ്ഷൻ കൊണ്ടുവരികയും സി ഓപ്ഷൻകാർക്ക് രാഷ്ട്രീയ പ്രവർത്തനാധികാരം എടുത്തുകളയുകയും ചെയ്തുകൊണ്ടുള്ള ശങ്കർ ഗവർമെണ്ടിന്റെ നിയമംമൂലമാണ് ശ്രീ. കുട്ടികൃഷ്ണക്കുറുപ്പിന് സ്ഥാനം രാജിവെക്കേണ്ടിവന്നത്. 25 രൂപ അധികം ശമ്പളമുള്ളവർക്കാണ് സി ഓപ്ഷൻ. ഇതുപോലെ രാജിവെക്കേണ്ടിവന്ന മറ്റൊരു അംഗമാണ് ശ്രീമതി എം പി നാണിയമ്മ. ബി ഓപ്ഷൻകാരായ അധ്യാപകർക്ക് പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇ കുഞ്ഞായിൻകുട്ടി ഹാജിയായിരുന്നു വൈസ് പ്രസിഡണ്ട്. പി കുട്ടികൃഷ്ണൻനായർ, ഇ ശ്രീധരൻനായർ, കെ എം അരുപ്പൻ, എം വി ഭരതൻ, ഇ സുകുമാരൻനായർ എന്നിവർ അംഗങ്ങളും. കെ എം അരുപ്പൻ എടക്കരയിലെ ദ്വയാംഗ മണ്ഡലത്തിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. നോമിനറ്റേഡ് അംഗമായ എം പി നാണിയമ്മ രാജിവെച്ചതിനെ തുടർന്ന് പി ലക്ഷ്മി നോമിനേറ്റ് ചെയ്യപ്പെട്ടു. ശ്രീ കുട്ടികൃഷ്ണക്കുറുപ്പ് രാജിവെച്ചതിനെ തുടർന്നാണ് 1964 ജൂലൈ 23 ന് ഇ സുകുമാരൻനായർ പ്രസിഡണ്ടായത്. നീണ്ട പതിനാറു വർഷക്കാലം അദ്ദേഹം പ്രസിഡണ്ടായി തുടർന്നു.

1978 ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ കരുണാകരൻ നായർ പ്രസിഡണ്ടും അപ്പുക്കുട്ടൻ അടിയോടി വൈസ് പ്രസിഡണ്ടും സിദ്ധാർത്ഥൻ, വി സദാനന്ദൻ, വി ടി മൊയ്തീൻ, എം മുകുന്ദൻമാസ്റ്റർ, കെ പി ദാമോദരൻനായർ, എം പി നാണിയമ്മ മെമ്പർമാരുമായി തെരഞ്ഞെടുക്കപ്പെട്ടു. സി പി ഐ-എം ജനതാ പാർടി കൂട്ടുകെട്ടായിരുന്നു ഭരണം നടത്തിയത്. വൈസ് പ്രസിഡണ്ടായ അപ്പുക്കുട്ടൻ അടിയോടി രാജിവെക്കുകയും കോൺഗ്രസ് അംഗമായ വി സദാനന്ദൻ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1988 ൽ നടന്ന തെരഞ്ഞെടുപ്പിലും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കായിരുന്നു ഭരണം. ടി ബാലകൃഷ്ണൻ പ്രസിഡണ്ടും കെ കെ ശിവദാസൻ വൈസ് പ്രസിഡണ്ടുമായി ഭരണസമിതി നിലവിൽ വന്നു. പിന്നീട് പ്രസിഡണ്ട് സ്ഥാനമൊഴിയുകയും ശ്രീ. ടി എം ശിവരാജൻ (ജനതാദൾ) പ്രസിഡണ്ടാവുകയും ചെയ്തു. ആ ഭരണസമിതിയുടെ അവസാന വർഷങ്ങൾ ശ്രീ. ടി ബാലകൃഷ്ണൻ തന്നെ വീണ്ടും പ്രസിഡണ്ടായി. ടി പി ലീല, കെ ദിവാകരൻ, ടി വേണുഗോപാലൻനായർ, എം വി വേണുഗോപാലൻ, എം ഗംഗാധരൻ, ടി സുലോചന, കെ പി കൃഷ്ണൻകുട്ടി എന്നിവർ സംഗങ്ങളും.

ഇപ്പോഴത്തെ ഭരണസമിതി അധികാരമേൽക്കുന്നത് 4-10-95 നാണ്. കെ ജമീല പ്രസിഡണ്ടും (സി പി ഐ-എം) കെ പി കൃഷ്ണൻകുട്ടി വൈസ് പ്രസിഡണ്ടും (കോൺ-എസ്) കെ കെ വിശ്വൻ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാനും (സി പി ഐ-എം) കെ ആശ, കെ പ്രഭാകരൻ, ടി കെ അശോകൻ, കെ എം ബേബി ഷൈനി, പി രാധാകൃഷ്ണൻ, ടി വേണുഗോപാലൻനായർ, ടി കൃഷ്ണൻമാസ്റ്റർ, ടി എം പത്മജ ടീച്ചർ എന്നിവർ അംഗങ്ങളുമാണ്.

ശ്രീ. സി എം ചന്തപ്പൻ വിട്ടുതന്ന 10 സെൻറ് ഭൂമിയിലാണ് പഞ്ചായത്താപ്പീസ് കെട്ടിടം പണിതത്. അതുവരെ അത് വാടക കെട്ടിടത്തിലായിരുന്നു. ആയുർവേദ ഡിസ്പൻസറിക്ക് സ്ഥലം അനുവദിച്ചത് ശ്രീ. മുട്ടിയംപുറത്ത് ശ്രീധരൻനായരാണ്. തലക്കുളത്തൂർ കൃഷിഭവന് ശ്രീ. എം ഗംഗാധരൻനായരും (പട്ടർവീട്ടിൽ) അന്നശ്ശേരി കുളത്തിന് ശ്രീ. പുതുക്കുടി കുട്ടികൃഷ്ണൻനായരും പാവയിൽ പമ്പ് ഹൗസിന് ശ്രീ. കാലങ്ങാട് ഉണിച്ചോയിയും ചെങ്ങോട്ടുമല ശുദ്ധജലവിതരണപദ്ധതിക്ക് ശ്രീമതി നോക്കാട്ട് കമലാക്ഷി അമ്മയും ഭൂമി വിട്ടുതന്നിട്ടുണ്ട്. ●

കൃഷി- ജലസേചനം

പ്രകൃതിയുടെ താളക്രമമറിഞ്ഞ് മണ്ണിൽ വിത്തെറിഞ്ഞ കർഷകർ. അവർ ഒരുപാട് കൊയ്തു. കൺനിറയെ കണ്ടു. വയറുനിറച്ചുണ്ടു. പിന്നെ വരുംനാളുകളിലേക്ക് സൂക്ഷിച്ചുവെച്ചു... ഇത് പഴയ കഥ.

ഇന്ന് പ്രകൃതിയുടെ താളംതെറ്റി. മണ്ണിനെ നാം മാറ്റിമറിച്ചു. വിത്തെറിയുന്നത് തന്നെ മറന്നു. വയലുകൾ വീടുകളും തെങ്ങിൻതോപ്പുകളുമായി. കൊയ്ത്തും മെതിയും നാടുനീങ്ങി. ഒരുനേരം ഉണ്ണാൻപോലും നമ്മുടെ കയ്യിൽ നെല്ലില്ലാതായി. ഒരു മുളകിൻതൈ നടാനുള്ള മനസ്സുപോലും നമുക്ക് നഷ്ടമായി...

ഈ ഗ്രാമത്തിന്റെ അവസ്ഥയും ഇതുതന്നെ. അന്നശ്ശേരിയിലെ നോക്കെത്താത്ത ദൂരത്തെ വയലുകൾ ഇന്നെവിടെ? പാവയിലെ സമൃദ്ധമായ പച്ചക്കറിത്തോട്ടങ്ങൾ ഓർമകളിൽ മാത്രം.

അന്നശ്ശേരി, തേറുണ്ടത്തോടിന്റെ (അന്നശ്ശേരിപുഴ) ഇരുകരകൾ, എടക്കര, പട്ടർപാലം, പാവയിൽ, മാക്കഞ്ചേരി, പൊറോളിതാഴം, പടന്നക്കളം, പറമ്പത്ത്ചിറ തുടങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ പണ്ട് പ്രധാന നെൽ കൃഷി കേന്ദ്രങ്ങളായിരുന്നു. ഇന്ന് പാവയിൽ, മാക്കഞ്ചേരി, പടന്നക്കളം, പൊറോളിതാഴം എന്നിവിടങ്ങളിൽ വയലുകൾ ഇല്ലാതായി. പറമ്പത്ത്ചിറയിലും എടക്കരയിലും അന്നശ്ശേരിയിലും കൃഷി പേരിന് മാത്രം!

തേറുണ്ടതോട് ആഴംകുറഞ്ഞ് ഇരുകരകളും ഇടിഞ്ഞതിനാൽ സമീപപ്രദേശങ്ങളിലേക്ക് വെള്ളം കവിഞ്ഞൊഴുകി ഇരുനൂറിലധികം ഏക്കർ സ്ഥലത്തെ മുപ്പൂൽ കൃഷി ഇപ്പോൾ ഒരുപ്പൂൽ കൃഷിയായി മാറി. ഇതിന് പുറമെ തലക്കുളത്തൂരിന്റെ നെല്ലറയെന്ന് പണ്ട് വിശേഷിപ്പിച്ചിരുന്ന പാക്കയവൽ (ഏകദേശം 40 ഏക്കർ) കൊല്ലത്തിൽ വെള്ളക്കെട്ട് കാരണം വർഷങ്ങളായി കൃഷിചെയ്യാതെ കിടക്കുന്ന അന്നശ്ശേരിയിലെ 40 ഏക്കറിലധികം വരുന്ന പാക്ക വയൽ.

---

365 ദിവസവും വെള്ളത്തിനടിയിലായി. ഇവിടെ ഭൂമിയുള്ള കർഷകർ കൃഷിചെയ്യാനോ ഭൂമി വിൽക്കാനോ കഴിയാതെ വിധിയെ പഴിക്കുന്നു.

മഴയെ ആശ്രയിച്ചാണ് നമ്മുടെ കൃഷിരീതിയത്രയും. ജലസേചനത്തിന്റെ അപര്യാപ്തത കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കുറ്റ്യാടി ഇറിഗേഷൻ കനാൽ കടന്നുപോകുന്നതിനാലും വള്ളിക്കാട്ട്കാവിൽ വറ്റാത്ത ജലസ്രോതസ്സുള്ളതിനാലും എടക്കര മേഖലയിൽ വെള്ളത്തിന്റെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. വെള്ളത്തിന്റെ ആധിക്യമാണ് ഇവിടെ പ്രശ്നമാവുന്നത്. എന്നാൽ മറ്റുള്ള സ്ഥലങ്ങളിൽ ഇതല്ല സ്ഥിതി. ചീക്കിലോട് ഭാഗത്തുനിന്ന് വരുന്ന ഇറിഗേഷൻ വകുപ്പിന്റെ ഫീൽഡ്ഭോത്തി അന്നശ്ശേരി വഴി വി. കെ. റോഡ് വരെ എത്തിനിൽക്കുന്നുണ്ടെങ്കിലും ഇതിൽ ഇതുവരെയും വെള്ളം വന്നിട്ടില്ല. അത്തോളി വഴി വരുന്ന കനാൽ ഭിത്തികൾ തകർന്നതിനാലും അവിടുത്തെക്കാൾ ഉയരം അന്നശ്ശേരി ഭാഗത്തുള്ളതിനാലുമാണിത്.

ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള 3870 നാമമാത്ര കർഷകരും 2 ഹെക്ടർ വരെ ഭൂമിയുള്ള 10 ചെറുകിട കർഷകരും 2 ഹെക്ടറിന് മുകളിൽ ഭൂമിയുള്ള ആറ് വൻകിട കർഷകരും നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വയംപണിക്കാരായ കർഷകർ കുറവാണ്. ഉള്ളവർതന്നെ എടക്കര, അന്നശ്ശേരി ഭാഗങ്ങളിലാണ് അധികവും. കർഷകത്തൊഴിലാളികൾ 855 പേരുണ്ട്. ഇതിൽ 116 പേർ സ്ത്രീകളാ

ണ്. പുരുഷതൊഴിലാളിക്ക് 100 രൂപ കൂലിയുള്ളപ്പോൾ സ്ത്രീകൾക്ക് 75 രൂപയേ കിട്ടുന്നുള്ളൂ. കാർഷികമേഖലയിൽനിന്ന് തൊഴിലാളികൾ പിൻവാങ്ങുന്ന പ്രവണതയുണ്ട്. തെങ്ങ്കയറ്റ രംഗത്താണ് ഇത് പ്രധാനമായും നിഴലിക്കുന്നത്.

എടക്കര, വള്ളിക്കാട്ട്കാവ്, പാക്കവയൽ, 6-ാംവാർഡ് നെല്ലുൽപാദകസമിതി, ദേവസ്വം എന്നീ നാല് പാടശേഖരകമ്മിറ്റികൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം തീരെ തൃപ്തികരമല്ല. ചിലതിന്റെ പ്രവർത്തനം തന്നെ നിലച്ചിട്ടുണ്ട്.

കോഴിക്കോട് താലൂക്കിൽ ഏറ്റവും കൂടുതൽ പഴം - പച്ചക്കറി ഉൽപാദിപ്പിച്ച പഞ്ചായത്തുകളിലൊന്നായിരുന്നു തലക്കുളത്തൂർ. ഇന്നും ഈ കൃഷിയുണ്ട്; പഴയതിന്റെ കാൽഭാഗത്തോളം. ഇളവൻ, മത്തൻ, വെള്ളരി, കക്കിരി, കൈപ്പക്ക, വെണ്ടക്ക തുടങ്ങിയവയാണ് പ്രധാനം. ഇതാകട്ടെ സീസണിൽ ഒന്നിച്ചുണ്ടാകുന്നു. ഒടുവിൽ വിറ്റഴിക്കാൻ മാർഗംകാണാതെ മാർക്കറ്റിലെ ഇടത്തട്ടുകാർക്ക് തുച്ഛമായ തുകക്ക് ഇത് നൽകേണ്ടിവരുന്നു. ഇതിനുപുറമെ വിത്തും വളവും മറ്റും ആവശ്യമായ സമയത്ത് കർഷകർക്ക് കിട്ടാത്തതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

നേന്ത്രവാഴയുടെ സ്ഥിതിയും ഭിന്നമല്ല. എടക്കരയിൽ നിരവധി ഹെക്ടർ ഈ കൃഷിയുണ്ട്. പച്ചക്കായ വിൽക്കുകയല്ലാതെ മറ്റൊന്നും കർഷകർ ചെയ്യുന്നില്ല. ഇവിടെയും ലാഭംകൊയ്യുന്നത് വ്യാപാരികൾ തന്നെ.

രാസവളത്തിന്റെ അമിതഉപയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠത തന്നെ നശിപ്പിച്ചു. 1995-ൽ 85,321 കിലോ രാസവളം പഞ്ചായത്തിൽ ഉപയോഗിച്ചിട്ടുണ്ട്. 94-95 നെ അപേക്ഷിച്ച് 40 ശതമാനം കൂടുതലാണിത്. കോർപറേഷനിൽനിന്ന് വരുന്ന ആശുപത്രി മാലിന്യങ്ങൾ അടങ്ങിയ കമ്പോസ്റ്റിലെ പ്ലാസ്റ്റിക്ക് കവറുകളും കൃഷിയെ തകർക്കുന്നു. മണ്ണിരകളെക്കൊന്ന് മണ്ണിന്റെ വായുസഞ്ചാരം തകർത്ത് ആ പ്രദേശത്തെ 'മരിച്ച മണ്ണാ'ക്കുന്ന (Dead Soil) ഈ പ്ലാസ്റ്റിക്ക് കവറുകൾ പാവയിൽ, പറപ്പാറ, തൂണുമണ്ണിൽ, എടക്കര എന്നീ പ്രദേശങ്ങൾക്കാണ് ഏറ്റവും വലിയ ഭീഷണി ഉയർത്തുന്നത്. ഇതിനുപുറമെ കർഷകർക്കും പരിസരവാസികൾക്കും ഈ കമ്പോസ്റ്റ് അസുഖങ്ങളും സംഭാവനചെയ്യുന്നു.

തെങ്ങാണ് ഇപ്പോൾ നമ്മുടെ മുഖ്യവിള. 1167 ഹെക്ടർ ഈ കൃഷിയുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. ഒരു തെങ്ങിന്റെ ഉൽപാദനം സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണെന്ന് കണക്ക് ആശ്വാസംകൊള്ളുന്നു. ഇത് പൂർണമായും ശരിയാണെന്ന് തോന്നുന്നില്ല. വയൽ നികത്തി തെങ്ങ്വെച്ച മിക്ക സ്ഥലങ്ങളിലും അത് ലാഭകരമല്ല. അന്നശ്ശേരിയിലെ ഏക്കർ കണക്കിന് വരുന്ന കണ്ടിലാട്ട്വയൽ തന്നെ ഉദാഹരണം. പാവയിലെയും അന്നശ്ശേരിയിലെയും കർഷകരും ഈ യാഥാർത്ഥ്യം ഇപ്പോൾ തിരിച്ചറിഞ്ഞു വരികയാണ്. കൂമ്പുചീയൽ, കറവാർച്ച എന്നീ രോഗങ്ങളും വൻതോതിൽ വർധിക്കുന്നു.

തേങ്ങ വെട്ടി കൊപ്രയാക്കി വിൽക്കുകയാണ് കർഷകർ ചെയ്യുന്നത്. കൂടുതലാളും പച്ചത്തേങ്ങ തന്നെ വിൽക്കുന്നു. കോഴിക്കോട് മാർക്കറ്റ്, കാരന്നൂർ ബാങ്ക് എന്നിവയാണ് പ്രധാന വിപണനകേന്ദ്രങ്ങൾ. മിക്കപ്പോഴും നല്ല വിലകിട്ടുന്നില്ല. കൂടാതെ മഴക്കാലത്ത് കൊപ്രയുണ്ടാക്കാനും സംഭരിച്ചുവെക്കാനും കഴിയാത്തതിനാൽ ചൂഷണം വൻതോതിലാകുന്നു. തേങ്ങയുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽസാധ്യതകൾ ഉപയോഗപ്പെടുത്താൻ പഞ്ചായത്തിലിതുവരെ ഫലപ്രദമായ ഒരു ഇടപെടലും ഉണ്ടായിട്ടില്ല. തൊണ്ട് ഉപയോഗിക്കുന്ന സഹ

മണ്ണിനെ കൊല്ലുന്ന വളപ്രയോഗം: കോർപ്പറേഷനിൽനിന്ന് ലഭിക്കുന്ന ആശുപത്രി മാലിന്യങ്ങൾ നിറഞ്ഞ കമ്പോസ്റ്റ് ഉപയോഗിച്ച പാവയിലെ ഒരു തെങ്ങിൻ ചുവട്ടിൽ കൂടിക്കിടക്കുന്ന പ്ലാസ്റ്റിക് കവറുകൾ

കരണസംഘങ്ങൾ പോലും നമ്മുടെ പഞ്ചായത്തിലെ തൊണ്ട് ശേഖരിക്കാൻ താൽപര്യം കാണിക്കുന്നില്ല.

കുരുമുളക്, കപ്പ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാവിത്ത് തുടങ്ങിയവ പണ്ട് ഇടവിളയായി വൻതോതിൽ ഉൽപാദിപ്പിച്ചിരുന്നു. ഇന്ന് ഇവയും നാമമാത്രമായി. എടക്കര ഭാഗത്ത് കുറച്ച് കമുക് ഇടവിളയായി വളർത്തുന്നുണ്ട്.

നാണ്യവിളകൾ പൊതുവെ കുറവാണ്. എന്നാൽ ഈയിടെയായി റബ്ബർ രംഗത്ത് ചിലർ ശ്രദ്ധചെലുത്തിതുടങ്ങിയിട്ടുണ്ട്. സ്റ്റീഫൻകുന്ന്, തിരുത്തികുന്ന്, എലിയോടുമല തുടങ്ങിയ പ്രദേശങ്ങളിൽ പറങ്കിമാവുകൾ നന്നായി വളരുന്നുണ്ടെങ്കിലും ഇതിനെ ലാഭകരമായ കൃഷിയായി കണ്ട് അഭിവൃദ്ധിപ്പെടുത്താൻ കർഷകർ ശ്രമിക്കുന്നില്ല.

സാധ്യതകൾ

കാർഷികരംഗത്ത് താൽക്കാലികമായ തിരിച്ചടി ഉണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്ത് പൊതുവെ കൃഷിക്കനുകൂലമാണ്. ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ കൃഷിയെ പരിപോഷിപ്പിക്കാനും നിലനിർത്താനും സഹായകമാണ്. മണ്ണിനെ സ്നേഹിക്കുന്ന പഴയ കർഷ

കരുടെ അനുഭവവും മുതൽക്കൂട്ടായുണ്ട്. സംഘകൃഷിയിലൂടെ നവീന കൃഷിരീതികൾ ആവിഷ്കരിച്ച് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ നമുക്ക് പഴയ കാലത്തിലേക്ക് തിരിച്ചുപോകാൻ കഴിയും.

11,000-ത്തോളം വനിതകൾ നമ്മുടെ പഞ്ചായത്തിൽ തൊഴിൽര ഹിതരായിട്ടുണ്ട്. ഇവരെ ഉപയോഗിച്ച് വനിതാ കൃഷിഫാമുകൾ, അടുക്കളത്തോട്ടം, ടെറസ്സ്കൃഷി എന്നിവ പ്രോത്സാഹിപ്പിക്കാൻ കഴിയും. ഇവക്ക് പുറമെ കൂൺ, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയും വളർത്താനാകും.

ശുദ്ധജലമുള്ള തേറുണ്ടതോട് (അന്നശേരിപുഴ), വെള്ളികാളകുളം, മതിലകം ക്ഷേത്രക്കുളം, അന്നശ്ശേരികുളം, പഞ്ചായത്ത്കുളം (ഒന്നാം വാർഡ്), എടക്കരയിലെ തെക്കയിൽകുളം, കോട്ടാങ്കുളം, ഓരിങ്കൽകുളം, വടക്കേടത്തുകുളം, പട്ടർപാലം താമരക്കുളം, പാലോറ ശിവക്ഷേത്രക്കുളം, വള്ളിക്കുളം തുടങ്ങിയവ കൃഷിക്ക് ഉപയോഗപ്പെടുത്താം.

നിർദേശങ്ങൾ

1) കാനത്തിൽതാഴം തുടങ്ങി പാവയിൽ വരെയുള്ള തേറുണ്ട തോടിന്റെ (അന്നശ്ശേരി പുഴ) ഇരുകരകളും കരിങ്കൽകൊണ്ട് കെട്ടി തോടിന്റെ ആഴം കൂട്ടണം. ഇതോടൊപ്പം ചില നീർച്ചാലുകൾ നന്നാക്കുകയും വേണം. ഇതുവഴി ഇരുകരകളിലും നീർക്കെട്ടുള്ള ഇരുനൂറിലധികം ഒരുപ്പൂവൽനിലങ്ങളെ മുപ്പൂവൽനിലങ്ങളാക്കാം. കൂടാതെ കൊല്ലംമുഴുവൻ വെള്ളം കെട്ടിനിൽക്കുന്ന പാക്കവയലിലെ 40 ഏക്കറിലധികം ഭൂമിയെയും മുപ്പൂവൽ നിലങ്ങളാക്കാൻ കഴിയും.



വറ്റാത്ത ജലധാര: എടക്കരയെ ഹരിതാഭമാക്കുന്ന വള്ളിക്കാട്ട് കാവിലെ ജലസ്രോതസ്സ്. കാവിലെ കുരങ്ങന്മാരെയും കാണാം

2) കാനത്തിൽതാഴം വഴി വരുന്ന ഇറിഗേഷൻ വകുപ്പിന്റെ ഫീൽഡ്ഭോത്തിയിലേക്ക് തേറുണ്ടത്തോടിലെ വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി എത്തിച്ചാൽ അന്നശ്ശേരി, വി. കെ. റോഡ് എന്നിവിടങ്ങളിൽ ജലസേചനസൗകര്യം ലഭ്യമാക്കാം. തേറുണ്ടത്തോടിന് മുകളിലൂടെയാണ് (ഉദ്ദേശം 6 മീറ്റർ) ഈ ഫീൽഡ് ബോത്തി പോവുന്നത്. ഈ ജലസേചനസൗകര്യം 6-ാം വാർഡിനും 5-ാം വാർഡിനും ശ്രമിച്ചാൽ 4-ാം വാർഡിനും (അണ്ടിക്കോട് റോഡ് ക്രോസ്ചെയ്താൽ) ഉപയോഗപ്പെടുത്താൻ കഴിയും.

3) വയലുകൾ നികത്തി വീടുകളും തെങ്ങിൻതോപ്പുകളുമുണ്ടാക്കുന്നത് ഗ്രാമപഞ്ചായത്ത് കർശനമായി നിയന്ത്രിക്കണം.

4) അന്നശ്ശേരി കേന്ദ്രമാക്കി പഴം -

കാനത്തിൽതാഴം തുടങ്ങി പാവയിൽ വരെ തേറുണ്ട തോടിന്റെ (അന്നശ്ശേരി പുഴ) ആഴം കൂട്ടി, ഇരു കരകളും കരിങ്കൽഭിത്തി കെട്ടിയാൽ ഇരു കരകളിലെയും 200 ഏക്കറിലധികമുള്ള ഒരുപ്പൂവൽ നിലങ്ങളെ മുപ്പൂവൽ നിലങ്ങളാക്കാം. കൂടാതെ ഒരിക്കലും കൃഷിചെയ്യാൻ കഴിയാത്ത പാക്കവയലിലെ 40 ഏക്കറിലധികം ഭൂമിയേയും മുപ്പൂവൽ നിലമാക്കാം

പച്ചക്കറി കർഷക സഹകരണസംഘവും എടക്കര കേന്ദ്രമാക്കി നേന്ത്രവാഴ കർഷക സഹകരണസംഘവും രൂപീകരിക്കണം. ഈ സംഘങ്ങൾവഴി സ്ത്രീകളെ പങ്കാളികളാക്കി പച്ചക്കറിത്തോട്ടങ്ങളും മറ്റും വ്യാപകമാക്കാനാവും. ചകിരിച്ചോറിൽനിന്നും വളമുണ്ടാക്കി കർഷകർക്ക് നൽകാനും ആവശ്യമായ സമയത്ത് വിത്തുകളെത്തിക്കുവാനും ഈ സംഘത്തിന് കഴിയണം.

5) ജൈവവളം പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശീമക്കൊന്നയും വളച്ചെടികളും നട്ടുവളർത്തണം. വീടുകളിൽ കമ്പോസ്റ്റ് ഉണ്ടാക്കാൻ പ്രോത്സാഹനവും പരിശീലനവും നൽകണം. മണ്ണിര കമ്പോസ്റ്റ്, ചകിരിച്ചോർ കമ്പോസ്റ്റ് എന്നിവ വ്യാപിപ്പിക്കണം. ഇതേസമയം കോർപ്പറേഷനിൽനിന്നും എത്തുന്ന ആശുപത്രി മാലിന്യങ്ങളും പ്ലാസ്റ്റിക്ക് കവറുകളും നിറഞ്ഞ ഗുണംകുറഞ്ഞ കമ്പോസ്റ്റ് ഇറക്കുന്നത് ഗ്രാമപഞ്ചായത്ത് നിയമംമൂലം തടയുകയും വേണം. ഇവ കൃഷിയെ മാത്രമല്ല ജനങ്ങളുടെ ആരോഗ്യത്തെയും നശിപ്പിക്കുന്നവ യാണ്.

6) കൃഷിയെ പ്രോത്സാഹിപ്പിക്കാനായി പഞ്ചായത്ത്തലത്തിൽ കൃഷിവികസന സമിതിയും രൂപീകരിക്കണം. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും മണ്ണ് പരിശോധിക്കുവാൻ കൃഷിഭവൻ നടപടികൾ സ്വീകരിക്കണം. ഇതിനുപുറമെ നവീന കൃഷിരീതികളെക്കുറിച്ചും വിത്തിനെക്കുറിച്ചും മറ്റും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കാനും കഴിയണം.

7) നാളികേരകർഷകനെ സഹായിക്കാനായി സഹകരണാടിസ്ഥാനത്തിൽ കൊപ്രഡ്രയർ ആരംഭിക്കണം. ഇതിനുപുറമെ തേങ്ങയിൽനിന്ന് ഉപോൽപ്പന്നങ്ങൾ ഉണ്ടാക്കണം.

8) വിൽപ്പനയിലെ ഇടത്തട്ടുകാരെ ഒഴിവാക്കാനായി ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ പറമ്പത്ത്, അണ്ടിക്കോട്, പുറക്കാട്ടിരി, അന്നശ്ശേരി, എടക്കര എന്നിവിടങ്ങളിൽ ആഴ്ചച്ചന്തകൾ ആരംഭിക്കണം. ഇവിടെ വിവിധ സഹകരണസംഘങ്ങൾ ഉൽപാദിപ്പിക്കുന്ന സാധനങ്ങളും വിറ്റഴിക്കാവുന്നതാണ്.

9) എടക്കരയിൽ വള്ളിക്കാട്ടുകാവിന് സമീപം എലിയോടുമലയിൽ വിപുലമായ തോതിൽ ഔഷധസസ്യത്തോട്ടം നിർമിക്കണം. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ഇതിന് നേതൃത്വം നൽകണം. ഇതിനുപുറമെ വീടുകളിൽ തെങ്ങ്കൃഷിക്കിടയിൽ ഇടവിളയായി ഔഷധസസ്യങ്ങൾ വളർത്താനും പ്രോത്സാഹനം നൽകണം.

10) പാവയിചീർപ്പിൽ നിന്നും കൊല്ലോലത്ത് ടാർറോഡ് വരെയെത്തുന്ന കൈക്കനാൽ വഴി ശുദ്ധജലം റോഡിന് പടിഞ്ഞാറുവശത്തെത്തിച്ച് ചെന്തോടുമായി ബന്ധപ്പെടുത്തണം. രണ്ട്, മൂന്ന്, നാല് വാർഡുകളിൽ ഈ വെള്ളം ഉപയോഗപ്പെടുത്താനാവും. ഇതിനുവേണ്ടി വരുന്ന മനുഷ്യാധ്വാനം ഗ്രാമപഞ്ചായത്തും പഞ്ചായത്ത് കൃഷിവികസനസമിതിയും ചേർന്ന് കണ്ടെത്തണം.

11) ചരിഞ്ഞ പ്രദേശങ്ങളിൽ ജലസേചനസൗകര്യത്തിന് ഭൂമി തട്ടുകളാക്കി കുഴി നിർമിക്കൽ ഈ രംഗത്ത് നീർമറി വികസനം നടപ്പിലാക്കാം. സന്നദ്ധസംഘടനകൾ വഴി ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തീരപ്രദേശങ്ങളിൽ ഭിത്തി കെട്ടുകയും വേണം.

12) കട്ടൻചിറ ഭാഗത്ത് നിലവിലുള്ള ബണ്ട് റിപ്പയർ ചെയ്ത് ഓവ് നിർമ്മിക്കുക.

13) പുതുക്കാട്ടിൽ കടവിന്റെ തെക്കുഭാഗത്ത് നീർക്കെട്ട് ഒഴിവാക്കാൻ ഓവുചാൽ നിർമ്മിക്കുക.

14) തലപ്പൊയിൽ – പറയംപുറത്ത്താഴം തോട് നിർമ്മിക്കുക.

15) പന്നാറമ്പത്ത്താഴം – പുത്തലത്ത്താഴം തോടിൽ പന്നാറമ്പത്ത്താഴത്തും പുനത്തിൽതാഴത്തും ചീർപ്പ് നിർമ്മിക്കുക.

16) വള്ളിക്കാട്ടുകാവ് – മണ്ണുക്കണ്ടിതാഴം തോട് വീതികൂട്ടി സൈഡ് കെട്ടുക.

17) പട്ടർപാലം പുഴക്ക് സൈഡ് കെട്ടുക.

18) മണ്ണുക്കണ്ടിതാഴം – അത്യാറ് തോട് – പട്ടർപാലം പുഴ വരെ വീതികൂട്ടി സൈഡ് കെട്ടുക.

19) ആലാങ്കോട് ഭാഗത്ത് എലപ്പിയോട് മലയിൽ നിന്നും വരുന്ന തോട് വീതികൂട്ടി എടക്കരതോട് വരെ എത്തിക്കുക.

20) അമ്പലതൊടി, അത്തിയാറ്, കൊച്ചാംവെള്ളിത്താഴം എന്നിവിടങ്ങളിൽ കനാൽവെള്ളം എത്തിക്കുക.

21) മുക്കംകടവിൽ ബണ്ട് നിർമ്മിക്കുക.

22) കോരപ്പുഴക്ക് പുതിയോട്ടിൽ കടവ് – കല്ലായ് അമ്പലം വരെ ഭിത്തി കെട്ടുക.

23) ഫാം റോഡുകളായി താഴെ പറയുന്നവ ഏറ്റെടുക്കണം.

തുരുത്തുയിലേക്ക് പാലവും റോഡും, എരവത്ത്താഴത്ത് 100 മീറ്റർ കനാൽഭാഗം ഫാം റോഡ്, കൂരാച്ചിറ – വളയന്നൂകാവ് – കാലൻകോട്ട് താഴം റോഡ്, തൂണുമണ്ണ് – കക്കുഴിതാഴം റോഡ്, പാവയിൽ – പറപ്പാറ റോഡ്.

24) വാഴനാര് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കൗതുകവസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കുക.

25) കൊപ്രയാട്ട് മില്ല് സ്ഥാപിക്കുക.

26) കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. തലക്കുളത്തൂർ ഭാഗത്ത് ഒരു സബ്സെന്ററർ ഏർപ്പെടുത്തുക.

27) വിത്ത്, നടീൽവസ്തുക്കൾ ഇവ വിതരണംചെയ്യുന്നതിന് നഴ്സറി ഉണ്ടാക്കുക.

28) വായ്പാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുക, സഹകരണ ബേങ്കുകളിൽനിന്നുള്ള കാർഷികവായ്പക്ക് റജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുക.

29) കൃഷിയായുധങ്ങൾ, ഉഴവുയന്ത്രങ്ങൾ, സ്പ്രെയറുകൾ എന്നിവ വാടകക്ക് ലഭ്യമാക്കുക.

30) ഇൻഷൂർ ചെയ്യാത്ത കർഷകർക്കും കൃഷിനഷ്ടത്തിന് സഹായധനം നൽകുക.

31) തെങ്ങുരോഗം ബാധിച്ചവ വെട്ടിമാറ്റാൻ സഹായധനം നൽകുക.

32) ഗ്രൂപ്പ്ഫാമിങ്ങ് ഫലപ്രദമാക്കുക, പാടശേഖരക്കമ്മിറ്റികൾ, കേരവികസനസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഉൽപാദന ബോണസിന് അപേക്ഷ ശേഖരിക്കുകയും വിതരണംചെയ്യുകയും പാടശേഖരക്കമ്മിറ്റികൾ മുഖേനയാക്കിയാൽ കർഷകർക്ക് ഏറെ പ്രയോജനമായിരിക്കും.

33) കനാൽ ഫീൽഡ്ഭോത്തികളുടെ റിപ്പെയർ വർഷംതോറും നടത്തണം.

34) കുന്നിൻപുറങ്ങൾ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കണം. ●

വ്യവസായം

വ്യവസായിക വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും അനുകൂല ഘടകങ്ങളെ വേണ്ടത്ര ഗുണകരമായി ഉപയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പരമ്പരാഗത മേഖലയിലുള്ള ഏതാനും ചെറുകിട വ്യവസായ

യൂനിറ്റുകളല്ലാതെ എടുത്തുപറയത്തക്ക ഒരു വ്യവസായ സംരംഭവും നമ്മുടെ പഞ്ചായത്തിലില്ല.

സഹകരണ സംഘങ്ങൾ കയർ വ്യവസായ രംഗത്തും കൈത്തറി നിർമാണരംഗത്തും ക്ഷീരവ്യവസായ മേഖലയിലും നിലവിലുണ്ട്. പഞ്ചായത്തിലെ നാല് സഹകരണ സംഘങ്ങളിലും സ്വകാര്യമേഖലകളിലുമായി എണ്ണൂറോളം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനത്തിൽ 30 തൊഴിലാളികൾ നേരിട്ട് പ്രവൃത്തിച്ചുവരുന്നു. ഖാദിബോഡിന്റെ നേരിട്ടുള്ള വനിതാ വ്യവസായയൂനിറ്റിൽ 12 പേർക്ക് തൊഴിലവസരം ലഭ്യമാക്കുന്നുണ്ട്. ക്ഷീരവ്യവസായമേഖലയിൽ മൂന്ന് സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ, ഫർണിച്ചർ നിർമാണകേന്ദ്രം, കല്ലുവെട്ട്, ബാഗ്നിർമാണം, റെഡിമെയ്ഡ് വസ്ത്രനിർമാണം, കോഴിഫാമുകൾ എന്നീ ചെറുകിട വ്യവസായങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ വ്യാവസായിക രംഗത്തുള്ള മുരടിപ്പിന് പല കാരണങ്ങളുണ്ട്. അത് വിശകലനം ചെയ്യുകയും പരിഹരിക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വ്യാവസായിക രംഗത്തെ മന്ദത മാറുമെന്ന് മാത്രമല്ല, പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരളവോളം പരിഹരിക്കുവാനും കഴിയും.

പ്രശ്നങ്ങൾ

1 ആധുനികവൽക്കരണത്തിന്റെ അഭാവം.

2 ഉപോൽപ്പന്ന നിർമാണ യൂനിറ്റുകളുടെ അഭാവം.

3 കയർമേഖലയിൽ തൊണ്ടുതല്ലുന്നതിനും ചകിരി പിരിക്കുന്നതിനും തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ.

4 പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് അധ്വാനത്തിനനുസരിച്ചുള്ള പ്രതിഫലം കിട്ടുന്നില്ല. അതിനാൽ ഈ മേഖലയിൽ തൊഴിലാളിലഭ്യതക്കുറവാണ്.

ഡീസൽനിലയം തലക്കുളത്തൂരിൽനിന്നും മാറ്റിയ സാഹചര്യത്തിൽ അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട പ്രദേശം മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റാക്കി മാറ്റണം. ഗതാഗത സൗകര്യം, വൈദ്യുതിയുടെ ലഭ്യത, പ്രാദേശിക വിഭവങ്ങൾ സമാഹരിക്കാനുള്ള സാധ്യത- ഇവ ഇവിടം വ്യവസായകേന്ദ്രം സ്ഥാപിക്കുവാൻ തികച്ചും അനുഗുണമാക്കുന്നു.

5 ഉൽപ്പാദകച്ചെലവിനനുസരിച്ച് ഉൽപ്പന്നങ്ങൾക്ക് പരമ്പരാഗത വ്യവസായമേഖലയിൽ ന്യായമായ വില ലഭിക്കുന്നില്ല.

6 പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത വ്യവസായത്തെ സാരമായി ബാധിക്കുന്നു.

7 കളർ തുണിത്തരങ്ങളുടെ നിർമാണത്തിനാവശ്യമായ 'ഡൈഹൗസ്' ഇല്ല.

8 വ്യവസായ സംരംഭകർക്കാവശ്യമായ ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു.

9 മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

10 വ്യവസായ സംരംഭകർക്കാവശ്യമായ സാമ്പത്തിക, സാങ്കേതിക ഉപദേശങ്ങൾ ലഭിക്കുവാനുള്ള സൗകര്യമില്ലായ്മ ഉണ്ട്.

11 അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധി.

നിർദ്ദേശങ്ങൾ

1) വ്യവസായ സംരംഭകർക്ക് നിർദ്ദേശങ്ങളും സാമ്പത്തികോപദേശങ്ങളും ആവശ്യമായ പരിശീലനവും ലഭ്യമാകാത്തത് വ്യാവസായികമേഖല നേരിടുന്ന വലിയ പ്രശ്നമാണ്. വിവിധയിനം സർക്കാർപദ്ധതികൾ, സാമ്പത്തികസഹായങ്ങൾ ഇവയൊന്നും യഥാസമയം വ്യവസായ സംരംഭകരിൽ എത്തുന്നില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടി വ്യവസായ ഉപദേശകകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം. ചാരിറ്റബിൾ സൊസൈറ്റിയായി ഇതിന് പ്രവർത്തിക്കാൻ കഴിയും.

വ്യവസായ പദ്ധതികൾ തെരഞ്ഞെടുക്കുവാനും രൂപരേഖ തയ്യാ

റാക്കുന്നതിനും ഗൈഡൻസ് സെൻറ റിന് കഴിയണം. ജില്ലാ കൺസൾട്ടൻസി സ്ഥാപനങ്ങളായ കിറ്റ്കോ, എസ് എസ് ഐ വ്യവസായ വാണിജ്യ ഡയര ക്ടറേറ്റ് മുതലായവയുടെ സഹായ ത്തോടെ ആവശ്യമായ ഉപദേശ നിർദ്ദേ ശങ്ങൾ നൽകുവാൻ ഗൈഡൻസ് സെൻററിന് കഴിയും.

2) പഞ്ചായത്തിലെ വ്യാവസായിക മന്ദത അകറ്റുന്നതിനും തൊഴിലവസര ങ്ങൾ ലഭ്യമാക്കുന്നതിനും സഹായക മായവിധത്തിൽ ചെറുകിട വ്യവസായ കേന്ദ്രം സ്ഥാപിക്കണം. ഡീസൽനില യം തലക്കുളത്തൂരിൽനിന്നും മാറ്റിയ സാഹചര്യത്തിൽ അതിനുവേണ്ടി നിർ ദ്ദേശിക്കപ്പെട്ട പ്രദേശം മിനി ഇൻഡസ് ട്രീയൽ എസ്റ്റേറ്റാക്കി മാറ്റണം. ഗതാ ഗത സൗകര്യം, വൈദ്യുതിയുടെ ലഭ്യ ത, പ്രാദേശിക വിഭവങ്ങൾ സമാഹരി ക്കാനുള്ള സാധ്യത- ഇവ ഇവിടം വ്യവ സായകേന്ദ്രം സ്ഥാപിക്കുവാൻ തിക ച്ചും അനുഗുണമാക്കുന്നു.



3) നമുക്ക് സുലഭമായിട്ടുള്ള നാളികേ രം അസംസ്കൃത വസ്തുവാക്കി ആധു നിക കൊപ്ര സംസ്കരണ യൂനിറ്റ് സ്ഥാപിക്കണം- വളരെ വേഗത്തിൽ ഉന്നത നിലവാരമുള്ള കൊപ്ര നിർമി ക്കുവാനും ചിരട്ട ഉപയോഗിച്ച് ആക്ടി വേറ്റഡ് കാർബൺ നിർമ്മിക്കുവാനും കഴിയും. (വൻ വ്യവസായശാലകളിൽ ശുദ്ധീകരണത്തിനായി ആക്ടിവേറ്റഡ് കാർബൺ ധാരാളമായി ഉപയോഗിച്ചു വരുന്നു. കേരളത്തിനകത്തും പുറ ത്തും വളരെ വാണിജ്യപ്രാധാന്യമുള്ള ഉൽപ്പന്നമാണിത്.

4) പഞ്ചായത്തിൽ വെളിച്ചെണ്ണമില്ലു കൾ സ്ഥാപിക്കുക, കുപ്പികളിലും പോ ളിത്തിൻബാഗുകളിലും നിറച്ച് വെളി ച്ചെണ്ണ വിപണനം നടത്തുക. തേങ്ങാ പ്പാൽ ഉപയോഗിച്ചും ഇളനീർ ഉപയോ ഗിച്ചും ശീതളപാനീയ വ്യവസായം ആരംഭിക്കുക, ചകിരിച്ചോറിൽനിന്നും ജൈവവളം, ഇന്ധനം മുതലായവ നിർമ്മിക്കുക.

5) പഞ്ചായത്തിൽ ഇപ്പോൾ നാല് കയർ വ്യവസകയ സഹകരണസംഘ ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കത്തക്കവി ധത്തിൽ ഇവയുടെ പ്രവർത്തനം മെച്ച പ്പെടുത്തണം. ഉൽപ്പാദിപ്പിക്കുന്ന കയറും മറ്റുൽപ്പന്നങ്ങളും ഉപയോഗി ച്ച് ചൂടിപ്പായ, ചവിട്ടി, വിവിധതരം ബ്രഷുകൾ, അലങ്കാരവസ്തുക്കൾ, ഗൃഹോപകരണങ്ങൾ മറ്റു എന്നിവർ നിർമ്മിക്കുന്നതിനുള്ള യൂനിറ്റുകൾ തുടങ്ങണം. ചിരട്ട, ചകിരി, മറ്റു തൊ ണ്ടിൽനിന്ന് ലഭിക്കുന്ന പാഴ്വസ്തു ക്കൾ എന്നിവ ഉപയോഗിച്ച് അലങ്കാര വസ്തുക്കളും ഗൃഹോപകരണങ്ങളും നിർമ്മിക്കുന്ന യൂനിറ്റുകൾ തുടങ്ങണം.

6) പോളിത്തീൻ കവർ, പേപ്പർകവർ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂനി റ്റുകൾ സ്ഥാപിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്ക് ലഭ്യമാകും.

7) പേപ്പർ ഇറക്കുമതിചെയ്ത് ചെറിയ ഒരു കട്ടിങ്ങ്മെഷിൻെറ സഹായ ത്താൽ നോട്ടുബുക്കുകൾ നിർമ്മി ക്കുന്ന ഒന്നോ അതിലധികമോ യൂനി റ്റുകൾക്ക് സാധ്യതയുണ്ട്. പഞ്ചായത്തി ലെയും പുറത്തും ഉള്ള സ്കൂളുകളി ലെ കുട്ടികൾക്ക് കുറച്ചഞ്ഞവിലയിൽ പുസ്തകം വിതരണം ചെയ്യാൻ കഴിയും.

8) പപ്പടനിർമ്മാണത്തിൽ അഭിരുചി യുള്ള ആളുകൾ പഞ്ചായത്തിൽ വിവിധ വാഡുകളിൽ ഉണ്ട്. വിപണന സാധ്യതയും ഉണ്ട്. ഇത്തരം യൂനിറ്റു കൾ തുടങ്ങണം.

9) നമുക്ക് സുലഭമായ നേന്ത്രക്കായ ഉപയോഗിച്ച് ചിപ്സ്, ശർക്കരഉപ്പേരി തുടങ്ങിയവ ഉൽപ്പാദിപ്പിക്കുവാനും വിപണനം നടത്തുവാനും പഞ്ചായ ത്തിൽ സാധ്യതകളുണ്ട്.

10) പഞ്ചായത്തിൽ നന്നായി പാൽ ലഭ്യ മാണ്. പാൽ ഉപയോഗിച്ച് വിവിധതരം ഉൽപ്പന്നങ്ങൾ, തൈര്, മോര്, വെണ്ണ, നെയ്യ്, പേഡ, ചോക്കലേക്ക്, പാൽ പൊടി എന്നിവ നിർമ്മിക്കുന്ന ഒരു യൂനിറ്റിന് പഞ്ചായത്തിൽ സാധ്യതയു ണ്ട്. കൂടാതെ പഴച്ചാറുകൾ, ജാമു കൾ, ശീതളപാനീയങ്ങൾ മുതലായവ നിർമ്മിക്കുന്ന ഫുഡ് പ്രൊസസ്സിങ്ങ് യൂനിറ്റ് ആരംഭിക്കണം.

11) യന്ത്രം ഉപയോഗിച്ചും അല്ലാതെ യും സഹകരണാടിസ്ഥാനത്തിൽ മെറ്റൽ നിർമ്മിക്കുന്ന യൂനിറ്റുകൾ ആരംഭിച്ചാൽ വളരെയധികം തൊഴിൽ സാധ്യതകൾ ഉണ്ടാകും. ഇടത്തട്ടുകാ രെ ഒഴിവാക്കിയാൽ ഉപഭോക്താക്കൾ ക്ക് ന്യായവിലയിൽ സാധനം ലഭ്യമാ കും. കൂടാതെ ഹോളോ ബ്രിക്സ് (Hollow Brickes) നിർമ്മാണ യൂനി റ്റും സ്ഥാപിച്ച് തൊഴിൽസാധ്യത വർദ്ധിപ്പിക്കാം.

12) ഏലിയോട് മലയിലെ ഇരുമ്പ് ഖനനം വൈകാതെ നടപ്പിലാക്കുക.

13) ചെരുപ്പ് നിർമ്മാണയൂനിറ്റ് ആരംഭിക്കുക.

14) വനിതകളുടെ സഹകരണത്തോടെ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ആരംഭിക്കുക.

15) പരമ്പരാഗതമായ കൈത്തൊ ഴിൽ മേഖലയെ പരിപോഷിപ്പിക്കുക. കൈതയോല, വാഴനാര് തുടങ്ങിയവ ധാരാളമായി ലഭ്യമാണ്. ഇവ ഉപയോ ഗിച്ച് കരകൗശല വസ്തുക്കളും ഗാർ ഹികോപകരണങ്ങളും നിർമ്മിക്കുന്ന തിനെ പ്രോൽസാഹിപ്പിക്കുക.

അനുബന്ധ വ്യവസായങ്ങൾ

കാർഷികമേഖലയിലും മൃഗസം രക്ഷണരംഗത്തും മൽസ്യബന്ധന മേ ഖലയിലും ധാരാളം വ്യാവസായിക സാധ്യതകൾ ഉണ്ട്. (വിശദവിവരങ്ങൾ അതാത് വിഭാഗങ്ങളിൽ പരാമർശിച്ചി ട്ടുണ്ട്).



മൃഗപരിപാലനം

കാർഷികപ്രധാനമായ ഒരു പ്രദേശം എന്ന നിലയിലും അനുഗുണമായ ഭൂമിശാസ്ത്രപരതകൊണ്ടും നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക മേഖലയിലെ ഒരു പ്രധാന ഉപമേഖലയാണ് മൃഗപരിപാലനം. എന്നാൽ ഈ അനുകൂലസാഹചര്യത്തെ ഉപയോഗപ്പെടുത്തി മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പൂർവ കാലത്ത് മൃഗപരിപാലനത്തിന് വലിയ പങ്കുണ്ടായിരുന്നതായി പഴമക്കാരിൽനിന്ന് അറിയുന്നു. നഗരസംസ്കാരത്തിന്റെ തള്ളിക്കയറ്റം കാർഷികസംസ്കാരത്തെ അനുദിനം തകർത്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അനുബന്ധമെന്നപോലെ കന്നുകാലിമേഖലയും നാശത്തെ നേരിടുന്നു.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ ആട്, പശു എന്നിവയാണ്. ആകെയുള്ള 1593 പശുക്കളിൽ 46% നാടൻ ഇനങ്ങളാണ്. ഇവയിൽ കറവുള്ള 396 നാടൻപശുക്കളും 582 സങ്കരയിനം പശുക്കളുമുണ്ട്. പഞ്ചായത്തിൽ വളർത്തുന്ന ആകെയുള്ള എട്ട് എരുമകളും കറവയുള്ളവയാണ്.

ഏറെ തൊഴിൽസാധ്യതയും നല്ല വരുമാനസാധ്യതയുമുള്ള ക്ഷീരോല്പാദന മേഖലയെ പരിപോഷിപ്പിക്കേണ്ടതുണ്ട്. വീടുമായി ബന്ധപ്പെട്ടുകൊണ്ടല്ലാതെ വലിയതോതിലുള്ള ആട്, പശു ഫാമുകളൊന്നും പഞ്ചായത്തിൽ നിലവിലില്ല. മൃഗപരിപാലനത്തിൽ താല്പര്യമുള്ള ആളുകളെ പ്രമോട്ടുചെയ്യുന്നതിനുള്ള സംഘടിത പ്രവർത്തനത്തിന്റെ അഭാവം ഈ രംഗത്ത് മുഴച്ചുനിൽക്കുന്നു. ഉല്പാദനക്ഷമത കൂടിയ സങ്കരയിനം പശുക്കളിൽനിന്നും ലക്ഷ്യംവെച്ച അളവിലുള്ള പാൽ ലഭിക്കുന്നില്ല. കാലിത്തീറ്റയുടെ താങ്ങാനാവാത്ത വില, ശാസ്ത്രീയമായ പരിചരണത്തെക്കുറിച്ചുള്ള അജ്ഞത എന്നിവ ഇതിന് കാരണങ്ങളാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു സബ്സെന്ററും രണ്ട് ബീജാധാന ഉപകേന്ദ്രങ്ങളും നിലവിലുണ്ട്. സബ്സെന്റർ ഇപ്പോൾ

പട്ടിക - 1

കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ	
വിത്തുകാള	മറ്റുള്ളവ	വിത്തുകാള	മറ്റുള്ളവ	കറവയുള്ളത്	കറവ ഇല്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്
-	80	3	ഇല്ല	396	340	582	275	8	-

പട്ടിക -2 (1995-96)

അവലംബം: കന്നുകാലി സെൻസസ് -96

ക്ര. ന.	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ	ആകെ
1	ദഹന സംബന്ധമായവ	521	-	220	-	-	945	-	-	-	0.6	-
2.	ശ്വാസകോശ സംബന്ധം	104	-	57	-	-	518	-	-	-	-	-
3.	ഉപാപചയ സംബന്ധം	59	-	13-	-	-	-	-	-	-	-	-
4.	ത്വക്രോഗങ്ങൾ	120	-	38	-	2	-	-	-	-	-	
5.	ധാതുലവണങ്ങളുടെ അഭാവം	173	-	60	-	-	-	-	-	-	-	
6.	പരാദരോഗങ്ങൾ	694	-	114	-	-	766	-	-	2	-	-
7.	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	214	-	67	-	-	-	-	-	-	-	-
8.	വന്ധ്യത	0.5	-	0.1	-	-	-	-	-	-	-	-
9.	അകിടുവീക്കം	94	-	45	-	-	-	-	-	-	-	-
10.	മുടന്തൻ പനി	42	-	-	-	-	-	-	-	-	-	-
11.	പകർച്ചവ്യാധികൾ	-	-	-	-	-	-	-	-	-	-	-

മൃഗാശുപത്രിയിൽതന്നെയാണ് പ്രവർത്തിക്കുന്നത്. സബ്സെൻററിൽ ഒരു ലൈവ്സ്റ്റോക്ക് അസിസ്റ്റൻറും മൃഗാശുപത്രിയിൽ ഒരു ഡോക്ടറുമുണ്ട്. എന്നാൽ സ്ഥിരമായി നിയമിക്കപ്പെടാത്തതിനാൽ ആഴ്ചയിൽ രണ്ടുദിവസം മാത്രമാണ് ഡോക്ടറുടെ സേവനം ലഭിക്കുന്നത്.

വിപണനമേഖലയിൽ ക്ഷീരകർഷകർ വെല്ലുവിളിയെ നേരിടുന്നുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സൊസൈറ്റി മിൽമയുടെ നിർദേശത്തിൻകീഴിലാണ് പ്രവർത്തിക്കുന്നത്. മൂന്നിടങ്ങളിൽ മാത്രമാണ് പാൽ സംഭരണകേന്ദ്രങ്ങളുള്ളത്. പ്രാദേശിക ഉപഭോഗത്തിന് പ്രാധാന്യം നൽകാതെ, സംഭരിക്കുന്ന പാലിൻെറ വലിയ ഒരു പങ്ക് മിൽമയുടെ സംസ്കരണകേന്ദ്രത്തിലേക്ക് കൊണ്ടുപോവുന്നു. മിൽമയുടെ നിർദേശത്തിൻകീഴിൽ നൽകിവരുന്ന പാൽ വില കാലിസംരക്ഷണച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഒട്ടും തൃപ്തികരമല്ല എന്നാണ് കർഷക



രിൽനിന്നും ഗ്രാമസഭകളിൽനിന്നും മുഴങ്ങിക്കേട്ടത്.

പച്ച പുൽകൃഷി നടത്തുന്നതിനുള്ള സാഹചര്യങ്ങൾ പഞ്ചായത്തിലേറെയുണ്ടെങ്കിലും വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. വൻതോതിൽ പച്ചപ്പുല്ല് വളർത്തുകയും അത് കേടുവരാതെ സൂക്ഷിക്കാനുള്ള സൈലേജ് പദ്ധതിക്ക് രൂപം നൽകുകയും ചെയ്താൽ കാലിത്തീറ്റയുമായി ബന്ധപ്പെട്ട പ്രതിസന്ധിക്ക് പരിഹാരംകാണാവുന്നതാണ്.

മാംസോല്പാദനമേഖല:

മുട്ടയുടെയും മാംസത്തിൻെറയും കാര്യത്തിൽ വലിയ ഒരു വിപണി തന്നെ നമ്മുടെ പഞ്ചായത്തിലുണ്ട്. ആവശ്യമുള്ളതിൻെറ ചെറിയ ഒരു അംശംപോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. 'ചണ്ടിക്കോഴി'കളെന്ന പേരിലറിയപ്പെടുന്ന ഇറക്കുമതി കോഴികളാവട്ടെ ഒട്ടും പോഷകഗുണമുള്ളതല്ല എന്ന് മാത്രമല്ല ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നവയുമാണ്. പഞ്ചായത്തിൽ ഏഴ് ചെറുകിട കോഴി ഫാമുകൾ മാത്രമേയുള്ളൂ.

പട്ടിക - 3

ആട്	പൂവൻകോഴി	പിടക്കോഴി		താറാവ്	
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ
2000	3000	7600	4000	-	100

പ്രശ്നങ്ങൾ

1. വിപുലമായ രീതിയിൽ കന്നുകാലി, ആട്, കോഴി തുടങ്ങിയവ വളർത്തപ്പെടുന്നില്ല.
2. വ്യാപ്തിപോരാ. ആവശ്യമുള്ള കന്നുകാലികളെ വളർത്താൻ കർഷകർക്ക് പ്രാപ്തരാണെങ്കിലും.
3. വിള വ്യത്യാസമില്ലാതെയും വിപണന സൗകര്യമില്ലാതെയും.
4. കാലിത്തീറ്റയുടെ വില താങ്ങാനാവാത്തതിനാൽ കുത്തിച്ചുയരുന്നു.
5. രോഗപ്രതിരോധമാർഗങ്ങളും ചികിത്സാസൗകര്യങ്ങളും പര്യാപ്തമല്ല.
6. വായ്പയെങ്കിൽ നൽകിവരുന്ന ധനസഹായങ്ങൾ യഥാർഥ കർഷകന് കിട്ടുന്നുവെന്നും ഉദ്ദിഷ്ട കാര്യത്തിന് ഉപയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നില്ല.
7. മുട്ട്, പാൽ മുതലായവയെ വളർത്തുവാൻ ഒരു ശ്രമവും നടക്കുന്നില്ല.
8. പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള സഹകരണസംഘം നിലവിലില്ല.

നിർദ്ദേശങ്ങൾ

മൃഗപരിപാലന മേഖലയിലെ കർഷകർ ഛിന്നഭിന്നമായിക്കിടക്കുന്ന അവസ്ഥയിൽ കാര്യങ്ങൾ ചർച്ചചെയ്യാനും മനസ്സിലാക്കാനുമുള്ള വേദിയില്ല. ഇതിന് മാറ്റംവരികയും ഈ മേഖലയിലെ കർഷകർക്ക് ഏകീകൃത സ്വഭാവം ഉണ്ടാവുകയും ചെയ്താൽ നമ്മുടെ മൃഗപരിപാലന മേഖലയിൽ നിലവിലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തിക്കൊണ്ടുമാത്രം സമൂലമായ മാറ്റം ഉണ്ടാക്കാവുന്നതാണ്.



ക്കിയെടുക്കേണ്ടതുണ്ട്.

1) പഞ്ചായത്തിലെ മുഴുവൻ കർഷകരുടെയും യോഗം വിളിച്ചുചേർത്ത് പ്രാദേശിക ക്ഷീരവികസനസമിതിക്ക് രൂപംനൽകുക.
2) കർഷകർക്കുവേണ്ടി പ്രാദേശികതലത്തിൽ പരിശീലനക്ലാസുകൾ നടത്തുക.
3) കൃത്രിമ ബീജാധാനത്തിനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുക.
4) വിവിധ പ്രദേശങ്ങളിൽ കേമ്പ്ചെയ്ത് രോഗപ്രതിരോധ കുത്തിവെപ്പ് നടത്താൻ വേണ്ട നടപടികൾ ഒകെക്കൊള്ളുക.
5) ലോണുകൾ കർഷകർക്ക് ലഭിക്കുന്നതിലുള്ള കാലതാമസവും തടസ്സവും പരിഹരിക്കുന്നതിന് ബേങ്കുകളുടെ പൂർണസഹകരണം ഉറപ്പു വരുത്തുക.
6) കടമെടുത്തവർ ഉദ്ദിഷ്ടകാര്യത്തിന് പണം ചെലവഴിക്കുന്നുവെന്നും കടം തിരിച്ചടക്കുന്നുവെന്നും ഉറപ്പുവരുത്തുക.
7) നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനമേഖല പഞ്ചായത്തിൽ മുഴുവനുമായി വിപുലപ്പെടുത്തുക. സംഭരണ-വിതരണകേന്ദ്രങ്ങളുടെ എണ്ണം വർധിപ്പിക്കുക.
8) കന്നുകാലി തീറ്റകൾ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക, ബ്ലോക്കുതലത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂനിറ്റിന് രൂപംനൽകാവുന്നതാണ്.
9) കുറഞ്ഞ വിലക്ക് കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാതലത്തിൽ 'ഹാച്ചറികൾ'ക്ക് രൂപംനൽകുക.
10) ചാണകം ഉപയോഗിച്ച് ഗ്യാസ് പ്ലാൻറുകളുണ്ടാക്കുന്നതിനും ജൈവവള നിർമ്മാണത്തിനും പ്രോത്സാഹനങ്ങൾ നൽകുക.
11) മൃഗാശുപത്രി സജീവമാക്കുക.
12) എടക്കര മേഖലയിലും ഒന്ന്, രണ്ട്, മൂന്ന്, 10, 11 വാഡുകളെ കേന്ദ്രീകരിച്ചും രണ്ട് സബ്സെൻററുകൾ ആരംഭിക്കുക.
13) വീടുകളിൽ വളർത്തുന്ന പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുകയും ലൈസൻസ് നൽകുകയും ചെയ്യുക.
14) അന്നശ്ശേരി എടക്കര മേഖലയെ 'ക്ഷീരമേഖല'യായിപ്രഖ്യാപിക്കുക, സഹകരണാടിസ്ഥാനത്തിൽ ഒരു കന്നുകാലി ഫാം എടക്കര-അന്നശ്ശേരി മേഖലയിൽ ആരംഭിക്കുക, പഞ്ചായത്തിൽ ആവശ്യമുള്ള പാൽ ഉല്പാദിപ്പിക്കാനും പഞ്ചായത്തിൽത്തന്നെ വിതരണം ചെയ്യാനും ഇതുമൂലം കഴിയും. വിവിധ മേഖലയിൽ തൊഴിൽ പ്രദാനംചെയ്യാനും ഇതുമൂലം കഴിയും.

മത്സ്യബന്ധനം

പുഴകൾകൊണ്ടും തോടുകൾ കൊണ്ടും അനുഗൃഹീതമാണ് നമ്മുടെ പഞ്ചായത്ത്. കടലോരമില്ലെങ്കിലും അറബിക്കടലിൽ സംഗമിക്കുന്ന കോരപുഴയും കോരപുഴയിൽ വന്നുചേരുന്ന അകലാപുഴയും നമ്മുടെ പഞ്ചായത്തിനെ ഏതാണ്ട് വലയംചെയ്തിരിക്കുന്നു. പടിഞ്ഞാറുഭാഗം വടക്കെ അതിർത്തി വള്ളിൽകടവ് മുതൽ തെക്കു പുതുക്കാട്ടിൽ കടവുവരെ ഏതാണ്ട് 5 കിലോമീറ്ററും തെക്കുഭാഗം കിഴക്ക്പടിഞ്ഞാറായി പാവയിൽ ചീർപ്പുവരെയുള്ള 5 കിലോമീറ്ററും ഉൾക്കൊള്ളുന്ന ഉപ്പുകലർന്ന ഈ ജലവ്യൂഹത്തിൽ വേലിയേറ്റത്തിന് കടൽ മത്സ്യമെത്തിചേരുന്നു. പടിഞ്ഞാറെ ഭാഗത്തെ കണ്ടലുകളും കരയിലേക്ക് തള്ളിനിൽക്കുന്നതും കുത്തൊഴുക്കില്ലാത്തതുമായ പുഴഭാഗങ്ങളും മത്സ്യങ്ങൾക്ക് വളരാനുള്ള അനുകൂലഘടകങ്ങളാണ്.

കിഴക്കെ അതിർത്തിയിൽ പാവയിൽ ചീർപ്പിന് മേൽഭാഗത്തായി വളയന്നൂർ കാവ് താഴം വരെ ഏതാണ്ട് ഒരു കിലോമീറ്ററോളം നിളത്തിൽ 57 ഏക്കർ വിസ്തൃതിയുള്ള ശുദ്ധജലതടാകമാണ്. നമ്മുടെ പഞ്ചായത്തിനെ കാക്കൂർ, ചേളന്നൂർ പഞ്ചായത്തുകളിൽനിന്ന് വേർതിരിച്ചുകൊണ്ട് കാക്കൂർ ഭാഗത്തുനിന്ന് പടിഞ്ഞാറോട്ടൊഴുകുന്ന പട്ടർപാലം പുഴയും അത്തോളി പഞ്ചായത്തിൽ നിന്നെത്തി അന്നശ്ശേരിയെ വിഭജിച്ചുകൊണ്ട് തെക്കോട്ടൊഴുകുന്ന അന്നശ്ശേരി തോടും ഈ ജലാശയത്തെ സമ്പന്നമാക്കുന്നു. കൂടാതെ ചെറുതും വലുതുമായ ഒട്ടേറെ കുളങ്ങളും കൈത്തോടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കണല, കോര, വെട്ടൻ, പൊരുന്നൽ, ഞണ്ട്, ചെമ്മീൻ (കാരയും നാരനും) എന്നിവ ഉപ്പുവെള്ളത്തിൽ മാത്രവും, മാലാൻ, പൂളാൻ, ഇരുമ്പൻ, പ്രാച്ചി, ചെമ്പല്ലി, തിരുത എന്നിവ ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും ഒരുപോലെയും വളരുന്നു. ചേറുമ്പൻ, വരാൽ, മുഴു, കടു, വാള, കടുങ്ങാലി, കോലി, മഞ്ഞളേട്ടി, തൂറ്റുകൊഞ്ച് തുടങ്ങിയവ ശുദ്ധജലത്തിൽ മാത്രം കണ്ടുവരുന്നു. 'വരാൽ' മത്സ്യരോഗം കാരണം വംശനാശം നേരിട്ടുകൊണ്ടിരിക്കുന്നു.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഏതാണ്ട് 250 പേർ ഈ പഞ്ചായത്തിൽ ഉപജീവനം കഴിക്കുന്നതായി കണക്കാക്കപ്പെടുത്തുന്നു. ചുരുക്കംപേർ ഐ.ആർ.ഡി.പി. ലോൺ ഉപയോഗപ്പെടുന്നുണ്ട്. ഒരുവർഷം ശരാശരി അരക്കോടി രൂപയുടെ മത്സ്യം പിടിക്കുന്നുണ്ടെന്ന് അനുമാനിക്കാം. പഞ്ചായത്തിൽ ഏറ്റവുംകൂടുതൽ വിപണനം നടക്കുന്നത് കടൽമത്സ്യങ്ങൾ തന്നെയാണ്. പഞ്ചായത്തിൽ ഏഴിടങ്ങളിൽ കേന്ദ്രീകരിച്ച മത്സ്യവില്പന ഉണ്ടെങ്കിലും പറമ്പത്തങ്ങാടിയിൽ മാത്രമാണ് മത്സ്യമാർക്കറ്റുള്ളത്. ഇതാവട്ടെ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ലതാനും.

പടിഞ്ഞാറെ ഭാഗത്തെ കണ്ടലുകളും കരയിലേക്ക് തള്ളിനിൽക്കുന്നതും കുത്തൊഴുക്കില്ലാത്തതുമായ പുഴഭാഗങ്ങളും മത്സ്യങ്ങൾക്ക് വളരാനുള്ള അനുകൂലഘടകങ്ങളാണ്.

പ്രശ്നങ്ങൾ:

1) പുഴയിലെ മത്സ്യസമ്പത്ത് ഭീഷണമായ രീതിയിൽ കുറഞ്ഞുവരികയാണ്.

2) കീടനാശിനി - രാസവളപ്രയോഗങ്ങൾ മത്സ്യനാശത്തിന് കാരണമാകുന്നു.

3) ശുദ്ധജലാശയങ്ങൾ പായൽ നിറഞ്ഞും മണ്ണ് നികന്നും നശിക്കുന്നു.

4) മഴക്കാലത്ത് മത്സ്യരോഗങ്ങൾ കണ്ടുവരുന്നു.

5) അശാസ്ത്രീയമായുള്ള മത്സ്യബന്ധനം, പ്രജനനകാലത്തെ മത്സ്യബന്ധനം, ചെറുമത്സ്യക്കുഞ്ഞുങ്ങളും മുട്ടകളും നശിച്ചുപോകാൻ ഇടയാക്കുന്നു.

6) പിടിക്കുന്ന മത്സ്യങ്ങൾ കേടുവരാതെ സൂക്ഷിക്കാനുള്ള സൗകര്യക്കുറവ്.

7) മത്സ്യബന്ധനത്തിന് അനുയോജ്യമല്ലാത്ത സമയങ്ങളിൽ ഇറങ്ങുന്നതുകാരണം ചൂഷണം ചെയ്യപ്പെടുന്നു.

8) എല്ലാ മത്സ്യത്തൊഴിലാളികളും ക്ഷേമനിധിയിൽ ചേർന്നിട്ടില്ല.

9) ഓരുജല-ശുദ്ധജല മത്സ്യകൃഷിയെപ്പറ്റിയുള്ള ശാസ്ത്രീയമായ അറിവ് മത്സ്യത്തൊഴിലാളികൾക്ക് ഇല്ല.

10) മത്സ്യത്തൊഴിലാളി സഹകരണസംഘം നിലവിലില്ല.

11) എല്ലാ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നില്ല.

12) പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ ഇല്ല.

13) മത്സ്യഭവൻ പദ്ധതികൾ ഫണ്ടുണ്ടെങ്കിൽ നടപ്പിലാക്കുന്ന പ്രവർത്തനമായതിനാൽ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നില്ലെന്നു മാത്രമല്ല, ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ചിട്ടപ്പെടുത്താനും കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

1) പഞ്ചായത്ത് തലത്തിൽ മത്സ്യവിഭവസംരക്ഷണത്തിന് രൂപം നൽകുക.

2) മത്സ്യകൃഷിക്ക് ഫലപ്രദമായ നിലവിലുള്ള സാധ്യതകളെപ്പറ്റി പഠനങ്ങൾ നടത്തുകയും താല്പര്യമുള്ള കർഷകരെ കണ്ടെത്തി പരിശീലനം കൊടുക്കുകയും ചെയ്യുക. മത്സ്യങ്ങൾ ഏതൊക്കെ



നടത്തുകയുംചെയ്യുക.

3) പാവയിൽ പ്രദേശത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള 57 ഏക്കർ ശുദ്ധജലാശയത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപുലമായ ശുദ്ധജല മത്സ്യകൃഷി ആരംഭിക്കുക.

4) ഫിഷറീസ് ഡിപ്പാർട്ട്മെൻറ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുള്ള സാമ്പത്തികസഹായം മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.

5) സ്വകാര്യ ഉടമസ്ഥതയിലുള്ള തോടുകളിലും കുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് മത്സ്യക്കുഞ്ഞുങ്ങൾ, സാമ്പത്തിക സഹായം എന്നിവ ലഭ്യമാക്കുക.

6) 10-ാം വാർഡിലെ പാണൻമൂട് ഭാഗത്തുള്ള 18 ഏക്കർ വരുന്ന ജലപ്രദേശത്തും, അണ്ടിക്കോട് ഭാഗത്തെ വിശാലമായ കെട്ടിലും കാരനാരൻ, ചെമ്മീൻ കൃഷി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

7) പാവയിൽ ഭാഗത്തെ ശുദ്ധജലതടാകത്തിൽ ആറ്റുകൊഞ്ചു വളർത്താൻ സൗകര്യംചെയ്യുക.

8) പഞ്ചായത്തിൽ ഓര് മത്സ്യ

പാവയിൽ പ്രദേശത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള 57 ഏക്കർ ശുദ്ധജലാശയത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപുലമായ ശുദ്ധജല മത്സ്യകൃഷി ആരംഭിക്കുക.

ആറ്റ് ചെമ്മീൻ കൃഷിക്ക് വൻസാധ്യതയുള്ള പാവയിലെ 57 ഏക്കർ വരുന്ന ശുദ്ധജലതടാകം

സംസ്കരണ യൂനിറ്റ് സ്ഥാപിക്കുക.

9) അരിപ്പവല തുടങ്ങിയ മത്സ്യബന്ധനോപകരണവും പ്രജനനകാലത്തെ മത്സ്യബന്ധനവും കർശനമായി നിരോധിക്കുക.

10) മഴക്കാലത്ത് കണ്ടുവരുന്ന മത്സ്യരോഗങ്ങൾ നിർണ്ണയിച്ച് പരിഹാരനടപടികൾ ആരംഭിക്കുക.

11) മത്സ്യവളർച്ചയ്ക്കും, സംരക്ഷണത്തിനും മാത്രമല്ല നമ്മുടെ നാനാതരം ആവശ്യങ്ങൾക്കും ഉപയുക്തമാകേണ്ട ജലസമ്പത്ത് സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണങ്ങളും വ്യാപകമായ ബോധവൽക്കരണവും നടത്തുക.

12) മത്സ്യകൃഷിക്കും, മത്സ്യബന്ധന വിപണനമേഖലകളിലെ തൊഴിലാളികൾക്കും വേണ്ടിയുള്ള സഹായം യഥാർഥ ഗുണഭോക്താവിലെത്തിക്കുവാനും പ്രസ്തുത സഹായങ്ങൾ, ഉദ്ദിഷ്ടകാര്യത്തിന് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ്വരുത്താനും ശ്രദ്ധിക്കുക.

13) മുഴുവൻ മത്സ്യത്തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക. ●

സഹകരണ മേഖല

ജനങ്ങളുടെ കൂട്ടായ്മ വർധിക്കുകയും വികസനപ്രശ്നങ്ങളോടുള്ള അവരുടെ സമീപനം മാറിവരികയും ചെയ്യുന്ന ഈ കാലത്ത് നാടിന്റെ പുരോഗതിക്ക് ഏറെ സാധ്യതകൾ ഉള്ള മേഖലയാണ് സഹകരണം. നമ്മുടെ പഞ്ചായത്തിലാകട്ടെ സഹകരണരംഗം ശക്തിപ്രാപിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുപാടുണ്ട്. എന്നിട്ടും ഈ സമ്പത്ത് നാടിനും നാട്ടുകാർക്കും ഗുണപ്രദമായി മാറ്റിയെടുക്കാൻ നമുക്കാവുന്നില്ല.

പഞ്ചായത്തിന്റെ അടിസ്ഥാന വികസന രംഗത്ത് സഹകരണമേഖല ഒരു സ്വാധീനവും ചെലുത്തുന്നില്ല. ക്ഷീരവികസനം, കൈത്തറി, കയർ എന്നീ രംഗത്ത് ഏതാനും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ജനജീവിതത്തിൽ കാതലായ മാറ്റമുണ്ടാക്കാൻ ഇവക്ക് കഴിയുന്നില്ല. ചില സംഘങ്ങൾ ചത്തതിന് തുല്യം ജീവിക്കുന്നവയുമാണ്.

1964 മുതൽ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം നിലവിലുണ്ട്. ചക്കരനിർമ്മാണ സഹകരണ സംഘം, അന്നശ്ശേരിയിലെ മൺപാത്ര നിർമ്മാണ സഹകരണസംഘം എന്നിവയായിരുന്നു ആദ്യം ഉടലെടുത്ത ജനകീയ സംരംഭങ്ങൾ. ഇതിന് ശേഷം നീണ്ട 32 വർഷം കഴിഞ്ഞു. ഇപ്പോഴും സഹകരണസംഘങ്ങളുടെ എണ്ണം വിരലിലെണ്ണാവുന്നവ മാത്രം!

കാർഷിക-വ്യാവസായിക മേഖലയിൽ ഒരൊറ്റ സംഘംപോലുമില്ല. സ്വാതന്ത്ര്യസമ്പാദന കാലത്ത് ആരംഭിച്ച കാരന്നൂർ പി സി സി സൊസൈറ്റി കാരന്നൂർ സർവ്വീസ് സഹകരണ ബേങ്കായി ഉയർന്നതാണ് പ്രധാന മാറ്റം. എന്നാൽ ഇതിന്റെ ഗുണം പഞ്ചായത്തിന് കാര്യമായി ലഭിക്കുന്നുമില്ല. ബേങ്കിന്റെ ആസ്ഥാനം എലത്തൂരിലാണ്. മാത്രമല്ല പഞ്ചായത്തിലെ 7-8 വാർഡുകൾ ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിലല്ല. ഇവിടെ കൊയിലാണ്ടി സർവ്വീസ് ബേങ്കാണ് പ്രവർത്തിക്കുന്നത്.

കോഴിക്കോട് താലൂക്കിൽ ഏറ്റവുമധികം പച്ചക്കറി കൃഷിചെയ്യുന്ന പഞ്ചായത്താണ് തലക്കുളത്തൂർ. നാളികേരത്തിന്റെ ഉൽപ്പാദനത്തിലും നാം മുന്നിൽ തന്നെ. തേങ്ങ വെട്ടി പരമ്പരാഗത രീതിയിൽ കൊപ്രയാക്കി മാർക്കിറ്റിലോ, കാരന്നൂർ സർവ്വീസ് സഹകരണ ബേങ്കിലോ വിൽക്കുകയാണ് കർഷകർ ചെയ്യുന്നത്. മഴക്കാലത്ത് കൊപ്ര ഉണ്ടാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ കച്ചവടക്കാർപോലും തേങ്ങ വാങ്ങാറില്ല. അപ്പോൾ ന്യായവില കിട്ടാതെയും തേങ്ങ വിൽക്കാനാവാതെയും കർഷകർ ബുദ്ധിമുട്ടുന്നു.

കയർ രംഗത്ത് 4 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. (1) തലക്കുളത്തൂർ കയർ സഹകരണ സംഘം, (2) അന്നശ്ശേരി കയർ സഹകരണസംഘം, (3) പുറക്കാട്ടിരി കയർ സഹകരണസംഘം, (4) പടന്നക്കളം കയർ സഹകരണസംഘം (വിശദവിവരങ്ങൾക്ക് പട്ടിക-1 ശ്രദ്ധിക്കുക) ഇതിനുപുറമെ പാവയിൽചീർപ്പിൽ കടലാസിൽ മാത്രമുള്ള ഒരു സംഘവുമുണ്ട്. തൊണ്ട് പൂഴ്ത്താൻ 14 കി.മീറ്ററോളം നീളത്തിൽ ഉപ്പുവെള്ളമുള്ള പുഴയോരം പഞ്ചായത്തിന്റെ ചുറ്റിലുമായുണ്ട്. സമീപ പഞ്ചായത്തുകളിൽനിന്ന് സുലഭമായി തൊണ്ട് കിട്ടാനുള്ള സാധ്യതയും. എന്നിട്ടും ഈ സംഘങ്ങൾ വേണ്ടവിധം വളർന്നിട്ടില്ല. അന്നശ്ശേരി സംഘം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കയറുണ്ടാക്കി വിൽക്കുകയെന്ന ഒറ്റ പ്രവർത്തിയല്ലാതെ മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഒറ്റസംഘവും ധൈര്യം കാട്ടുന്നില്ല. തൊണ്ട് തല്ലുന്ന ജോലിയിലേക്ക് പുതുതായി സ്ത്രീകൾ കടന്നുവരുന്നില്ലെന്ന് ബോധ്യമായിട്ടും യന്ത്രവത്കരണത്തെ ഉപയോഗപ്പെടുത്താൻ ഈ രംഗം ഇന്നും മടിച്ചുനിൽക്കുകയാണ്.

പഴം-പച്ചക്കറി രംഗത്ത് നൂറ് കണക്കിനാളുകൾ തൊഴിലെടുക്കുന്നു. വാഴ, ഇളവൻ, വെള്ളരി, മഞ്ഞൾ, കക്കിരി, വെണ്ട, കയ്പ തുടങ്ങിയവയാണ് പ്രധാന കൃഷി. ഇനിയും ധാരാളം പേർക്ക് തൊഴിൽനൽകാനും, ഉൽപ്പാദനം പലമടങ്ങ് വർദ്ധിപ്പിക്കാനും കഴിയും. ഒരു സഹകരണസംഘത്തിന് ഈ മേഖലയിൽ പലതും ചെയ്യാനാവും.

ചുറ്റും പുഴകളും പാവയിൽ 57 ഏക്കർ വിസ്തൃതിയുള്ള ശുദ്ധജല തടാകവും, ഈ തടാകത്തിൽ എത്തിച്ചേരുന്ന മൂന്ന് കിലോമീറ്ററോളം നീളമുള്ള തോടും നമ്മുടെ മത്സ്യമേഖലയുടെ അമൂല്യനിധിയാണ്. 240-ലധികം പേർ ഈ രംഗത്ത് തൊഴിലെടുക്കുന്നു. എന്നാൽ പ്രവർത്തിക്കുന്ന ഒറ്റ സഹകരണസംഘംപോലും ഇവിടെയില്ല. പുറക്കാട്ടിരിയിൽ കടലാസിൽ മാത്രം ഒരു സംഘമുണ്ട്.

ക്ഷീരമേഖലയിൽ മൂന്ന് സംഘ

ങ്ങളുമായി ബന്ധിക്കോട്, അന്നശ്ശേരി, എടക്കര പ്രദേശങ്ങളിലായി ഇത് പ്രവർത്തിക്കുന്നു (വിശദവിവരത്തിന് പട്ടിക-2 ശ്രദ്ധിക്കുക) പഞ്ചായത്തിലെ മറ്റുള്ള കേന്ദ്രങ്ങളിൽനിന്നും പാൽ ശേഖരിക്കാനും, ജനങ്ങളുടെ ആവശ്യാനുസരിച്ച് പാൽ പഞ്ചായത്തിൽ വിറ്റഴിക്കാനും ഇവർക്കാവുന്നില്ല. 5.50 - ഒവത് രൂപ നൽകിയാണ് സംഘം കർഷകനിൽനിന്ന് പാൽ ശേഖരിക്കുന്നത്. ഇത് 11 രൂപക്ക് വിറ്റഴിക്കുന്നു. എന്നാൽ ശേഖരിക്കുന്നു. 1978 -ൽ ആരംഭിച്ച ഈ സംഘത്തിന് നിലവിൽ 110 അംഗങ്ങളുണ്ട്. രണ്ട് ലക്ഷത്തിലധികം രൂപ നഷ്ടവും.

തലക്കുളത്തൂർ [illegible] മ്മാണ സഹകരണസംഘം [illegible] ചലിക്കുന്ന മറ്റൊരു സ്ഥാപനം കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ഹൗസിങ്ങ് ഫെഡറേഷന്റെ നിയന്ത്രണത്തിന് വിധേയമായാണ് ദീർഘകാ വായ്പകൾ നൽകുന്നത്. കർശനമായ നിയമവ്യവസ്ഥകളും കൃത്യസമയത്ത് ഓയിൽ ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതയും ആരായണം.

(2) കയർ സംഘങ്ങൾ യന്ത്രവത്കരണത്തിലേക്ക് നീങ്ങണം. പച്ചത്തൊണ്ട് തല്ലി കയറും കയറുൽപ്പന്നങ്ങളും, കിടക്കകളും കുഷ്യനുകളും ഉണ്ടാക്കണം.

(3) എടക്കര കേന്ദ്രമാക്കി തലക്കുളത്തൂർ നേന്ത്രവാഴ കർഷക സഹകരണസംഘം രൂപീകരിക്കണം. പച്ചയും പഴുത്തതുമായ നേന്ത്ര



അന്നശ്ശേരി കയർ സഹകരണസംഘത്തിന് കീഴിൽ തൊഴിലെടുക്കുന്നവർ

[illegible] കാൽഭാഗംപോലും [illegible] ചെയ്യുന്നില്ല. ബാക്കിവരുന്ന [illegible], കയത്ത് രൂപക്ക് തന്നെ [illegible] വിൽക്കുന്നു. അതായത് [illegible] നൽകുന്നതുവഴി [illegible] ലാഭംകിട്ടുന്നില്ലെന്നർത്ഥം. [illegible] കാലിത്തീറ്റ വിൽക്കുന്നത് വഴി ലഭിച്ചിരുന്ന കമ്മീഷനും ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന പാൽ അത്രയും വിറ്റഴിക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്ന ഭയമാണ് സംഘങ്ങളെ ഡയറിയുടെ നിയന്ത്രണത്തിലാക്കുന്നത്.

തെക്കുംമുറിമേഖലയിൽ കച്ചേരി കേന്ദ്രമാക്കി ഒരു സംഘം പ്രവർത്തിക്കുന്നു. 1978 -ൽ ആരംഭിച്ച ഈ സംഘത്തിന് നിലവിൽ 110 അംഗങ്ങളുണ്ട്. രണ്ട് ലക്ഷത്തിലധികം രൂപ നഷ്ടവും.

തലക്കുളത്തൂർ [illegible] മ്മാണ സഹകരണസംഘം [illegible] ചലിക്കുന്ന മറ്റൊരു സ്ഥാപനം കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ഹൗസിങ്ങ് ഫെഡറേഷന്റെ നിയന്ത്രണത്തിന് വിധേയമായാണ് ദീർഘകാ വായ്പകൾ നൽകുന്നത്. കർശനമായ നിയമവ്യവസ്ഥകളും കൃത്യസമയത്ത് തുക നൽകാൻ കഴിയാത്തതും കാരണം ജങ്ങൾ കൂടുതലായി ഈ സംഘത്തെ സമീപിക്കുന്നില്ല.

നിർദ്ദേശങ്ങൾ

(1) നാളികേര കർഷകരെ സഹായിക്കാനായി ആധുനിക രീതിയിലുള്ള കൊപ്ര ഡ്രയർ സഹകരണ മേഖലയിൽ ആരംഭിക്കണം. പാഴായിപ്പോകുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് വിനാഗിരി, ചിരട്ടകൊണ്ട് കരകൗശലവസ്തുക്കൾ, ഐസ്ക്രീം കപ്പുകൾ എന്നിവ ഉണ്ടാക്കാൻ ഈ സംഘത്തിന് കഴിയണം. കൂടാതെ ചിരട്ടയിൽനിന്ന് പ്രത്യേകതരം

ക്കായ കയറ്റി അയക്കുന്നതിന് പുറമെ കായവറുത്തത്, വിവിധതരം ഉപ്പേരികൾ എന്നിവയും ഇവക്ക് ഉണ്ടാക്കാം. കൂടാതെ കൊച്ചുകുട്ടികൾക്കും പ്രമേഹരോഗികൾക്കും മറ്റും ഉപയോഗിക്കാൻ പറ്റുന്ന കായപ്പൊടിയും മാർക്കറ്റിലിറക്കാൻ കഴിയണം.

(4) അന്നശ്ശേരി ആസ്ഥാനമാക്കി 'തലക്കുളത്തൂർ പഴം-പച്ചക്കറി കർഷക സഹകരണസംഘം' രൂപീകരിക്കണം. ഇതിന്റെ നേതൃത്വത്തിൽ ചെറുതും വലുതുമായ കൃഷിത്തോട്ടങ്ങൾ ആരംഭിക്കാനും സ്ത്രീകളു

കയർ സഹകരണസംഘങ്ങൾ

പട്ടിക-1

ക്ര. ന.	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗ സംഖ്യ	തൊഴിലെടുക്കുന്നവർ	അല്ലാത്തവർ	അംഗീകൃത മൂലധനം	പിരിഞ്ഞുകിട്ടിയ മൂലധനം അംഗങ്ങൾ	സർക്കാർ	ലാഭ നഷ്ടം
1.	അന്നശ്ശേരി കയർ വ്യവസായ സഹ. സംഘം ഡി. 328	1961	പഞ്ചായത്തിൽപെട്ട 5, 6 വാർഡുകളും 4 ന്റെ ഭാഗങ്ങളും	553	179	374	10 ലക്ഷം	57950	2,09,600/-	ലാഭം
2.	തലക്കുളത്തൂർ കയർ വ്യവസായ സഹ.സംഘം. ഡി 218	1978	1,2,3, വാർഡുകൾ	516	88	428	2 ലക്ഷം	43669/50	224310	നഷ്ടം
3.	പുറക്കാട്ടിരി കയർ വ്യവസായ സഹ.സംഘം ഡി 449	1978	10-ാം വാർഡ്	266	55	211	2 ലക്ഷം	25139	145080	നഷ്ടം
4.	പടന്നക്കളം കയർ വ്യവസായ സഹ.സംഘം ഡി.700	1980	3,4 വാർഡുകൾ ഭാഗികം	460	109	351	7 ലക്ഷം	34450	208790	നഷ്ടം

ക്ഷീരസഹകരണസംഘങ്ങൾ

പട്ടിക 2

ക്ര. ന.	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗ സംഖ്യ	അംഗീകൃത ഓഹരി മൂലധനം	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	സർക്കാർ ഓഹരി	ദിനംപ്രതി ശേഖരിക്കുന്നതൊത്തം പാൽ (ശരാശരി)	പഞ്ചായത്തിൽ വിൽക്കുന്നത് (ശരാശരി)	പുറത്തേക്കയക്കുന്നത് (ശരാശരി)
1.	അണ്ടിക്കോട് ക്ഷീരോല്പാദക സഹ.സംഘം ഡി.85 ആപ്കോസ്	1989	3,4, വാർഡുകളും 5,6 വാർഡിന്റെ കുറച്ചു ഭാഗങ്ങളും	116	10000/-	1100/-	-	70-100 ലിറ്റർ	25-40 ലിറ്റർ	45-60 ലി.
2.	അന്നശ്ശേരി ക്ഷീരോല്പാദക സഹ.സംഘം ഡി. 87 ആപ്കോസ്	1989	5,6, വാർഡുകൾ പൂർണ്ണം. 7,8 ഭാഗികം	375	10000/-	3760/-	-	150 ലിറ്റർ	50 ലിറ്റർ	100ലി.
3.	പട്ടർപാലം എടക്കര ക്ഷീരോല്പാദക സഹ.സംഘം	1989	7,8 വാർഡ് ഭാഗികം	368	-	3830/-	30000/- ആപ്കോസ്	400-500	50	350-400

ടെ പങ്കാളിത്തത്തോടെ ടെറസ് കൃഷി അടുക്കളത്തോട്ടം തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനും കഴിയും. അംഗങ്ങളിൽനിന്ന് വാങ്ങുന്ന പഴം-പച്ചക്കറികൾ ആഴ്ച ചന്തകളിൽ വിറ്റഴിക്കാവുന്നതേയുള്ളൂ. ബാക്കിവരുന്നവ മാർക്കിലേക്ക് മാറ്റാം.

നാളികേരത്തിന്റെ തൊണ്ട് തല്ലുമ്പോൾ ബാക്കിവരുന്ന ചകിരിച്ചോറ് നല്ല വളമാക്കി മാറ്റാനും ഈ സംഘം മുൻകൈ എടുക്കണം. ചകിരിച്ചോറിൽ കുറച്ച് യൂറിയയും വിത്ത് പ്ലസും ശാസ്ത്രീയമായി ഉപയോഗിച്ചാൽ ഒന്നാംതരം ജൈവവളം ലഭിക്കും. ഇതുവഴി രാസവളത്തിന്റെയും, കോർപറേഷനിൽനിന്ന് കിട്ടുന്ന ആശുപത്രി മാലിന്യങ്ങൾ അടങ്ങിയ അപകടകാരിയായ കമ്പോസ്റ്റിന്റെയും ഉപയോഗം കുറക്കാനും കാർഷിക മേഖലയെ രക്ഷിക്കാനും കഴിയും.

(5) മത്സ്യമേഖലയിൽ ഒരുസംഘം റജിസ്റ്റർ ചെയ്യണം. മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകാനും വിവിധവിഷയങ്ങളിൽ ബോധവത്കരണ പ്രവർത്തനം നടത്താനും ഇതിന് കഴിയും. പാവയിൽചീർപ്പിനടുത്ത പൊങ്ങിലോടിപാറക്ക് സമീപത്തെ പുഴയിൽ മത്സ്യം വളർത്താൻ ഈ സംഘം ശ്രമം നടത്തണം. ചേലന്നൂർ പഞ്ചായത്തിന്റെ കുറെ ഭാഗം ഈ പുഴയിൽ വരും. ഇതിനാൽ അവരുടെ അനുമതി നേടാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. കൂടാതെ പാവയിൽചീർപ്പിലെ ശുദ്ധജല തടാകവും ഈ സംഘത്തിന് മത്സ്യം വളർത്താനായി പാട്ടത്തിന് നൽകണം.

(6) ക്ഷീരരംഗത്ത് ഇനിയൊരു സംഘത്തിന് കൂടി പഞ്ചായത്തിൽ സാധ്യതയില്ല. നിലവിലുള്ള സംഘങ്ങൾ പഞ്ചായത്തിലെ മിക്ക മേഖലയിലും സംഭരണ-വിതരണകേന്ദ്രങ്ങൾ ആരംഭിക്കുകയാണ് വേണ്ടത്. സംഭരിക്കുന്ന പാൽ പഞ്ചായത്തിൽ തന്നെ വിലകുറച്ച് വിൽക്കാൻ കഴിയണം. പാൽ ബാക്കി വരികയാണെങ്കിൽ അതുപയോഗിച്ച് പാലുല്പന്നങ്ങൾ ഉണ്ടാക്കണം. ഇതിന് പുറമെ മിൽമാ ബൂത്തുകൾ പോലെ പ്രധാന കേന്ദ്രങ്ങളിൽ ലഘുഭക്ഷണശാലകൾ തുറക്കാനും സംഘങ്ങൾ പരിശ്രമിക്കേണ്ടതുണ്ട്. ബാക്കിവരുന്ന പാൽ ഇവിടെയും വിറ്റഴിക്കാം. ഈ നിർദ്ദേശങ്ങൾ വിജയിച്ചാൽ മിൽമയുടെ നീരാളിപ്പിടുത്തത്തിൽനിന്ന് രക്ഷപ്പെട്ട് സംഘങ്ങൾക്ക് ലാഭമുണ്ടാക്കാനാവും. പച്ചപ്പുൽകൃഷി വ്യാപിപ്പിക്കാനും ക്ഷീരമേഖലയിലെ വിവിധ പ്രശ്നങ്ങളെകുറിച്ച് വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കാനും സംഘം മുൻകൈ എടുക്കണം.

ജോലിയില്ലാത്ത യുവതികൾക്കും വീട്ടമ്മമാർക്കും സഹായകരമാവും വിധത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്തിലാകെ 'വനിതാ വികസന സമിതികൾ' സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം. ഭൂമിശാസ്ത്രപരമായ കിടപ്പ്, തൊഴിലിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്തായിരിക്കണം ഇവ സംഘടിപ്പിക്കേണ്ടത്.

(7) ജോലിയില്ലാത്ത യുവതികൾക്കും വീട്ടമ്മമാർക്കും സഹായകരമാവുംവിധത്തിൽ വിവിധപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്തിലാകെ 'വനിതാ വികസന സമിതികൾ' സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം. ഭൂമിശാസ്ത്രപരമായ കിടപ്പ്, തൊഴിലിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്തായിരിക്കണം ഇവ സംഘടിപ്പിക്കേണ്ടത്. കൃഷിത്തോട്ടങ്ങൾ, അടുക്കളത്തോട്ടങ്ങൾ, പൂകൃഷി (ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല) റെഡിമെയ്ഡ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, തേനീച്ച-കോഴി-താറാവ്-ഗിനി ക്കോഴി വളർത്തൽ, നാടൻ അവിൽ നിർമ്മാണം, ജാം-സ്കാഷ്-സർബത്ത് നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ വികസനസമിതികൾ വഴി സ്ത്രീകൾക്ക് നൽകാനാകും. ഈ വികസന സമിതികളെ സഹായിക്കാനും ഉപദേശ-നിർദേശങ്ങൾ നൽകാനുമായി പഞ്ചായത്ത് തലത്തിൽ ഒരു വിദഗ്ധസമിതിയെയും തെരഞ്ഞെടുക്കണം. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ തുടങ്ങുന്ന ആഴ്ചച്ചന്തകളിൽവെച്ച് വികസനസമിതികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയും. ബാക്കിവരുന്നവക്ക് പഞ്ചായത്തല സമിതിയുടെ സഹായത്തോടെ മാർക്കറ്റ് കണ്ടെത്താനാവും.

(8) തലക്കുളത്തൂർ പഞ്ചായത്തിലെ 11 വാർഡുകളെയും ഒന്നിപ്പിച്ചുകൊണ്ട് ഒരു സർവ്വീസ് സഹകരണ ബേങ്ക് റജിസ്റ്റർ ചെയ്യണം.

(9) പൂഴി,ചെങ്കൽ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു സംഘം രൂപീകരിക്കാനാവുമോ എന്ന് പരിശോധിക്കണം.

(10) ,സഹകരണരംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെയാകെ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണസെൽ രൂപീകരിക്കണം. പഞ്ചായത്തിന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഈ സെൽ വഴി നടപ്പാക്കാനാവും.

●

വിദ്യാഭ്യാസം

കഴിഞ്ഞ നൂറ്റാണ്ടിന്റെ തൊട്ടുള്ള ചരിത്രം നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന് അയവിറക്കാനുണ്ട്. 1900-ാമാണ്ടിന് മുമ്പുതന്നെ പ്രവർത്തിച്ചുവരുന്ന നിലത്തെഴുത്ത് പള്ളിക്കൂടങ്ങളും എഴുത്തുപള്ളിക്കൂടങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. എടക്കരയിലെ കോട്ടാംകുളങ്ങരയിലും അന്നശ്ശേരിയിലെ പൊയിലിലും പുറക്കാട്ടിരിക്കടുത്തും പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. നിലത്തും എഴുത്തോലയിലുമാണ് ഇവിടങ്ങളിൽ എഴുത്ത് നടത്തിയിരുന്നത്. 1902-ലാണ് പഞ്ചായത്തിലെ ആദ്യത്തെ എലിമെൻററി സ്കൂളായ അന്നശ്ശേരി ബി. ഇ. എം. എൽ. പി. സ്കൂൾ സ്ഥാപിച്ചത്. 1914-ൽ എടക്കര എ. എസ്. വി. യു. പി. സ്കൂളും അതിനുശേഷം 1920-ന് മുമ്പ് തലക്കുളത്തൂർ ശ്രീകുമാരാശ്രമം എൽ. പി. സ്കൂൾ, ഗുരുദേവ വിലാസം എൽ. പി. സ്കൂൾ എന്നിവയും സ്ഥാപിച്ചു. ഇവ ഇന്നും ഇതേ പേരുകളിലാണ് നിലനിൽക്കുന്നത്. പിന്നീട് നിലവിൽവന്നവ മാക്കഞ്ചേരി യു. പി. സ്കൂൾ, തലക്കുളത്തൂർ (1 മുതൽ 7 വരെ) ശ്രീകൃഷ്ണസഹായം എൽ. പി. സ്കൂൾ, തലക്കുളത്തൂർ (1 മുതൽ 4 വരെ) ജി. എൽ. പി. സ്കൂൾ, അന്നശ്ശേരി (1 മുതൽ 4 വരെ) ജി. എം. എൽ. പി. സ്കൂൾ, തലക്കുളത്തൂർ (1 മുതൽ 4 വരെ) വിജയലക്ഷ്മി യു. പി. സ്കൂൾ, (5 മുതൽ 7 വരെ) ആർ. എ. കെ. എം. യു. പി. സ്കൂൾ, തലക്കുളത്തൂർ (5 മുതൽ 7 വരെ) എന്നീ പ്രാഥമിക വിദ്യാലയങ്ങൾക. ഏറ്റവും ഒടുവിലായി 8 മുതൽ 10 വരെ ക്ലാസുകളുള്ള സി. എം. എം. ഹൈസ്കൂൾ തലക്കുളത്തൂരിൽ ആരംഭിച്ചു.

ഇപ്പോൾ ആകെ 7 ലോവർ പ്രൈമറി വിദ്യാലയങ്ങളും 4 അപ്പർ പ്രൈമറി വിദ്യാലയങ്ങളും ഒരു ഹൈസ്കൂളുമായി 12 ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തലക്കുളത്തൂരിലുണ്ട്. കൂടാതെ 5, 9 വാർഡുകളിലായി രണ്ട് ബാലവാടികളും 8-ാം വാർഡിൽ നഴ്സറി ക്ലാസ് നടക്കുന്ന പഞ്ചായത്ത് ശിശുമന്ദിരവും പ്രവർത്തിച്ചുവരുന്നു. കൂടാതെ പുറക്കാട്ടിരിയിലെ ഗുരുകുലം (വാർഡ് 10), കച്ചേരിക്ക് പടിഞ്ഞാറ് വശത്തെ അക്ഷര (11-ാം വാർഡ്), പടന്നക്കളത്തിലെ വിദ്യ (7-ാം വാർഡ്), അന്നശ്ശേരിയിലെ ഐഡിയൽ (5-ാം വാർഡ്), പറമ്പത്തെ തക്ഷശില (3-ാം വാർഡ്) എന്നീ സ്വകാര്യ നഴ്സറി സ്കൂളുകളും ഉണ്ട്. ഇവയിൽ ഐഡിയൽ, തക്ഷശില എന്നിവ ഇംഗ്ലീഷ് മീഡിയം നഴ്സറികളാണ്. ഇവക്ക് പുറമെ മൂന്നാം വാർഡിൽ ഒരു അൺ റിക്കഗ്നൈസ്ഡ് എൽ. പി. വിദ്യാലയവും (ഇംഗ്ലീഷ് മീഡിയം), ജനത ആർട്ട്സ് കോളേജ് (പുറക്കാട്ടിരി), മലബാർ ആർട്ട്സ് ആൻറ് കോമേഴ്സ് കോളേജ് (കച്ചേരി) എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളായി പുറക്കാട്ടിരി, പറമ്പത്ത്, അന്നശ്ശേരി എന്നിവിടങ്ങളിൽ മൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും മലബാർ ആർട്ട്സ് ആൻറ് കോമേഴ്സ് കോളേജുമായി ബന്ധപ്പെട്ട് ഒരു പ്രി-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സെൻററുമുണ്ട്.

1823 ആൺകുട്ടികളും 1647 പെൺകുട്ടികളുമായി ആകെ 3470 വിദ്യാർഥികളാണ് ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലായി പഠിക്കുന്നത്. ഇവരിൽ 326 പേർ പട്ടികജാതിയിൽ പെടുന്ന വിദ്യാർഥികളാണ്. (162 ആൺ. 164 പെൺ). പട്ടികജാതി വിഭാഗത്തിൽ പെടുന്ന പെൺകുട്ടികൾ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കമല്ല എന്ന് ഇത് കാണിക്കുന്നു.

കഴിഞ്ഞ 5 വർഷത്തെ കണക്കനുസരിച്ച് 23 പേർ മാത്രമേ വിവിധ ക്ലാസുകളിൽവെച്ച് പഠനം നിർത്തിയവരായിട്ടുള്ളു. പട്ടികജാതിയിൽപ്പെട്ട 2 പെൺകുട്ടികളടക്കം 11 പെൺകുട്ടികളും 12 ആൺകുട്ടികളും. വിദ്യാർഥികളിൽ 1564 പേർ എൽ. പി.യിലും 1159 പേർ യു. പി.യിലും 747 പേർ ഹൈസ്കൂളിലുമാണ് പഠിക്കുന്നത്.

എന്നാൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാർഥികളും പഞ്ചായത്തിലെ തന്നെ വിദ്യാലയങ്ങളിലല്ല പഠിക്കുന്നത് എന്നു കാണാം. എലത്തൂർ, അത്തോളി, പാവണ്ടൂർ, പി. വി. എസ്., എ. കെ. കെ. ആർ. എന്നീ ഹൈസ്കൂളുകളിലും പട്ടണത്തിലെ വിവിധ സ്കൂളുകളിലും എം. ഇ. എസ്. സ്കൂൾ മുതലായ അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിലും പഠിക്കുന്നുണ്ട്. വ്യക്തമായ കണക്ക് ലഭ്യമല്ല. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽനിന്ന് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കാൻ സാധ്യതയില്ലെന്ന ചിന്താഗതിയും ഇംഗ്ലീഷ് പഠനത്തോടുള്ള അന്ധമായ ആഭിമുഖ്യവും ആണ് രക്ഷിതാക്കളെ റിക്കഗ്നൈസ്ഡ് വിദ്യാലയങ്ങളിലേക്കെത്തിക്കുന്നത് എന്ന് മനസിലാക്കാൻ കഴിയും.

പ്രീ-ഡിഗ്രി മുതലുള്ള വിദ്യാഭ്യാസത്തിനും ടെക്നിക്കൽ വിദ്യാഭ്യാസത്തിനും ഈ പഞ്ചായത്തിലെ എല്ലാ വിദ്യാർത്ഥികളും അന്യപഞ്ചായത്തുകളിലോ കോഴിക്കോട് പട്ടണത്തെയോ ആണ് ആശ്രയിക്കുന്നത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇത്രയും കാലമായിട്ടും ഉയർന്നുവന്നിട്ടില്ല.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ ഭൂരിപക്ഷത്തിന്റെയും ഭൗതികസാഹചര്യങ്ങൾ പരിതാപകരവും അടിയന്തരപരിഗണന അർഹിക്കുന്നതും ആണ്.

മികച്ച നിലവാരം പുലർത്തുന്ന വിദ്യാലയങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലുണ്ട് എന്ന് അവകാശപ്പെടാനില്ല. അതുപോലെ ഉന്നതവിദ്യാഭ്യാസം ലഭിച്ച് ഉന്നത പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥരും ഡോക്ടർമാർ, എഞ്ചിനീയർമാർ, വക്കീൽമാർ, കലാശാലാധ്യാപകർ, കലാകാരന്മാർ, സാഹിത്യകാരന്മാർ എന്നിവരും നമ്മുടെ പഞ്ചായത്തിൽ വളരെ അപൂർവമായേ ഉള്ളൂ. കേരള വിദ്യാഭ്യാസ മന്ത്രി, മുഖ്യമന്ത്രി എന്നീ നിലകളിലേക്കുയർന്ന ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഒഴികെ ചെറു. എൽ. എ., എം. പി., രാഷ്ട്രീയ നേതാക്കൾ എന്നിവരും തലക്കുളത്തൂരിലെ പൗരന്മാർക്കിടയിൽ ഉണ്ടായിട്ടില്ല.

എന്തൊക്കെയായാലും വിദ്യാഭ്യാസപരമായി ഒട്ടും പിന്നണിയിൽ നിൽക്കുന്നവരല്ല ഈ പഞ്ചായത്തിലെ ജനത എന്ന് കാണാം.

സ്ത്രീ വിദ്യാഭ്യാസത്തിലും നാം ഒട്ടും പിന്നിലല്ല. പ്രൈമറി, ഹൈസ്കൂൾ, കോളേജ് അദ്ധ്യാപകർ, വ്യവസായതൊഴിലാളികൾ, സാങ്കേതിക ജോലിക്കാർ, സർക്കാരുദ്യോഗസ്ഥർ, ബിസിനസ്സുകാർ മുതലായ വിവിധ ജോലി

പട്ടിക - 1 കുട്ടികൾ, അദ്ധ്യാപകർ, ഭൗതികസാഹചര്യങ്ങൾ

ക്ര. ന.	സ്കൂളിന്റെ പേര്	ഉടമസ്ഥത		കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				
		സർക്കാർ	എയ്ഡഡ്	ആൺ	പെൺ	ആകെ	അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവർ	ഒഴിവ്	സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം
	എൽ. പി. വിഭാഗം										
1.	ബി.ഇ.എം. എൽ.പി. സ്കൂൾ, അന്നശ്ശേരി		√	86	73	159	6	6	ഇല്ല	17 സെൻറ്	ഇല്ല
2.	ജി.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി	√		110	95	205	7	5	2	83 ,,	50 സെൻറ്
3.	ജി.എം.എൽ.പി. സ്കൂൾ, തലക്കുളത്തൂർ	√		49	59	108	5	4	1	6 ,,	3 ,,
4.	ഗുരുദേവവിലാസം എൽ.പി., തലക്കുളത്തൂർ		√	104	113	217	9	9	ഇല്ല	10 ,,	10 ,,
5.	എം.ഐ.എൽ.പി. സ്കൂൾ, അന്നശ്ശേരി		√	87	82	169	6	6	ഇല്ല	11 ,,	3 ,,
6.	ശ്രീകൃഷ്ണസഹായം എൽ.പി., തലക്കുളത്തൂർ		√	86	63	149	6	5	1	17 ,,	3 ,,
7.	ശ്രീകുമാരാശ്രമം എൽ.പി., തലക്കുളത്തൂർ		√	74	69	143	5	5	ഇല്ല	20 ,,	5 ,,
	എൽ. പി. ആകെ :			596	554	1150	44	40	4		
	യു. പി. വിഭാഗം										
8.	എ.എസ്.വി.യു.പി.സ്കൂൾ, എടക്കര		√	229	221	450	20	20	ഇല്ല	80 ,,	10 ,,
9.	മാക്കഞ്ചേരി യു.പി.എസ്. തലക്കുളത്തൂർ		√	268	240	508	21	20	1	100 ,,	20 ,,
10.	ആർ.എ.കെ.എം.യു.പി. എസ്., തലക്കുളത്തൂർ		√	223	185	408	18	18	ഇല്ല	45 ,,	7 ,,
11.	വിജയലക്ഷ്മി യു.പി. സ്കൂൾ, അന്നശ്ശേരി		√	98	109	207	11	11	ഇല്ല	18 ,,	2 ,,
	യു. പി. ആകെ :			818	755	1573	70	69	1		
12.	സി.എം.എം. ഹൈസ്കൂൾ, തലക്കുളത്തൂർ		√	409	338	747	34	34	ഇല്ല	300 ,,	60.4 ,,
	എൽ.പി., യു.പി., എച്ച്. എസ്. ആകെ :	2	10	1823	1667	3470	148	143	5		

ക്ര. ന.	സ്കൂളിന്റെ പേര്	മറ്റു ഭൗതിക സാഹചര്യങ്ങൾ							
		ചുറ്റുമതിൽ	കുടിവെള്ളം	വൈദ്യുതീകരണം	പാചകമുറി	സ്റ്റാഫ് റൂം	മൂത്രപ്പുരകൾ	കക്കൂസുകൾ	ഫർണീച്ചർ/ തൃപ്തികരം
1.	ബി.ഇ.എം. എൽ.പി. സ്കൂൾ, അന്നശ്ശേരി	ഇല്ല	കിണർ ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	അല്ല
2.	ജി.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി	,,	കിണർഉണ്ട്	,,	,,	,,	ഇല്ല	1	അല്ല
3.	ജി.എം.എൽ.പി. സ്കൂൾ, തലക്കുളത്തൂർ	ഉണ്ട്	കിണർ ഇല്ല	,,	,,	,,	,,	ഇല്ല	അതെ
4.	ഗുരുദേവവിലാസം എൽ.പി., തലക്കുളത്തൂർ	ഇല്ല	കിണർ ഉണ്ട്	,,	ഉണ്ട്	,,	,,	,,	അല്ല
5.	എം.ഐ.എൽ.പി. സ്കൂൾ, അന്നശ്ശേരി	,,	,,	,,	ഇല്ല	,,	1	,,	,,
6.	ശ്രീകൃഷ്ണസഹായം എൽ.പി., തലക്കുളത്തൂർ	,,	,,	,,	,,	1	,,	,,	
7.	ശ്രീകുമാരാശ്രമം എൽ.പി., തലക്കുളത്തൂർ	ഉണ്ട്	,,	ഉണ്ട്	,,	,,	1	,,	,,
8.	എ.എസ്.വി.യു.പി.സ്കൂൾ, എടക്കര	,,	,,	ഇല്ല	,,	ഉണ്ട്	1	1	,,
9.	മാക്കഞ്ചേരി യു.പി.എസ്. തലക്കുളത്തൂർ	ഇല്ല	കിണർ,പൈപ്പുണ്ട്	ഉണ്ട്	,,	ഇല്ല	2	1	,,
10.	ആർ.എ.കെ.എം.യു.പി. എസ്., തലക്കുളത്തൂർ	ഉണ്ട്	കിണർഉണ്ട്	,,	,,	,,	,,	,,	,,
11.	വിജയലക്ഷ്മി യു.പി. സ്കൂൾ, അന്നശ്ശേരി	,,	,,	ഇല്ല	,,	,,	,,	,,	,,
12.	സി.എം.എം. ഹൈസ്കൂൾ, തലക്കുളത്തൂർ	ഉണ്ട്	,,	ഉണ്ട്	,,	ഉണ്ട്	3	,,	,,

പട്ടിക 1 (തുടർച്ച)

ക്ര. സ.	സ്കൂളിന്റെ പേര്	ഇനി ആവശ്യമുള്ള ഫർണീച്ചർ					
		ഡസ്ക്	ബെഞ്ച്	മേശ	കസേര	ബ്ലാക്ക് ബോർഡ്	ഓഫീസ് ഫർണിച്ചർ/ അലമാറ/റേക്ക്
1.	ബി.ഇ.എം. എൽ.പി. സ്കൂൾ, അന്നശ്ശേരി	10	12	3	2		1
2.	ജി.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി	6	6	1	1		3
3.	ജി.എം.എൽ.പി. സ്കൂൾ, തലക്കുളത്തൂർ	–	–	–	–	–	–
4.	ഗുരുദേവവിലാസം എൽ.പി., തലക്കുളത്തൂർ	5	6	2	3	–	1
5.	എം.ഐ.എൽ.പി. സ്കൂൾ, അന്നശ്ശേരി	5	5	2	2	–	1
6.	ശ്രീകൃഷ്ണസഹായം എൽ.പി., തലക്കുളത്തൂർ	8	–	2	2	1	1
7.	ശ്രീകുമാരാശ്രമം എൽ.പി., തലക്കുളത്തൂർ	5	5	2	–	1	1
8.	എ.എസ്.വി.യു.പി.സ്കൂൾ, എടക്കര	10	10	4	5	2	1
9.	മാക്കഞ്ചേരി യു.പി.എസ്. തലക്കുളത്തൂർ	35	10	5	15	5	2
10.	ആർ.എ.കെ.എം.യു.പി. എസ്., തലക്കുളത്തൂർ	25	25	5	10	2	1
11.	വിജയലക്ഷ്മി യു.പി. സ്കൂൾ, അന്നശ്ശേരി	25	25	3	5	3	3
12.	സി.എം.എം. ഹൈസ്കൂൾ, തലക്കുളത്തൂർ	25	25	5	10	–	2
	എൽ.പി., യു.പി., ആകെ	159	129	34	63	14	17

കളിൽ ഏർപ്പെട്ടിട്ടുള്ളവർ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

ഗൾഫിൽ പോയി വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുന്നവരും പട്ടാളസേവനത്തിലേർപ്പെട്ടവരും നിരവധിയുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പലരും ഉന്നത വിദ്യാഭ്യാസം നേടിയവരും തൊഴിലില്ലാതെ നടക്കുന്നവരുമാണ്. അഭ്യസ്തവിദ്യരും സാക്ഷരരും സംസ്കാരസമ്പന്നരുമായ ജനത നമ്മുടെ പഞ്ചായത്തിലെ സമ്പത്താണ്. പ്രൈമറി വിദ്യാഭ്യാസം നേടുന്നതിന് 2 കിലോമീറ്ററിലധികം നടക്കേണ്ടിവരുന്ന വിദ്യാർഥികൾ ഇല്ലെന്നുതന്നെ പറയാം.

ആകെയുള്ള 12 വിദ്യാഭ്യാ സ്ഥാപനങ്ങളിൽ 10 എണ്ണവും സ്വകാര്യമേഖലയിലാണ്. രണ്ട് എൽ. പി. വിദ്യാലയങ്ങൾ മാത്രമേ സർക്കാരുടമയിലുള്ളൂ. അതിൽ ഒന്ന് (ജി. എം. എൽ. പി. എസ്. തലക്കുളത്തൂർ) ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

വിദ്യാഭ്യാസം ഉയർത്താൻ സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെയും സൗകര്യങ്ങളുടെയും പിന്നോക്കാവസ്ഥയും അപര്യാപ്തതയും വളരെയേറെ വിഘാതം സൃഷ്ടിക്കുന്നു എന്ന് പറയാതെവയ്യ.

മിക്ക വിദ്യാലയങ്ങളിലും സ്ഥിരം കെട്ടിടങ്ങളില്ല. മുറികളായി തിരിച്ച ക്ലാസുകളില്ല. ക്ലാസുകൾക്കിടയിൽ സ്ക്രീനുകൾപോലുമില്ല. പല വിദ്യാലയങ്ങളിലും പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, ചുറ്റുമതിൽ, കളിസ്ഥലം എന്നിവയൊന്നും ഇല്ല. പൂന്തോട്ടങ്ങളോ പച്ചക്കറിത്തോട്ടങ്ങളോ ഉള്ള ഒറ്റ വിദ്യാലയവും നമുക്കില്ല എന്നത് നമ്മുടെ സൗന്ദര്യബോധത്തിനും പ്രകൃതിസ്നേഹത്തിനും നേരെയുള്ള ഒരു വെല്ലുവിളിയാണ്.

നെടുനീളൻ ഹാളുകളിൽ പരിമിതമായ ഫർണീച്ചർ മാത്രമുള്ള ക്ലാസുകളിൽവെച്ച് നാം നമ്മുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസത്തിന് നിലവാരം കുറയുന്നുവെങ്കിൽ അതിൽ പരിതപിച്ചിട്ട് കാര്യമില്ല. അമ്പതോ, നൂറോ വർഷം മുമ്പ് ആരംഭിച്ച നിലയിൽനിന്ന് ജീർണിച്ച് പിന്നോക്കംപോയതല്ലാതെ നവീകരണങ്ങളൊന്നുമില്ലാതെ വിദ്യാലയ കെട്ടിടങ്ങൾ ഇന്നും അതേപടി നിലകൊള്ളുന്നു എന്നത് രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും മാനേജ്മെൻറിന്റെയും സർവ്വോപരി നമ്മുടെ സർക്കാരുടെയുയും ശ്രദ്ധയില്ലായ്മയേയാണ് കാണിക്കുന്നത് എന്നും ഇത് വരുംതലമുറയോട് കാണിക്കുന്ന അക്ഷന്തവ്യമായ തെറ്റാണെന്നും ഇനിയെങ്കിലും നാം തിരിച്ചറിയണം.

അതിനാൽ അടിയന്തരമായും നാം നമ്മുടെ വിദ്യാലയങ്ങളെ നവീകരിച്ചേ പറ്റൂ. പണസൗകര്യങ്ങളും അദ്ധ്യാപന നിലവാരവും ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്തി മികച്ച വിദ്യാലയങ്ങളുടെ ഒരു സമുച്ചയം നമ്മുടെ പഞ്ചായത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള പ്രയത്നത്തിലൂടെ നമ്മുടെ പദ്ധതിക്ക് രൂപംനൽകാൻ കഴിയണം. ഇങ്ങനെ രൂപംനൽകുമ്പോൾ ചില യാഥാർത്ഥ്യങ്ങൾ നമ്മുടെ ആശയാഭിലാഷങ്ങൾക്ക് തടസ്സമായി നിലകൊള്ളുന്നു എന്ന് നാം തിരിച്ചറിയണം. പ്രധാനമായ ഒരു കാര്യം പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ കയ്യിൽ ചെലവാക്കാൻ പണമുണ്ടായാലും അതുപയോഗപ്പെടുത്താൻ കഴിയില്ല എന്ന ഒരു സ്ഥിതിവിശേഷമുണ്ട് എന്നതാണ്. എന്താണാ സ്ഥിതിവിശേഷം?

അർദ്ധസ്ഥിരങ്ങളോ താൽക്കാലകങ്ങളോ ആയ കെട്ടിടങ്ങളോടുകൂടിയ ഒരു എയ്ഡഡ് വിദ്യാലയത്തിന്റെ കാര്യമെടുക്കാം. വളരെക്കാലമായി ഓടുമേയാതെ ചോർന്നൊലിക്കുന്ന മേൽപ്പുരയും സിമൻറിടാത്ത തറയും ചുമരുകളോ സ്ക്രീനുകളോ ഇല്ലാത്ത ക്ലാസ്മുറികളും ആയി സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളെ സുരക്ഷിതവും ആരോഗ്യകരവുമായ കെട്ടിടമാക്കി മാറ്റുവാൻ മാനേജരെ നിർബന്ധിക്കുന്ന വ്യവസ്ഥകളൊന്നും ഇന്ന് വിദ്യാഭ്യാസ നിയമത്തിലില്ല. സർക്കാരിനോ പഞ്ചായത്തിനോ അത്തരം മാനേജ്മെൻറ് വിദ്യാലയങ്ങളുടെ കെട്ടിടം നവീകരിക്കാൻ പണം മുടക്കാനും സാധിക്കില്ല. പിന്നെ എങ്ങനെ വിദ്യാലയത്തെ പുനരുദ്ധരിക്കാൻ കഴിയും?

ഇത്തരം സാങ്കേതികപ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള വഴികൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. കണ്ടെത്തുന്നില്ലെങ്കിൽ ഭൗതികസാഹചര്യങ്ങൾ പരിതാപകരമായ, സുരക്ഷിതമല്ലാത്ത ഇത്തരം വിദ്യാലയങ്ങളിലേക്ക് കുട്ടികൾ വരാതാവും. അങ്ങനെ വിദ്യാലയം കൂടു

തൽ നാശോന്മുഖമാവും. അതുമൂലം നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ കുട്ടികൾക്ക് അയൽപ്പക്ക വിദ്യാലയങ്ങൾ ഇല്ലാതാവും.

പരിഹാരങ്ങളിൽ ചിലത് ഇങ്ങനെയാകാം:

1) ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങളോടുകൂടിയ വിദ്യാലയങ്ങൾ സുരക്ഷിതമാക്കി സ്ഥിരം കെട്ടിടങ്ങളാക്കി മാറ്റാൻ മാനേജ്മെൻറുകൾക്ക് ഒരു നിശ്ചിത കാലപരിധി അനുവദിക്കുക.

2) ഈ സമയപരിധിക്കുള്ളിൽ പ്രസ്തുത കാര്യങ്ങൾ നിർവ്വഹിക്കാത്ത വിദ്യാലയങ്ങളെ സർക്കാരോ പഞ്ചായത്തോ ഏറ്റെടുക്കുക.

3) ഏറ്റെടുക്കുന്ന വ്യവസ്ഥകൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പുവരുത്തുക. വിദ്യാഭ്യാസനിയമത്തിൽ (കെ. ഇ. ആർ.) ആവശ്യമായ ഭേദഗതികൾ വരുത്തുക.

4) കെട്ടിടങ്ങളും മറ്റു ഭൗതികസൗകര്യങ്ങളും സർക്കാരോ പഞ്ചായത്തോ നേരിട്ട് ഏർപ്പെടുത്തുക.

5) ഇതിനുവേണ്ടിവരുന്ന സാമ്പത്തികബാദ്ധ്യത സർക്കാരിലേക്കോ പഞ്ചായത്തിലേക്കോ അടച്ചുതീർക്കുന്ന മുറക്ക് വിദ്യാലയം മാനേജർക്ക് തിരിച്ചുനൽകുക.

ഈ രീതിയിലോ മറ്റേതെങ്കിലും ഉചിതമായ രീതിയിലോ പഞ്ചായത്തിലെ എയ്ഡഡ് മാനേജ്മെൻറ് വിദ്യാലയങ്ങൾ നവീകരിക്കാനും മെച്ചപ്പെടുത്താനും 9-ാം പഞ്ചവത്സരപദ്ധതി അവസാനിക്കുംമുമ്പ് നമുക്ക് കഴിയണം. അങ്ങനെ 21-ാം നൂറ്റാണ്ടിൽ വിദ്യാലയങ്ങളിലെത്തുന്ന വിദ്യാർഥികൾ വിദ്യാലയത്തെ കൂടുതൽ ഇഷ്ടപ്പെടുന്ന സ്നേഹിക്കുന്ന രീതിയിൽ ഒരന്തരീക്ഷം എല്ലാ വിദ്യാലയങ്ങളിലും സംജാതമാക്കാൻ നമുക്ക് കഴിയണം.

പ്രസ്തുത ലക്ഷ്യങ്ങൾ സാധിക്കുന്നതിനും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും കൂടാതെ സ്ഥിതിവിവരക്കണക്കുകളും വിലയിരുത്തലുകളും നമുക്ക് പരിശോധിക്കാം. (പട്ടിക 1 കാണുക)

1) കുട്ടികൾ, അദ്ധ്യാപകർ, ഭൗതികസാഹചര്യങ്ങൾ

കുട്ടികളുടെ എണ്ണവും വിദ്യാലയവും സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം പരിശോധിച്ച് എൽ. പി.ക്ക് ഒരേക്കർ സ്ഥലം വേണ്ട സ്ഥാനത്ത് 6, 10, 11, 17, 20 സെൻറ് ഭൂമികളിൽ പ്രവർത്തിക്കുന്ന 5 എൽ. പി. വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. അതുകൊണ്ടുതന്നെ വിശാലമനസ്കരായി വളരേണ്ട കുട്ടികൾ കുടുസ്സായ വിദ്യാലയാന്തരീക്ഷത്തിൽ വേണ്ടത്ര മാനസികവളർച്ച നേടാനാവാതെ, വിനോദങ്ങളിലും മത്സരങ്ങളിലും സ്വതന്ത്രമായ നാടൻകളികളിലും ഏർപ്പെടാനാവാതെ വിദ്യാഭ്യാസം നിർവഹിക്കേണ്ടിവരുന്നത് വ്യക്തിത്വവികാസത്തിന് ഹാനികരമായിത്തീരുന്നു. 83 സെൻറ് വിസ്തീർണ്ണമുള്ള ജി. എൽ. പി. എസ്. അന്നശ്ശേരിക്ക് മാത്രമാണ് അത്യാവശ്യം ഒരു കളിസ്ഥലവും മറ്റും നിർമ്മിക്കാൻ സാഹചര്യമുള്ളത്. മുമ്പ് സ്വന്തമായി കെട്ടിടമില്ലാതിരുന്ന ഈ വിദ്യാലയത്തിനുവേണ്ടി സർക്കാർ നേരിട്ട് സ്ഥലം അക്വയർ ചെയ്യുകയാണുണ്ടായത്. തെങ്ങ് വീണ് ഒരു വിദ്യാർഥിനി മരിക്കാനിടയായ ദാരുണസംഭവത്തെ തുടർന്ന് ഈ അടുത്തകാലത്താണ് പുതിയ വിദ്യാലയ കെട്ടിടത്തിന് എം. പി. ഫണ്ട് ഉപയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചുവരുന്നത്. അതിൻെറ പണി പൂർത്തിയായിട്ടില്ല.

വിദ്യാലയങ്ങളെ എങ്ങനെ നവീകരിക്കാം എന്നതിന് ഒരുത്തമ മാതൃകയാണ് ഈ വിദ്യാലയം. എല്ലാ വിദ്യാലയങ്ങളുടെയും സമീപത്തുള്ള വിദ്യാലയത്തിനാവശ്യമായ സ്ഥലം വിദ്യാലയത്തിന് വേണ്ടി സർക്കാരോ പഞ്ചായത്തോ അക്വയർ ചെയ്യുകയും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുകയും ചെയ്യുക എന്ന കടമ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും വേണം. എയ്ഡഡ് വിദ്യാലയങ്ങളിലും ഇതെങ്ങനെ പ്രാവർത്തികമാക്കാം എന്ന് കൂലങ്കഷമായ പഠനത്തിന് വിധേയമാക്കണം. 408 വിദ്യാർത്ഥികൾ പഠിക്കുന്ന ആർ. എ. കെ. എം. യു. പി. സ്കൂളും 207 വിദ്യാർഥികൾ പഠിക്കുന്ന വിജയലക്ഷ്മി യു. പി.യും സ്ഥലമില്ലായ്മമൂലം വീർപ്പുമുട്ടുകയാണ്.

2) കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, കളിസ്ഥലം

വിദ്യാലയവളപ്പിൻെറ സ്ഥലപരിമിതി, കിണർ, മൂത്രപ്പുര, കക്കൂസ് മുതലായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ പോലും തടസ്സം സൃഷ്ടിക്കുന്നു. രണ്ട് വിദ്യാലയങ്ങളിൽ കിണറില്ല. ഉച്ചക്കഞ്ഞി വിതരണം നടക്കുന്ന വിദ്യാലയങ്ങളിൽ (എൽ. പി.യിലും യു. പി.യിലും) വാട്ടർടാങ്കും പമ്പ്സെറ്റും സ്ഥാപിക്കുക എന്നത് അത്യാവശ്യമാണ്. ഇതിന് വിദ്യാലയങ്ങൾ വൈദ്യുതീകരിക്കപ്പെടണം. എട്ട് വിദ്യാലയങ്ങളിൽ ഇപ്പോൾ വൈദ്യുതിയില്ല.

മൂന്ന് വിദ്യാലയങ്ങളിൽ മൂത്രപ്പുരകളില്ല എന്നത് പരിതാപകരമാണ്. ആറ് വിദ്യാലയങ്ങളിൽ കക്കൂസുകളില്ല. പാവപ്പെട്ട രക്ഷിതാക്കൾ ഉൾപ്പെടുന്ന രക്ഷാകർതൃസമിതികൾ മാത്രം വിചാരിച്ചാൽ വമ്പിച്ച സാമ്പത്തികഭാരം വഹിക്കേണ്ടവരുന്ന ഇത്തരം കാര്യങ്ങൾ വിദ്യാലയങ്ങളിൽ ഏർപ്പെടുത്താൻ കഴിഞ്ഞെന്നുവരില്ല. സർക്കാരിൻെറയും പഞ്ചായത്തിൻെറയും സാമ്പത്തികസഹായത്തോടെ പി. ടി. എ.കൾക്ക് ഈ പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്.

പഞ്ചായത്തിൽ 12-ൽ പത്ത് വിദ്യാലയങ്ങളും എയ്ഡഡ് മാനേജ്മെൻറ് വകയായതിനാൽ വിദ്യാലയനവീകരണം എയ്ഡഡ് വിദ്യാലയങ്ങളിൽ എങ്ങനെ നടപ്പാക്കാം എന്ന കാര്യത്തിനാവണം മുൻതൂക്കം നൽകേണ്ടത്.

3) ഫർണീച്ചർ

മിക്ക വിദ്യാലയങ്ങളിലും ഫർണീച്ചറുകളുടെ അപര്യാപ്തത വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. സ്കൂളുകളുടെ മൊത്തം കണക്ക് പരിശോധിച്ചാൽ മൊത്തം ഇപ്പോൾ ആവശ്യമായ ഫർണീച്ചറുകൾ താഴെപറയുംപ്രകാരമാണ്.

ആകെ ആവശ്യമായ ഡസ്കുകൾ 159 എണ്ണം

ബഞ്ചുകൾ	129 എണ്ണം
മേശ	34 എണ്ണം
കസേര	34
ബ്ലാക്ക്ബോർഡ്	14
ഓഫീസ് ഫർണീച്ചർ	17 എണ്ണം

(റേക്ക്, അലമാര മുതലായവ)

3) പാചകമുറി, സ്റ്റാഫ്റൂം, ലൈബ്രറി റൂം

ഒരു നല്ല വിദ്യാലയത്തിന് ഒരു നല്ല പാചകമുറിയും ഒരു സ്റ്റാഫ്റൂമും ഒരു ലൈബ്രറിയും അത്യാവശ്യമാണ്. ലൈബ്രറി റൂം എന്നതുകൊണ്ടുദ്ദേശിക്കുന്നത് പത്രപാരായണത്തിനും ഗ്രന്ഥപാരായണത്തിനും വേണ്ടി കുട്ടികൾക്ക് വന്നിരിക്കാനുള്ള ഒരു മുറിയാണ്. ഈ മുറി വേണ്ടവി

പട്ടിക -2
വാർഡ്, കെട്ടിടം, അക്കാദമിക സൗകര്യങ്ങൾ

ക. ന.	സ്കൂളിന്റെ പേര്	സ്കൂൾ സ്ഥിതി ചെയ്യുന്ന വാർഡ്	ഡിവിഷനുകളുടെ എണ്ണം	കെട്ടിടം			ലൈബ്രറി		
				സ്ഥിരം	അർദ്ധ സ്ഥിരം	മുറികളുടെ സ്വഭാവം എണ്ണം	ഉണ്ട്/ ഇല്ല	പ്രത്യേക റീഡിംഗ് റൂം	ലാബ്/സയൻസ് കോർണർ
	എൽ.പി.								
1.	ബി.ഇ.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി	5	5	1	2	3 ഹാളുകൾ	ഉണ്ട്	ഇല്ല	ഇല്ല
2.	ജി.എൽ.പി.എസ്, അന്നശ്ശേരി	5	6	1	1	2 ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
3.	ജി.എം.എൽ.പി.എസ്, തലക്കുളത്തൂർ	3	4	1	–	1ഹാൾ	ഉണ്ട്	ഇല്ല	ഉണ്ട്
4.	ഗുരുദേവ വിലാസം എൽ പി എസ് തലക്കുളത്തൂർ	3	6	3	1	ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
5.	എം.ഐ.എൽ.പി.സ്കൂൾ, അന്നശ്ശേരി	4	5	1	–	1 ഹാൾ	ഉണ്ട്	ഇല്ല	ഇല്ല
6.	ശ്രീകൃഷ്ണസഹായം എൽ.പി.എസ്. തലക്കുളത്തൂർ	9	5	1	1	2 ഹാളുകൾ	ഇല്ല	ഇല്ല	ഇല്ല
7.	ശ്രീകുമാരാശ്രമം എൽ.പി.സ്കൂൾ, തലക്കുളത്തൂർ	10	4	2	–	2 ഹാളുകൾ	ഉണ്ട്	ഇല്ല	ഇല്ല
	യു.പി.								
8.	എ.എസ്.വി.യു.പി.എസ്, എടക്കര	8	14	4	–	4 ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
9.	മാക്കഞ്ചേരി യു.പി.എസ്, തലക്കുളത്തൂർ	2	16	1	3	4 ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
10.	ആർ.എ.കെ.എം. യു.പി.എസ്. തലക്കുളത്തൂർ	6	11	–	4	5 മുറികൾ 2 ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
11.	വിജയലക്ഷ്മി യു.പി.എസ്, അന്നശ്ശേരി	5	6	–	4	3 ഹാളുകൾ	ഉണ്ട്	ഇല്ല	ഉണ്ട്
	ഹൈസ്കൂൾ								
12.	സി.എം.എം. ഹൈസ്കൂൾ, തലക്കുളത്തൂർ	2	18	2	–	18 മുറികൾ	ഉണ്ട്	ഇല്ല	ഉണ്ട്

പട്ടിക -2 (തുടർച്ച)
വാർഡ്, കെട്ടിടം, അക്കാദമിക സൗകര്യങ്ങൾ

ക്ര. ന.	സ്കൂളിന്റെ പേര്	പഠനോപകരണങ്ങൾ (മാപ്പ്,ചാർട്ട്,ഗ്ലോബ്) ആവശ്യത്തിന് ഉണ്ട്/ഇല്ല	ദൃശ്യശ്രാവ്യ ഉപകരണങ്ങൾ							
			റേഡിയോ	ടി.വി.	ടേപ്പ്റിക്കോഡർ	വി.സി ആർ./വി സി.പി.	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	മറ്റു പകരങ്ങൾ
	എൽ.പി.									
1	ബി.ഇ.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി	വേണ്ടത്രയില്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-
2	ജി.എൽ.പി.എസ്, അന്നശ്ശേരി	ഉണ്ട്	ഉണ്ട്	"	"	"	"	"	"	
3	ജി.എം.എൽ.പി.എസ്, തലക്കുളത്തൂർ	ഉണ്ട്	"	"	"	"	"	"	"	-
4	ഗുരുദേവ വിലാസം എൽ പി എസ് തലക്കുളത്തൂർ	ധവണ്ടത്രയില്ല	"	"	"	"	"	"	-	
5	എം.ഐ.എൽ.പി.സ്കൂൾ, അന്നശ്ശേരി	വേണ്ടത്രയില്ല	"	"	"	"	"	"	-	
6	ശ്രീകൃഷ്ണസഹായം എൽ.പി.എസ്. തലക്കുളത്തൂർ	ഗ്ലോബില്ല	ഉണ്ട്	"	ഉണ്ട്	"	"	"	"	-
7	ശ്രീകുമാരാശ്രമം എൽ.പി.സ്കൂൾ, തലക്കുളത്തൂർ	ഉണ്ട്	ഉണ്ട്	"	"	"	"	"	"	-
	യു.പി.									
8	എ.എസ്.വി.യു.എസ്, എടക്കര	ഗ്ലോബില്ല	ഇല്ല	"	ഇല്ല	"	"	"	"	-
9	മാക്കഞ്ചേരി യു.പി.എസ്, തലക്കുളത്തൂർ	വേണ്ടത്രയില്ല	"	"	"	"	"	"	"	-
10	ആർ.എ.കെ.എം. യു.പി.എസ്. തലക്കുളത്തൂർ	ഉണ്ട്	"	"	ഉണ്ട്	"	"	"	,,	മൈക്ക് സെറ്റുണ്ട്
11	വിജയലക്ഷ്മി യു.പി.എസ്, അന്നശ്ശേരി	വേണ്ടത്രയില്ല	ഉണ്ട്	"	ഇല്ല	"	"	"	"	-
	ഹൈസ്കൂൾ									
1	എം.എം ഹൈസ്കൂൾ, തലക്കുളത്തൂർ	ഉണ്ട്	"	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	"	"	മൈക്ക് സെറ്റുണ്ട്

ധത്തിൽ സജ്ജീകരിച്ചാൽ സയൻസ് കോർണറായും സ്പോർട്സ് ഉപകരണങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ, മറ്റു പഠനോപകരണങ്ങൾ എന്നി വസൂക്ഷിച്ചുവെക്കാനുള്ള മുറിയായും മറ്റും ഉപയോഗിക്കാം. ഏറ്റവും ചുരുങ്ങിയത് 6 മീറ്റർ × അഞ്ച് മീറ്റർ എങ്കിലും വിസ്തീർണ്ണമുള്ള ഒരു സുരക്ഷിതമായ സ്ഥലം ഇതിനായി ഓരോ വിദ്യാലയത്തിലും വേണ്ടതാണ്. (എൽ. പി.യിലും യു. പി.യിലും). ലൈബ്രറി, ലബോറട്ടറി എന്നിവ ഉപയോഗപ്പെടുത്താതിരിക്കുന്നത് ഒരു പ്രധാന കാരണം സ്ഥലസൗകര്യമില്ലായ്മയാണ്.

4) അദ്ധ്യാപകർ

ആകെ 148 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും 143 അദ്ധ്യാപകരാണ് പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ജോലിചെയ്യുന്നത്. അഞ്ച് ഒഴിവുകൾ നിലനിൽക്കുന്നു. ജി. എൽ. പി. സ്കൂൾ, അന്നശ്ശേരിയിൽ രണ്ട് ഒഴിവുകളുണ്ട്. ഇത് കൊച്ചുകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുമെന്നുറപ്പാണ്. ഒഴിവുകൾ കഴിയുംവേഗം നികത്തപ്പെടേണ്ടതാണ്. (പട്ടിക 2 കാണുക)

മിക്ക വിദ്യാലയ കെട്ടിടങ്ങളും ഹാളുകളാണ്. ക്ലാസ്മുറികളായി വിഭജിക്കപ്പെടാത്തത് അദ്ധ്യയനത്തെ ബാധിക്കും. ഏറ്റവും ചുരുങ്ങിയത് സ്ക്രീനുകളെങ്കിലും ക്ലാസ്മുറികൾക്കിടക്ക് അത്യാവശ്യമാണ്. 17 സ്ഥിരം കെട്ടിടങ്ങളും 16 അർദ്ധസ്ഥിരം കെട്ടിടങ്ങളുമാണ് ആകെ വിദ്യാലയങ്ങളിലുമാണ്. അർദ്ധസ്ഥിരം കെട്ടിടങ്ങളെ സ്ഥിരം കെട്ടിടങ്ങളാക്കി സുരക്ഷിതമാക്കേണ്ടതുണ്ട്.

ലൈബ്രറി പുസ്തകങ്ങളുണ്ടെങ്കിലും മിക്കി വിദ്യാലയങ്ങളിലും ലൈബ്രറി പ്രവർത്തിക്കുന്നില്ല. റീഡിംഗ് റൂം ഇല്ലാത്തതാണ് കുട്ടികളുടെ ഒഴിവുസമയം ഉപയോഗപ്പെടുത്തുന്നതിനും വായനാശീലം വയർത്തുന്നതിനും വിഘാതം സൃഷ്ടിക്കുന്നു. ചുമതലയുള്ള അദ്ധ്യാപകർ ലൈബ്രറി, റീഡിംഗ് റൂം പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ ശ്രമിക്കണം.

വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ലാത്തതിന് പരിഹാരം കാണാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പി. ടി. എ.കളുടെ സഹകരണത്തോടെ പഠനോപകരണ നിർമ്മാണത്തിന് ഒരു ശിൽപശാല ആസൂത്രിതമായും വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടും നടത്തേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിദ്യാലയങ്ങളുണ്ട്. 1, 7, 11 എന്നീ വാർഡുകളിലാണ് വിദ്യാലയങ്ങളില്ലാത്തത്. (പട്ടിക 3 കാണുക).

പഞ്ചായത്തിൽ ആകെ 12 വിദ്യാലയങ്ങളിൽ ആകെ പഠിക്കുന്ന വിദ്യാർത്ഥികൾ 3740 ആണെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ. അവരിൽ 704 വിദ്യാർത്ഥികൾക്ക് സർക്കാരിൽനിന്ന് വിവിധ സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പട്ടികജാതി / വർഗ്ഗ വിദ്യാർത്ഥികളായ 395 പേർക് ലംപ്സംഗ്രാന്റും 196 മുസ്ലിം പെൺകുട്ടികൾക്ക് സ്കോളർഷിപ്പും സ്കോളർഷിപ്പ് പാസായ 20 പേർക്ക് മെറിറ്റ് സ്കോളർഷിപ്പും ലഭിച്ചുവരുന്നു.

പാവപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള സാമ്പത്തികാനുകൂല്യങ്ങളുടെ വ്യാപ്തി കുറെക്കൂടി വർദ്ധിപ്പിക്കേണ്ടതാണ്. തുകയും ഇന്നത്തെ പണപ്പെരുപ്പത്തിന്റെ അടിസ്ഥാനത്തിൽ അപര്യാപ്തങ്ങളാണ്.

പട്ടിക-4

കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയ ശതമാനം
(സി.എം.എം.ഹൈസ്കൂൾ, തലക്കുളത്തൂർ)

1991-92	1992-93	1993-94	1994-95	1995-96
51%	45%	30%	36%	37%

തലക്കുളത്തൂർ പഞ്ചായത്തിലെ ഹൈസ്കൂളിലെ 91-92 വർഷത്തിൽ മാത്രമെ 50-ലധികം വിജയശതമാനം ഉണ്ടായിട്ടുള്ളു. ഈ പഞ്ചായത്തിൽനിന്ന് വിദ്യാർഥികൾ സമീപ പഞ്ചായത്തുകളിൽ പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിന് ഒരു പ്രധാന കാരണം വിജയശതമാനത്തിന്റെ കുറവായിരിക്കാം. മെച്ചപ്പെടുത്താൻ നടപടികൾ വേണം. (പട്ടിക 4 കാണുക).

അടുത്തതായി ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിഹാരമാർഗങ്ങളും പരിശോധിക്കാം.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന കാര്യങ്ങളെ പ്രധാനമായും നാലായി തിരിക്കാം.

I പുതിയതായി ആവിഷ്കരിച്ചു നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ:-

1) എല്ലാ എൽ പി വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രി. പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.

2) ഇപ്പോൾ അങ്കണവാടി, ബാലവാടി എന്നിവ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. 5, 9 വാർഡുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ബാലവാടികളുടെ കെട്ടിടങ്ങൾ അറ്റകുറപ്പണി നടത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

3) പഞ്ചായത്തിലെ ഹൈസ്കൂൾ ഒരു വൊക്കേഷനൽ ഹയർസെക്കണ്ടറി വിദ്യാലയമാക്കി ഉയർത്തണം. (Medical Lab technicians course, Stenography, Garment making എന്നീ വിഷയങ്ങൾ അഭ്യസിപ്പിക്കണം).

4) കമ്പ്യൂട്ടർ പരിശീലനമടക്കം ലഭ്യമാകുന്ന ഒരു ഐ ടി ഐ പഞ്ചായത്തിൽ സ്ഥാപിക്കണം.

5) പ്രി-എക്സാമിനേഷൻ കോച്ചിങ്ങ് സെൻറർ, സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് ഗ്രാമർ, എസ് എസ് എൽ സി പാസ്സായ വിദ്യാർഥികൾക്ക് ഇംഗ്ലീഷിൽ സ്പെഷൽ കോച്ചിംഗ് എന്നിവക്ക് വിദഗ്ദ്ധരായ അധ്യാപകരെ ഉപയോഗപ്പെടുത്തി ഒരു പ്രത്യേക വിദ്യാഭ്യാസസ്ഥാപനം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ആരംഭിക്കണം. ഗുണഭോക്താക്കളിൽ നിന്ന് ചെലവിനുള്ള പണം സ്വീകരിച്ചുകൊണ്ട് ഇവ നടത്താം.

6) ഹ്രസ്വകാല തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിച്ച്, സോപ്പുനിർമാണം, കുട നിർമാണം, ചകിരിനാരുകൊണ്ടുള്ള അലങ്കാരവസ്തു നിർമാണം, തുന്നൽ, എംബ്രോയ്ഡറി, വസ്ത്രനിർമ്മാണം തുടങ്ങി പല വിഷയങ്ങളിലും പരിശീലനം നൽകണം. (അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക്).

7) വിദ്യാലയങ്ങളിലെ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിന് പറ്റിയ തരത്തിൽ ഒരു നീന്തൽകുളം സ്ഥാപിക്കണം.

8) പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം സ്ഥാപിക്കണം.

9) കോഴിക്കോടിനും കൊയിലാണ്ടിക്കുമിടയിൽ ഒരു കോളേജില്ലാത്തതിനാൽ വിദ്യാർഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ തലക്കുളത്തൂരിൽ ഒരു കോളേജ് സ്ഥാപിക്കണം. ഇവി

പട്ടിക–3
സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികളുടെ എണ്ണം

ക്ര. ന.	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംപ്സം ഗ്രാന്റ്	മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ കുട്ടികൾ	ബീഡിതൊഴിലാളികൾ	മത്സ്യത്തൊഴിലാളികൾ	മെറിറ്റോറിയൽ സ്കോളർഷിപ്പ് എസ്.സി/എസ്.ടി.	വേട്ടുവഗ്രാന്റ്	ഹോട്ടൽതൊഴിലാളികൾ
	എൽ.പി.										
1.	ബി.ഇ.എം.എൽ.പി.സ്കൂൾ, അന്നശ്ശേരി		29					1			
2.	ജി.എൽ.പി.എസ്, അന്നശ്ശേരി		20					2			
3.	ജി.എം.എൽ.പി.എസ്, തലക്കുളത്തൂർ	1	4								
4.	ഗുരുദേവ വിലാസം എൽ പി എസ് തലക്കുളത്തൂർ		14	11	2			4			
5.	എം.ഐ.എൽ.പി.സ്കൂൾ, അന്നശ്ശേരി		13		2			2			
6.	ശ്രീകൃഷ്ണസഹായം എൽ.പി.എസ്.തലക്കുളത്തൂർ		5		3						
7.	ശ്രീകുമരാശ്രമം എൽ.പി.സ്കൂൾ,തലക്കുളത്തൂർ	4	7					1			
	യു.പി.										
8.	എ.എസ്.വി.യു.പി.എസ്, എടക്കര		94	22	3						
9.	മാക്കഞ്ചേരി യു.പി.എസ്, തലക്കുളത്തൂർ	4	71	22	1			14		10	
10.	ആർ.എ.കെ.എം. യു.പി.എസ്. തലക്കുളത്തൂർ	3	35	72	7			1	9		
11.	വിജയലക്ഷ്മി യു.പി.എസ്, അന്നശ്ശേരി	4	26	27				5			
	ഹൈസ്കൂൾ										
12.	സി.എം.എം. ഹൈസ്കൂൾ, തലക്കുളത്തൂർ	4	77	42	4			8	5	6	3
	ആകെ	20	395	196	22		38		14	16	3

ടെ BEd പരിശീലനസൗകര്യവും വേണം.

10) ഒരു വികലാംഗവിദ്യാലയം സ്ഥാപിക്കാൻ നടപടി കൈക്കൊള്ളണം.

11) ഗുരുദേവ വിലാസം എൻ പി, വിജയലക്ഷ്മി യു പി, ശ്രീകൃഷ്ണസഹായം എൻ പി എന്നിവ അപ്ഗ്രേഡ് ചെയ്യണം. അഞ്ചാംവാർഡ് നമ്പ്യാർ ചാലിൽ ഭാഗത്ത് ഒരു എൽ പി വിദ്യാലയം ആരംഭിക്കണം.

12) പൊതുജന സഹകരണത്തോടെ 5, 6, 7, 8, 11 എന്നീ വാർഡുകളിൽ ഓരോ പൊതുലൈബ്രറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

13) എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലം ഏർപ്പെടുത്തണം.

14) പഞ്ചായത്തിൽ ഒരു പൊതു ഓഡിറ്റോറിയം (കമ്മ്യൂണിറ്റി ഹാൾ) നിർമ്മിക്കണം. അതിൽനിന്നുള്ള വരുമാനം ഉപയോഗിച്ച് ലോണുകൾ തിരിച്ചടക്കാൻ കഴിയുന്നതാണ്.

15) സ്റ്റേറ്റ് ഹൈവെയിലും അന്നശ്ശേരി റോഡിലും വിദ്യാലയങ്ങൾക്ക് സമീപം സൈൻ ബോർഡുകളും ഹമ്പുകളും സ്ഥാപിക്കണം.

II നിലവിലുള്ള വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ:-

1) നിലവിലുള്ള വിദ്യാലയങ്ങളുടെ പല കെട്ടിടങ്ങളും ജീർണ്ണിച്ച അവസ്ഥയിലാണ്. അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷിതമാക്കാൻ പി ടി എകളും മാനേജരും ഗ്രാമപഞ്ചായത്തും സംയുക്തമായ പരിശ്രമം നടത്തണം.

2) അർദ്ധസ്ഥിര കെട്ടിടങ്ങളെ സ്ഥിരം കെട്ടിടങ്ങളാക്കുക, ഫർണ്ണീച്ചറുകൾ പഠനോപകരണങ്ങൾ, ചുറ്റുമതിൽ, കളിസ്ഥലം, പാചകമുറി മുതലായവയും മൂത്രപ്പുര, കക്കൂസ്, കിണർ, പമ്പ്സെറ്റ്, വൈദ്യുതി എന്നിവയും എല്ലാ വിദ്യാലയങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്നാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുക. പഞ്ചവത്സര പദ്ധതിയിൽ പണം നീക്കിവെച്ചും പ്രാദേശിക വിഭവസമാഹരണത്തിലൂടെയും ഇത് പ്രായോഗികമാക്കണം.

3) വിദ്യാലയങ്ങളിൽ ലാബോറട്ടറി, ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

4) ഹൈസ്കൂളുകളുൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണപരിപാടി നടപ്പാക്കണം.

5) വിജയലക്ഷ്മി യു പി സ്കൂൾ, മാക്കഞ്ചേരി യു പി സ്കൂൾ എന്നിവയിലേക്കുള്ള വഴി വീതികൂട്ടി വാഹനഗതാഗതയോഗ്യമാക്കണം. സന്നദ്ധ സേവനത്തിന് ജനങ്ങൾ തയ്യാറാണ്. പഞ്ചായത്ത് മുൻകൈ എടുക്കണം.

6) വിജയലക്ഷ്മി യു പി സ്കൂൾ, ആർ എ കെ എം യു പി സ്കൂൾ എന്നിവയുടെ കെട്ടിടങ്ങൾ അടിയന്തരമായും നവീകരിക്കാൻ നടപടി സ്വീകരിക്കണം.

III വിദ്യാർഥികളെ സംബന്ധിച്ചവ:-

1) പാവപ്പെട്ട എല്ലാ വിദ്യാർഥികൾക്കും സൗജന്യ സ്കൂൾ യൂനിഫോം നൽകണം.

2) സ്പെഷലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് പ്രവൃത്തി പരിചയം എല്ലാ ക്ലാസുകളിലും മെച്ചമായി നടപ്പാക്കണം.

3) സാഹിത്യസമാജം, ബാലസമാജം എന്നിവ വിദ്യാലയങ്ങളിൽ നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

4) പി. ടി. എ. മാതൃസംഘം എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചിക്കുകയും മാതൃസംഗമങ്ങൾ ഇടക്കിടെ നടത്തുകയും ചെയ്യുക.

5) എസ്. എസ്. എൽ. സി. നിലവാരം ഉയർത്താനാവശ്യമായ നടപടികൾ: കാലത്തും വൈകീട്ടും സ്പെഷൽ ക്ലാസുകൾ, വെക്കേഷൻ ക്ലാസ്, മന്തിലി എക്സാമിനേഷൻ, തരംതിരിച്ചു പഠിപ്പിക്കൽ, ബോധരീതി കൂട്ടൽ ഫലപ്രദമാക്കൽ എന്നീ മാർഗങ്ങളിലൂടെ എസ്. എസ്. എൽ. സി. ഗുണനിലവാരവും വിജയശതമാനവും ഉയർത്തുന്ന പ്രവർത്തനത്തിൽ അദ്ധ്യാപകരെയും രക്ഷിതാക്കളെയും പരമാവധി സഹകരിപ്പിക്കുക. 8, 9 ക്ലാസുകളിൽ ഗണിതം, ഭാഷ, സയൻസ് വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ അടിത്തറ ശക്തമാക്കുക. ഇതിനായി 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നലകുക.

6) എസ്. എസ്. എൽ. സി. തോറ്റ ദരിദ്രവിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കാൻ സാമ്പത്തികസഹായം നൽകുക.

7) മിടുക്കരായ ദരിദ്രവിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം അനുവദിക്കുക.

8) വിദ്യാർത്ഥികൾക്ക് പരിസ്ഥിതി, ആരോഗ്യം, പരിസരശുചിത്വം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9) സമൂഹത്തിലെ മദ്യപാനം, പുകവലി, മയക്കുമരുന്ന് ഉപയോഗം എന്നീ ദുശ്ശീലങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തിക്കൊണ്ടുവരുന്നതിനുള്ള മാതൃകാ പ്രവർത്തനങ്ങളിൽ അദ്ധ്യാപകരെ ഭാഗഭാഗക്കുകളാക്കുക. അതിനുവേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

IV സർക്കാരിന്റെയും പഞ്ചായത്തിന്റെയും നടപടികൾ ആവശ്യമായവ:

1) എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാധികാരം സർക്കാരിന് തന്നെ ആയിരിക്കാൻ നടപടി സ്വീകരിക്കുക.

2) സാക്ഷരതാ പ്രവർത്തനം, തുടർവിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുക. ജനവിദ്യാകേന്ദ്രങ്ങൾ സജീവമായി പ്രവർത്തിപ്പിക്കുക.

3) പ്രൈമറി വിദ്യാലയങ്ങളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1-30 കർശനമായി നടപ്പിലാക്കുക.

4) ഒന്നാം തരത്തിലെ 100% ജയിപ്പിക്കൽ ശാസ്ത്രീയമായി പുനഃപരിശോധനക്ക് വിധേയമാക്കി നിർത്തലാക്കാൻ ശ്രമിക്കണം.

5) സ്കൂൾ കോംപ്ലക്സ്, ജില്ലാ വിദ്യാഭ്യാസ പദ്ധതി എന്നിവ ഊർജിതമായി നടപ്പിലാക്കുക.

6) കലാകായിക വിദ്യാഭ്യാസത്തിനാവശ്യമായ അദ്ധ്യാപകരെ എല്ലാ വിദ്യാലയങ്ങളിലും നിയമിക്കുക. (ഡാൻസ്, മ്യൂസിക്ക്, ഡ്രസ്സിംഗ്, പി. ഇ. ടി. എന്നിവക്ക്).

7) വാസനാസമ്പന്നരായ വിദ്യാർത്ഥികൾക്ക് കലാകായികരംഗത്ത് ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം നൽകുക.

8) നൃത്തം, സംഗീതം, ചിത്രമെഴുത്ത്, അഭിനയം മുതലായ കലകളിൽ പരിശീലനം നൽകുന്ന ഒരു കലാവിദ്യാലയം വിദഗ്ദ്ധരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് നത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. വിദ്യാഭ്യാസ പുരോഗതിയോടൊപ്പം സാംസ്കാരിക പുരോഗതിയും കൈവരിക്കാൻ ഇത് അത്യന്താപേക്ഷിതമാണ്. ഗുണഭോക്താക്കളിൽനിന്ന് ചെലവിനുള്ള പണം സ്വീകരിക്കാം.

9) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടക്കിടെ പരിശോധനകൾ നടത്താൻ സംവിധാനം ഏർപ്പെടുത്തുക.

കൊഴിഞ്ഞുപോക്കും പട്ടണത്തിലേക്കുള്ള ഒഴുക്കും നിർത്തി നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽത്തന്നെ തങ്ങളുടെ മക്കളെ പഠിപ്പിക്കാൻ തലക്കുളത്തൂരിലെ ഏതൊരു പൗരനും സാദ്ധ്യമാകുമാറ് വിദ്യാലയങ്ങളുടെ ഇന്നത്തെ ശോചനീയാവസ്ഥക്കും വിദ്യാഭ്യാസനിലവാരത്തിന്റെ തകർച്ചക്കും പരിഹാരം കണ്ട് വിദ്യാലയങ്ങളുടെ മുഖഛായതന്നെ മാറ്റിയെടുക്കാൻ നമുക്ക് കഴിയും. ●

ആരോഗ്യമുള്ള മനസ്സ് ആരോഗ്യമുള്ള ശരീരത്തിൽ കുടികൊള്ളുന്നു എന്നർത്ഥം വരുന്ന ഒരു ചൊല്ല് ഹിന്ദിയിലുണ്ട്. (ചംഗാ മൻ സ്വസ്ഥ് ശരീർ മെം രഹ്താ ഹെ). നമ്മുടെ സുഖസമ്പൂർണ്ണമായ ജീവിതത്തിന് ആരോഗ്യം അത്യന്താപേക്ഷിതമായ ഘടകമാണ്. ആരോഗ്യവും അദ്ധ്വാനശേഷിയുമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്.

ആരോഗ്യം - പരിസരശുചിത്വം

ആരോഗ്യമുള്ള മനസ്സ് ആരോഗ്യമുള്ള ശരീരത്തിൽ കുടികൊള്ളുന്നു എന്നർത്ഥം വരുന്ന ഒരു ചൊല്ല് ഹിന്ദിയിലുണ്ട്. (ചംഗാ മൻ സ്വസ്ഥ് ശരീർ മെം രഹ്താ ഹെ). നമ്മുടെ സുഖസമ്പൂർണ്ണമായ ജീവിതത്തിന് ആരോഗ്യം അത്യന്താപേക്ഷിതമായ ഘടകമാണ്. ആരോഗ്യവും അദ്ധ്വാനശേഷിയുമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്.

ആധുനിക ചികിത്സാരീതികളൊന്നും നിലവിലില്ലാതിരുന്ന പഴയ കാലത്ത് നാട്ടുചികിത്സാരീതിയാണ് നിലവിലുണ്ടായിരുന്നത്. അടുത്തകാലം വരെ വ്യാപകമായി കാണപ്പെട്ടിരുന്ന നാടൻ തറിമരുന്നുശാലകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. വിഷചികിത്സാരംഗത്ത് പ്രശസ്തനായ ശങ്കരൻവൈദ്യർ, പാമ്പുവിഷ ചികിത്സകരായ ഡേവിഡ്മാസ്റ്റർ, കണ്ടപ്പുണ്ണിനായർ തുടങ്ങിയവർ ശ്രദ്ധേയരാണ്. ആധുനിക വൈദ്യശാസ്ത്ര ചികിത്സക്ക് കോഴിക്കോട് പട്ടണത്തെയാണ് ഇവിടത്തുകാർ ശരണംപ്രാപിച്ചിരുന്നത്.

ആയുർവ്വേദം, ഹോമിയോ, അലോപ്പതി എന്നീ മൂന്ന് ചികിത്സാരീതികൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. ആയുർവ്വേദ ഡിസ്പൻസറി അന്നശ്ശേരിയിലും ഹോമിയോ ഡിസ്പൻസറി പറമ്പത്ത് ബസാറിലുമാണ് പ്രവർത്തിപ്പിക്കുന്നത്. പറമ്പത്ത്ബസാറിന് തെക്കുവശത്ത് കച്ചേരിക്കും പുറക്കാട്ടിരിക്കുമിടയിലാണ് അലോപ്പതി ചികിത്സാകേന്ദ്രമായ പ്രൈമറി ഹെൽത്ത്സെൻറർ സ്ഥിതിചെയ്യുന്നത്. പ്രാഥമികാരോഗ്യകേന്ദ്രം 1968-ലാണ് സ്ഥാപിച്ചത്. പാവയിൽ റോഡിലെ ഒരു സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഈ ആരോഗ്യകേന്ദ്രം പിന്നീട് സ്വന്തം കെട്ടിടത്തിലേക്ക് മാറി. 1982-ൽ സ്ഥാപിച്ച ആയുർവേദ ഡിസ്പൻസറിയും വാടകകെട്ടിടത്തിലാണ് ആരംഭിച്ചതെങ്കിലും ഇപ്പോൾ അന്നശ്ശേരിയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഗവർമെണ്ട് ഹോമിയോ ഡിസ്പൻസറി 1993-ലാണ് ആരംഭിച്ചത്. പറമ്പത്ത് ബസാറിലെ ഒരു വാടകക്കെട്ടിടത്തിലെ ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത ജലജന്യരോഗങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. രജിസ്റ്റർ ചെയ്ത രോഗികളിൽ എലത്തൂർ, കക്കോടി, ചേളന്നൂർ പഞ്ചായത്തുകളിലുള്ളവർ ഉൾപ്പെടുമെങ്കിലും ഭൂരിപക്ഷവും ഈ പഞ്ചായത്തുകാർ തന്നെയാണ്. ശുദ്ധജലത്തിന്റെ അഭാവമാണിത് കാണിക്കുന്നത്.

പകർച്ചവ്യാധി വിവരങ്ങൾ

പഞ്ചായത്തിലെ മൂന്ന് ചികിത്സാരീതികളിലെയും ആരോഗ്യകേന്ദ്രങ്ങളിലെത്തിച്ചേരുന്ന രോഗികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്നത് സൂചകമായെടുത്താൽ രോഗാതുരത നേരിയതോതിൽ വർദ്ധിച്ചുവരുന്നതായി കാണാം. പ്രൈമറി ഹെൽത്ത് സെൻററിൽ ചികിത്സക്കായെത്തുന്ന ഒ. പി. വിഭാഗം രോഗികളുടെ എണ്ണം 1992-93ൽ 1929,122-ഉം 1993-94ൽ 28,338-ഉം 1994-95ൽ 32,906-ഉം 1995-96ൽ 39,289-ഉം ആണ്. ആയുർവ്വേദ ഡിസ്പൻസറിയിൽ ഇത് യഥാക്രമം 16,110, 16,009, 14,509, 19,527 എന്നിങ്ങനെയും ഹോമിയോ ഡിസ്പൻസറിയിൽ യഥാക്രമം 19,17,421, 22,722, 20,032 എന്നിങ്ങനെയുമാണ്. (വിശദവിവരങ്ങൾക്ക് പട്ടിക കാണുക).

പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഏക ആശ്രയമായ ആരോഗ്യകേന്ദ്രമാണ് 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രം. മൂന്ന് ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്ന, 12 കിടക്കകളുള്ള ഈ ആശുപത്രി ഇവിടത്തെ ജനങ്ങൾക്കും അടുത്ത പഞ്ചായത്തിലുള്ളവർക്കും ഒരു വലിയ അനുഗ്രഹമാണ്. എങ്കിലും പരിമിതികൾ കാരണം ഉദ്ദേശിച്ചത്ര സേവനം ഇവിടെനിന്നും ജനങ്ങൾക്ക് ലഭിക്കുന്നില്ല.

ആശുപത്രിയിൽ ലാബ്, എക്സ്റേ യൂനിറ്റ് എന്നിവയില്ല. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം പരിമിതമാണ്. രാത്രികാലങ്ങളിൽ ഡോക്ടർമാരുടെയും മറ്റും സേവനം അർഹിക്കുന്ന രീതിയിൽ ലഭിക്കുന്നില്ല. വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും നില ശോചനീയമാണ്. ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകമായ വൈദ്യപരിശോധനക്കുള്ള സൗകര്യം കുറവാണ്.

പട്ടിക-1

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	846	148	21 (മലേറിയ	-
1994-95	1377	104	13	-
1995-96	2034	181	13	-

പ്രശ്നങ്ങൾ

1) 1968-ൽ സ്ഥാപിച്ച ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രം അസൗകര്യങ്ങൾകൊണ്ട് വീർപ്പുമുട്ടുകയാണ്. ജീവനക്കാരുടെ മൂന്ന് ഒഴിവുകൾ നികത്താനുണ്ട്. ശുദ്ധജലദൗർലഭ്യം, കക്കൂസ്, കുളിമുറി എന്നിവ വേണ്ടത്രയില്ലാത്തത്, നിലവിലുള്ള കക്കൂസ്ടാങ്കിൽനിന്നും മാലിന്യങ്ങൾ പുറത്തെ ഇടവഴിയിലേക്ക് ചോരുന്നത് എന്നിവ ഗൗരവതരമാണ്.

2) കെട്ടിടം അത്യന്തം ശോചനീയാവസ്ഥയിലാണ്.

3) ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

4) വിദ്യുച്ഛക്തി പ്രശ്നം, ഡ്രെയിനേജ് ഇല്ലായ്മ എന്നിവ.

5) ഒപ്താൽമിക് അസിസ്റ്റൻറ് ഇല്ല.

6) രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പരിമിതമാണ്.

7) ലാബ്, എക്സ്റേ യൂനിറ്റ് എന്നിവ ഇല്ല.

8) ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക ചികിത്സാസൗകര്യം ഇല്ല.

9) ആയുർവേദ ഡിസ്പൻസറിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.

10) അത്യാവശ്യത്തിന് വേണ്ട മരുന്നുകളില്ല.

11) വിദ്യുച്ഛക്തി, ആവശ്യത്തിന് ഫർണിച്ചർ, ചുറ്റുമതിൽ, പാത്രങ്ങൾ, അടുപ്പ് എന്നിവയില്ല.

12) ഗവ. ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല. ആവശ്യത്തിന് ഫർണിച്ചർ ഇല്ല.

13) രജിസ്റ്ററുകൾ, ഒ. പി. ലിസ്റ്റ് എന്നിവ വളരെ അപര്യാപ്തം.

14) ഒരു വർഷത്തെ ആവശ്യത്തിനനുസരിച്ചുള്ള മരുന്നുകൾ ലഭിക്കുന്നില്ല.

15) ഉപകരണങ്ങൾ, വാട്ടർഹീറ്റർ, ഡ്രസ്സിംഗ് മെറ്റീരിയൽ എന്നിവ ഇല്ല.

16) പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ പഞ്ചായത്ത് കേന്ദ്രത്തിൽനിന്നും ഏറ്റവും അകലെ കിടക്കുന്ന എടക്കര - പട്ടർപാലം പ്രദേശത്ത് ആതുരശുശ്രൂഷാ സൗകര്യങ്ങൾ തീരെ ഇല്ല. ചികിത്സക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്താൻ ഇവിടത്തുകാർക്ക് യാത്രാസൗകര്യങ്ങളില്ല. 8 കി. മീ. ദൂരെയുള്ള കക്കോടിയിലാണ് മറ്റൊരു ശരണം. പെട്ടെന്നൊരു രോഗം വന്നാൽ വാഹനം വിളിച്ച് വളരെ അകലെ സ്ഥിതിചെയ്യുന്ന ആരോഗ്യകേന്ദ്രത്തിലോ സ്വകാര്യ ഡോക്ടർമാരുടെ അടുത്തോ പോകേണ്ടിവരുന്നു. അടുത്തൊന്നും സ്വകാര്യ ഡോക്ടർമാർ പോലും ഇല്ല.

പരിസരശുചിത്വം

17) പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങൾ പുഴയോരത്താകയാൽ പരിസരമലിനീകരണം കൂടുതലായി അനുഭവപ്പെടുന്നു.

18) ബഹുഭൂരിപക്ഷം വീടുകൾക്കും ഫലപ്രദമായ കക്കൂസ് സൗകര്യം നിലവിലില്ല. പുഴയോരത്തും തോട്ടുവക്കത്തുമുള്ള തുറന്ന കക്കൂസുകൾ വലിയ പരിസരമലിനീകരണപ്രശ്നം ഉളവാക്കുന്നു. ഇവിടങ്ങളിൽ പൊതുവെ കൊതുകുശല്യം ഉണ്ട്. കൂടാതെ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലവും ഇതിനൊരു കാരണമാണ്.

19) പഞ്ചായത്തിൽ ആധുനിക സൗകര്യത്തോടുകൂ

പട്ടിക 2 (1)
പ്രൈമറി ഹെൽത്ത് സെൻറർ

വർഷം	ഇൻ പേഷ്യൻറ്	ഔട്ട് പേഷ്യൻറ്	വാത രോഗം	ത്വക്ക് രോഗം	പകർച്ച വ്യാധികൾ	മറ്റു രോഗങ്ങൾ
1992-93	1132	29122	616	24204	1832	24270
1993-94	1221	28338	104	2181	3047	23006
1994-95	1115	32906	60	2991	5971	23884
1995-96	1513	39289	121	5368	5452	28348

പട്ടിക 2 (2)

ആയുർവ്വേദ ഡിസ്പൻസറി

വർഷം	ഒ.പി.	വാതം	ത്വക്ക് രോഗം	പകർച്ചവ്യാധി	മറ്റു രോഗങ്ങൾ
1992-93	16110	8055	1611	1611	4833
1993-94	16009	8005	1600	1600	4794
1994-95	14509	7255	1450	1450	4354
1995-96	19527	8764	1952	1952	6859

ടിയ ഒരു പൊതുശ്മശാനം ഇല്ല. അതുകൊണ്ട് ലക്ഷംവീട് കോളനികളിലും മറ്റും താമസിക്കുന്നവർ ശവം മറവുചെയ്യാൻ വളരെ വിഷമിക്കുന്നു. വീട്ടുവളപ്പിലെ ശവസംസ്കാരം പരിസരമലിനീകരണം ഉണ്ടാക്കുന്നു.

20) പട്ടണപ്രദേശങ്ങളിൽനിന്നും മറ്റും കൊണ്ടുവരുന്ന ആശുപത്രി മാലിന്യങ്ങൾ അടങ്ങിയ കമ്പോസ്റ്റ് പരിസരമലിനീകരണം സൃഷ്ടിക്കുന്നു. പഞ്ചായത്തിലെ ചപ്പുചവറുകൾ നീക്കംചെയ്യാനുള്ള സംവിധാനം പര്യാപ്തമല്ല.

21) മത്സ്യവും മറ്റും പൊതുസ്ഥലങ്ങളിൽവെച്ച് വിൽപ്പന നടത്തുന്നത് പരിസരമലിനീകരണത്തിന് കാരണമാകുന്നു.

22) പൊതുസ്ഥലങ്ങളിൽവെച്ചുള്ള മാടുകളെ അറക്കൽ പരിസരമലിനീകരണത്തിന് ഇടയാക്കുന്നു.

23) ഹോട്ടലിൽനിന്നും മറ്റും പുറത്തേക്കൊഴുകുന്ന വെള്ളവും മറ്റു മാലിന്യങ്ങളും പരിസരമലിനീകരണത്തിന് കാരണമാകുന്നു.

24) കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ചുറ്റുമുള്ള വെള്ളം ഒഴുകിപ്പോകാതെ കെട്ടിനിൽക്കാനിടയാകുന്നത് പല പരിസരമലിനീകരണത്തിനും ഇടയാക്കുന്നു.

നിർദ്ദേശങ്ങൾ

1) പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം ഒന്നുകൂടി സജീവവും കാര്യക്ഷമവുമാക്കണം. ആശുപത്രിയുടെ പ്രവർത്തനത്തിൽ പഞ്ചായത്തിന് കാര്യമായ നിയന്ത്രണമുണ്ടായിരിക്കണം. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണം. ലാബ്, എക്സ്റേ യൂനിറ്റ് എന്നിവ സ്ഥാപിക്കേണ്ടതുണ്ട്.

2) നിലവിലുള്ള കിണർ ശുദ്ധീകരിക്കുകയും പുതുതായി പണിതുടങ്ങാനിരിക്കുന്ന കിണർ ഉടൻ പണി പൂർത്തീകരിക്കുകയും ചെയ്താൽ നിലവിലുള്ള ശുദ്ധജലപ്രശ്നം പരിഹരിക്കാം. കൂടാതെ വാട്ടർ അതോറിറ്റിയുടെ വാട്ടർകണക്ഷനും ആശുപത്രിക്ക് നൽകണം. ആരോഗ്യ ബോധവൽക്കണ ക്ലാസുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സജീവമാക്കണം.

3) കയർതൊഴിലാളികൾക്കായുള്ള വാർഡ് അവർക്കായി തന്നെ മാറ്റിവെച്ച് വാർഡിലേക്കാവശ്യമായ ജീവനക്കാരെ നിയമിക്കുവാനുള്ള നടപടി ഉണ്ടാവണം. ഹെൽത്ത് സെന്ററിന് സ്വന്തമായി ഒരു ആംബുലൻസും ആശുപത്രിയിൽ ഒരു പബ്ലിക്ക് ടെലിഫോണും അത്യാവശ്യമാണ്. സമൂഹവിരുദ്ധരുടെ ശല്യം ഒഴിവാക്കാനായി ചുറ്റുമതിൽ കെട്ടുകയും വാച്ച്മേനെ നിയമിക്കുകയും വേണം.

4) ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ വേണ്ടതായ സൗകര്യം ഉണ്ടാവണം. ആവശ്യമായ ഔഷധം, കഷായം പാകംചെയ്യുവാനുള്ള പാത്രം, അടുപ്പ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ആയുർവ്വേദ ഡോക്ടറുടെ സേവനം ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മറ്റു ചില വാർഡുകളിലേക്കു കൂടി ലഭ്യമാക്കേണ്ടതാണ്.

5) ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കി പ്രവർത്തനം കാര്യക്ഷമമാക്കണം. മൈനർ ഇറിഗേഷനുവേണ്ടി പാവ

പട്ടിക 2 (3) ഹോമിയോ ഡിസ്പൻസറി

വർഷം	ഒ.പി.	വാതം	ത്വക്ക് രോഗം	പകർച്ചവ്യാധി	മറ്റു രോഗങ്ങൾ
1992-93	19	3	8	4	4
1993-94	17421	871	7839	3484	5227
1994-95	27222	1136	10224	4544	6840
1995-96	20032	1001	9014	4006	8011

യിൽ ഭാഗത്ത് അക്വയർ ചെയ്തിട്ടുള്ള സ്ഥലത്തേക്ക് പ്രസ്തുത കെട്ടിടം മാറ്റാവുന്നതാണ്. ഡിസ്പൻസറിയിൽ ഡ്രസ്സിങ്ങ് സൗകര്യങ്ങൾ, വാട്ടർ ഫിൽട്ടർ, ആവശ്യമായ മരുന്നുകൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കണം.

6) പത്താം വാർഡൊഴികെ മറ്റെല്ലാ വാർഡുകളിലും ഓരോ സബ് സെൻറർ സ്ഥാപിച്ച് ആരോഗ്യ പ്രവർത്തനം സൗകര്യപ്രദമാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്ത് കേന്ദ്രത്തിൽ നിന്നും ഏറെക്കുറെ ഒറ്റപ്പെട്ടു നിൽക്കുന്ന എടക്കര ഭാഗത്ത് നിലവിലുള്ള സബ്സെൻററിൻെറ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. സ്ഥിരമായി ഒരു ഡോക്ടർ, നഴ്സ്, ഫൈനക്കോളജി ഡോക്ടർ എന്നിവരുടെ സേവനം ലഭ്യമാക്കുക.

7) ശ്മശാനത്തിനുവേണ്ടി വിലക്കെടുത്ത സ്റ്റീഫൻമല പ്രദേശത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ശ്മശാനം നിർമ്മിക്കുക, ശ്മശാനത്തിലേക്ക് റോഡ് സൗകര്യം, വാഹനം എന്നിവ ലഭ്യമാക്കുക.

8) കോർപ്പറേഷനിൽ നിന്നും മറ്റും ആശുപത്രി മാലിന്യങ്ങൾ നിറഞ്ഞ കമ്പോസ്റ്റ് പഞ്ചായത്ത് പ്രദേശങ്ങളിലേക്ക് കൊണ്ടുവരുന്നത് നിരോധിക്കണം. കൂടാതെ ഇവിടെയുള്ള ചപ്പുചവറുകൾ നീക്കംചെയ്യാൻ പ്രധാന കേന്ദ്രങ്ങളിൽ Dust Bin സ്ഥാപിക്കണം. ഈ ചപ്പുചവറുകളിൽനിന്നും ശാസ്ത്രീയമായി കമ്പോസ്റ്റ് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകാവുന്നതാണ്.

9) പ്രധാന കേന്ദ്രങ്ങളിൽ പൊതുമത്സ്യമാർക്കറ്റ് സ്ഥാപിച്ചാൽ പൊതുസ്ഥലങ്ങളിലെ മത്സ്യവിൽപ്പന കൊണ്ടുണ്ടാകുന്ന ദൂഷ്യങ്ങൾ ഒഴിവാക്കാം.

ആവശ്യമുള്ള സ്ഥലങ്ങളിൽ അറവുശാലകൾ സ്ഥാപിക്കുകയും അറക്കുന്ന മാടുകളെ പരിശോധനക്ക് വിധേയമാക്കുകയും ചെയ്താൽ അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

10) ഹോട്ടൽ കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ വെള്ളം കെട്ടിനിന്ന് പരിസരമലിനീകരണം ഉണ്ടാവുന്നത് തടയാൻ ശ്രദ്ധിക്കണം. ഇതിനുവേണ്ടി പഞ്ചായത്ത് – ആരോഗ്യവകുപ്പ് അധികൃതർക്ക് സംയുക്തമായി പരിശോധന നടത്താവുന്നതാണ്.

പഞ്ചായത്തിലെ കായിക പ്രതിഭകൾക്ക് അവരുടെ കഴിവ് വികസിപ്പിക്കാനും പ്രദർശിപ്പിക്കാനും ഉതകുന്ന രീതിയിൽ പഞ്ചായത്ത് തലത്തിൽ പൊതു കളിസ്ഥലം നിർമ്മിക്കേണ്ടതാണ്.

11) ഹോട്ടലിൽനിന്നും മറ്റും പുറത്തേക്ക് ഒഴുകിവരുന്ന മലിനജലവും മലിനവസ്തുക്കളും പരിസരമലിനീകരണം സൃഷ്ടിക്കുന്നതിനാൽ ഇവ നീക്കംചെയ്യുന്നതിന് വേണ്ടതായ സംവിധാനം ഉണ്ടാക്കുവാൻ പഞ്ചായത്ത് കർശന നിർദ്ദേശം നൽകണം.

12) പഞ്ചായത്തിലെ കായികപ്രതിഭകൾക്ക് അവരുടെ കഴിവ് വികസിപ്പിക്കാനും പ്രദർശിപ്പിക്കാനും ഉതകുന്ന രീതിയിൽ പഞ്ചായത്ത് തലത്തിൽ പൊതു കളിസ്ഥലം നിർമ്മിക്കേണ്ടതാണ്.

13) നായ വളർത്തലിന് പഞ്ചായത്തിലെ ലൈസൻസ് നിർബന്ധമാക്കേണ്ടതാണ്. അലഞ്ഞുതിരിയുന്ന നായ്ക്കളെ മുഴുവൻ പിടിക്കാൻ ഒരു തീവ്രയത്നപരിപാടി നടപ്പിലാക്കണം.

14) സംസ്ഥാനത്തൊട്ടാകെ ഏകീകരിച്ചുള്ള ഒരു 'പൊതുജനാരോഗ്യ നിയമം' നടപ്പിൽവരുത്തേണ്ടത് അത്യാവശ്യമാണ്.

15) അർഹതപ്പെട്ടവർക്ക് സാമ്പത്തികസഹായം നൽകിയും മറ്റും ആവശ്യമായ കക്കൂസ് നിർമ്മിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്താൽ ഈ നിലയിലുള്ള മലിനീകരണം ഒഴിവാക്കാം.

16) അങ്ങാടികളിലും പ്രധാ ബസ്സ്റ്റോപ്പുകളിലും പൊതു കക്കൂസ് നിർമ്മിക്കുന്നത് പരിസര ശുചീകരണത്തിന് ആവശ്യമാണ്. വെള്ളം കെട്ടിനിൽക്കാനിടയുള്ള സ്ഥലങ്ങളിൽ കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കാൻ പഠനക്ലാസുകൾ നടത്തേണ്ടതാണ്.

17) ശുദ്ധജലമില്ലായ്മയാണ് രോഗവ്യാപനത്തിനുള്ള മറ്റൊരു കാരണം. പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്ത് ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ തീരെ വെള്ളം ലഭിക്കുന്നില്ല. വെള്ളം ലഭിക്കാത്ത സ്ഥലങ്ങളിലാണ് സ്ഥിരമായ കക്കൂസുകൾ ഉണ്ടാക്കാത്തത്. ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ വെള്ളമെത്തിക്കാനുള്ള സൗകര്യങ്ങൾ ത്വരിതമാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാനാകും.

18). എടക്കരയിലെ വള്ളിക്കാട്ട് കാവിനടുത്ത് എലിയോട്മലയിൽ ഔഷധസസ്യത്തോട്ടം നിർമ്മിക്കാൻ ജില്ലാ പഞ്ചായത്തടിസ്ഥാനത്തിൽ ശ്രമം നടത്തണം. വനത്തിൻെറ സാമീപ്യം, ജലം എന്നിവയും ഇവിടെയുണ്ട്. ●


ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ അതിപ്രാചീനമായ സംസ്കാരം അസംസ്കൃതിയാൽ മൂടപ്പെട്ടു ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ മാറ്റി അവന്റെ ദാരിദ്ര്യവും നിരക്ഷരതയും ഇല്ലാതാക്കിയാൽ ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും നല്ല മാതൃക നിങ്ങൾക്ക് കാണാൻ കഴിയും.
-മഹാത്മജി

കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. പുഴകളാലും കുന്നുകളാലും തോടുകളാലും ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഭൂപ്രദേശമാണ് തലക്കുളത്തൂർ പഞ്ചായത്ത്. ഇവിടത്തെ ജനങ്ങളെ കാര്യമായി ബാധിക്കുന്ന ഒന്നാണ് കുടിവെള്ളപ്രശ്നം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പുഴയോരത്തുള്ള കിണറുകളിൽ ഉപ്പുരസം കലർന്ന വെള്ളമാണ് ലഭിക്കുന്നത്. കുന്നിൻപ്രദേശങ്ങളിലാകട്ടെ ജലത്തിന്റെ ലഭ്യത വളരെ കുറവുമാണ്. പഞ്ചായത്തിന്റെ പല ഭാഗത്തും ശുദ്ധജലവിതരണത്തിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് തികച്ചും അപര്യാപ്തമാണ്.

പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഭൂരിഭാഗവും പുഴയോരപ്രദേശമാണ്. ഇവിടെ ശുദ്ധജലത്തിന്റെ ദൗർലഭ്യം ശരിക്കും അനുഭവപ്പെടുന്നു. മാക്കഞ്ചേരി യു പി സ്കൂളിനടുത്ത് ഹരിജൻ കോളനിക്കുവേണ്ടി ഒരു വാട്ടർ സപ്ലൈ സ്കീം പ്രവർത്തിക്കുന്നുണ്ട്. അതുവഴി വാർഡിൽ പരിമിതമായ രീതിയിൽ ശുദ്ധജലവിതരണം നടക്കുന്നുണ്ട്.

രണ്ടാം വാർഡിലെ പുഴയോരത്തുള്ള 50 വീടുകളും കുന്നിൻപ്രദേശത്തുള്ള 30 വീടുകളും ശുദ്ധജല ദൗർലഭ്യം നേരിടുന്നു.

കുടിവെള്ളത്തിനുവേണ്ടി മൂന്നാം വാർഡിലെ മിക്കവാറും ജനങ്ങൾ അര കിലോമീറ്ററോളം സഞ്ചരിക്കേണ്ടതുണ്ട്.

നാലാം വാർഡിൽ 150 വീടുകൾക്ക് ശുദ്ധജലക്കുറവ് അനുഭവപ്പെടുന്നു.

കാര്യമായ ശുദ്ധജലവിതരണ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ലാത്ത അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത് എന്നീ വാർഡുകളിലെ ഉയർന്ന പ്രദേശങ്ങൾ വെള്ളത്തിന്റെ ലഭ്യത കുറവാണ്. കോളനികൾ കൂടുതലായുള്ള ഏഴാംവാർഡിൽ ആവശ്യത്തിന് വേണ്ടത്ര വെള്ളം ലഭിക്കാനുള്ള സംവിധാനം ഉണ്ടാവേണ്ടതുണ്ട്.

പുഴയോരത്തുള്ള ചില വീട്ടുകാർ ഒഴിച്ചാൽ പൊതുവെ പത്താം വാർഡിൽ ശുദ്ധജലപ്രശ്നം പൊതുവെ കുറവാണ്. അതേസമയം പതിനൊന്നാം വാർഡിലെ നടുത്തുരുത്തിയിലും കുന്നിൻപ്രദേശത്തും കടുത്ത ശുദ്ധജലക്ഷാമം നേരിടുന്നു.

പരിഹാരങ്ങളും നിർദേശങ്ങളും

1. തലക്കുളത്തൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയവാറായ മേജർ വാട്ടർ സപ്ലൈ സ്കീം ഉടൻ കമീഷൻ ചെയ്യുകയാണെങ്കിൽ, പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. വെള്ളത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുമെന്നുള്ള ഉറപ്പ് വരുത്തണം.

2. ഒന്നാംവാർഡിൽ മണ്ണുവയിൽ താഴം ചീർപ്പ്, പന്നിക്കോട്ടുവയൽ, എരഞ്ഞൻകുളം വയൽ, ഇത്താരക്കുനിത്താഴം, പുനത്തിൽ താഴം, കട്ടയാട്ടുപുനത്തിൽ താഴം എന്നീ പ്രദേശങ്ങളിൽ പൊതുടാപ്പ് വെക്കുകയാണെങ്കിൽ ഒന്നാംവാർഡിലെ കുടിവെള്ളപ്രശ്നം കാര്യമായി പരിഹരിക്കാൻ കഴിയും.

3. മണ്ണുവയിൽ താഴം ചാലിയിൽ ഉപ്പ് വെള്ളം കയറാതിരിക്കാൻ നിർമ്മിച്ചിട്ടുള്ള നിലവിലുള്ള ചീർപ്പിന്റെ നശിച്ചുപോയ പലക മാറ്റിയിട്ടാൽ, ആ പ്രദേശത്തുകാർക്ക് കൃഷിക്കും മറ്റും ചാലിയിലെ വെള്ളം ഉപയോഗപ്പെടുത്താനാവും.

4. രണ്ടാംവാർഡിലെ നിലവിലുള്ള ശുദ്ധജല വിതരണം കുറച്ചുകൂടി തെക്കുഭാഗത്തേക്ക് വ്യാപിപ്പിക്കുകയും പാലോറക്കുളം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്താൽ, ആ പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയും.

5. കിഴക്കെക്കുനിപറമ്പത്ത്, പുത്തപുര, കക്കടിത്താഴം, കൊളാട്ടുതുരുത്തി, പടിഞ്ഞാറെ പടന്നക്കളംപറമ്പ് എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിച്ചാൽ മൂന്നാംവാർഡിലെ കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹൃതമാകും.

6. അന്നശ്ശേരിക്കുളത്തിൽ കിണർ കുഴിച്ച്, ചുറ്റുമതിൽ കെട്ടി കാര്യക്ഷമമാക്കി ഇന്ന് വിതരണചെയ്തുകൊണ്ടിരിക്കുന്ന ജലം വി കെ റോഡ് മുതൽ വള്ളിൽക്കടവുവരെ എത്തിച്ചാൽ നാലാം വാർഡിലെ കൃഷി ആവശ്യത്തിനും ഉപയോഗപ്പെടുത്താം.

7. അഞ്ചാം വാർഡിലെ അന്നശ്ശേരി പടയത്ത് മീത്തൽ മതിലകം ക്ഷേത്രപ്രദേശത്ത്, കായക്കൻതാഴത്ത്, നായേരി മീത്തൽ, കണിയാൻകുന്നുമ്മൽ, മാനത്താനത്ത് മീത്തൽ, നരിക്കുനിത്താഴം, പാപ്പുറത്ത് താഴം തുടങ്ങിയ സ്ഥലങ്ങളിൽ പൊതുടാപ്പ് ആവശ്യമാണ്.

8. മാരാത്ത് കോളനി, എടവനക്കുഴി മീത്തൽ, എടവനക്കുഴി കോളനി, ഒഴുകിൽ, പുത്തലത്തുമീത്തൽ, മാക്കൂട്ടം കോളനി, കണിയാരി മീത്തൽ, ചാലിൽ മീത്തൽ എന്നിവിടങ്ങളിൽ പൊതുടാപ്പ് ആവശ്യമാണ്. കൂടാതെ മതിലകം ക്ഷേത്രക്കുളം നന്നാക്കി ഉപയോഗിക്കുകയും എടവനക്കുഴി കോളനിയിൽ കിണറിനായി മാറ്റിയിട്ട സ്ഥലത്ത് കിണർ കുഴിക്കുകയും ചെയ്താൽ ആറാം വാർഡിലേക്ക് ആവശ്യമായ ശുദ്ധജ

ലം ലഭിക്കുന്നതുമാണ്.

9. ഏഴാം വാർഡിലെ ഹരിജൻ കോളനിയിൽ നിലവിലുള്ള പൊതു കിണറിൽ പമ്പുസെറ്റ് സ്ഥാപിച്ചാൽ, ഉയർന്ന കുന്നിൻപ്രദേശത്തുകാർക്ക് കൂടി ശുദ്ധജലം ലഭിക്കാൻ സഹായകമാവും.

10. പെരുവാഴ്മല കോളനിയിൽ പൂർത്തിയാകാതെ കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതിക്ക് ആവശ്യമായ വൈദ്യുതി, പമ്പ് സെറ്റ് എന്നിവ ലഭ്യമാക്കിയാൽ ആ പ്രദേശത്തുകാർക്ക് ശുദ്ധജലം കിട്ടും. മേജർ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുമ്പോൾ വാർഡിലെ ചെങ്ങോട്ടുമല കോളനി, മാണിക്യക്കുന്ന്, കൊട്ടാരക്കുന്ന് കോളനി, കൊട്ടാംകുന്ന് കോളനി എന്നീ പ്രദേശങ്ങളിൽ ആവശ്യമായ ശുദ്ധജലം എത്തും.

11. പെരുവാഴമല കോളനിയിലെ ശുദ്ധജലവിതരണ പദ്ധതി വിപുലമാക്കിയാൽ വമ്പിച്ച സാമ്പത്തിക ബാധ്യതയില്ലാതെ എട്ടാംവാർഡിലെ കുടിവെള്ളപ്രശ്നം ഇല്ലാതാകും. എടക്കരയിലെ ഉയർന്ന പ്രദേശങ്ങളായ പൂക്കോട്ടുമല, പാലക്കണ്ടിമീത്തൽ, കണ്ണാട്ടുപുറയിൽ, മേത്തല വീട്ടിൽ, കുന്നുമ്മൽ മീത്തൽ, കസ്തൂർബാ കോളനി തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ മേജർ വാട്ടർ സപ്ലൈ സ്കീം ഉപയോഗപ്പെടും.

12. എളയടത്ത് കിണറിലെ പമ്പിങ്ങ് പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ഒമ്പതാംവാർഡിലെ ഇപ്പോൾ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ചെങ്ങോട്ടുമല, കോരാമ്പ്രമീത്തൽ, എളയടത്ത്, ചീരോത്ത് എന്നീ കോളനിയിൽ വെള്ളമെത്തിക്കാൻ കഴിയും. ചേക്കാട്ടറത്താഴത്ത് ഇപ്പോഴുള്ള പൊതുകുളം നന്നാക്കി ഉപയോഗിക്കാവുന്നതാണ്.



തലക്കുളത്തൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായ പാവയിൽചിർപ്പിലെ പമ്പ്ഹൗസ്. എലത്തൂർ പഞ്ചായത്തിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതും ഇവിടെനിന്നാണ്

13. തികച്ചും ഒരു ദ്വീപായ 11-ാം വാർഡിലെ നടുത്തുരുത്തിയിൽ നിലവിലുള്ള ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാക്കണം. അതേ വാർഡിലെ കുന്നിൻപ്രദേശത്തുകാരുടെ കുടിവെള്ളപ്രശ്നം മേജർ വാട്ടർ സപ്ലൈ സ്കീം കമീഷൻ ചെയ്യുന്നതോടെ പരിഹരിക്കേണ്ടതുമാണ്.

14. എടക്കരയിലെ പ്രകൃതിദത്തമായ നീരുറവകൾ സംരക്ഷിക്കുകയും അവ ഉപയോഗപ്പെടുത്തി ആ ഭാഗത്തെ ഉയർന്ന പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.

15. എടക്കരയലെ കോട്ടാംകുളത്തിലെ വെള്ളം ഉപയോഗിച്ച് കോട്ടാംകുന്ന്, കൊട്ടാരക്കുന്ന്, മണ്ടോടിചാലിൽ, ചെറുകാരാട്ടുമ്മൽ എന്നീ പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുക.

16. കേടായി കിടക്കുന്ന കുഴൽ കിണറുകളും ഹാൻറ് പമ്പുകളും നന്നാക്കുകയും സാദ്ധ്യമായ ഇടങ്ങളിൽ പുതിയവ നിർമിക്കുകയും ചെയ്യുക.

17. നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കുടിവെള്ള സ്രോതസ്സുകൾ പരിശോധിക്കുന്നതിനും മാലിന്യങ്ങൾ നീക്കുന്നതിനും സൗകര്യങ്ങൾ ചെയ്യുക.

18. കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവക്കെല്ലാം കൂടി ഒരു. മാസ്റ്റർപ്ലാൻ തയാറാക്കുക. അതിന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്നവ പുനരുജ്ജീവിപ്പിക്കുക.

19. വെള്ളത്തിന്റെ ലഭ്യത, ആവശ്യകത, പോരായ്മകൾ, പരിഹാരം എന്നിവ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുക.

20. ശാസ്ത്രീയമായ ഒരു ജലനയത്തിനും ജലവിഭവ മാനേജ്മെൻറിനും വേണ്ടിയുള്ള പ്രവർത്തനം സി ഡബ്ല്യു ആർ ഡി എമ്മിന്റെ സഹായത്തോടെ നടത്തുക.

21. ഭൂഗർഭ ജലത്തെ സംരക്ഷിക്കാൻ സാമൂഹ്യ വനവൽക്കരണത്തിന്റെ സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തുക. ●

തലക്കുളത്തൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാവാറായ മേജർ വാട്ടർ സപ്ലൈ സ്കീം ഉടൻ കമീഷൻ ചെയ്യുകയാണെങ്കിൽ, പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. വെള്ളത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുമെന്നുള്ള ഉറപ്പ് വരുത്തണം.

ഗതാഗതം

ആധുനിക ജീവിതത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളെ ബന്ധിപ്പിക്കുന്നതിനും സാമൂഹ്യജീവിതം ചലനാത്മകമാക്കുന്നതിനും ഗതാഗതമാർഗ്ഗങ്ങൾക്കുള്ള പങ്ക് അളവറ്റതാണ്. സഞ്ചാരത്തിന് മാത്രമല്ല, ചരക്കുകൈമാറ്റം, വാണിജ്യം, വ്യവസായം തുടങ്ങിയ മേഖലകളുടെ ദൈനംദിന പ്രവർത്തനത്തിനും വളർച്ചക്കുമുള്ള സൗകര്യങ്ങൾ ഏറ്റവുമധികം ആവശ്യപ്പെടുന്ന കാലഘട്ടമാണിത്. റോഡ്, റെയിൽ, ജലഗതാഗതമാർഗ്ഗങ്ങൾ ഗ്രാമജീവിതത്തെ അർഥപൂർണ്ണമാക്കുന്നു.

നമ്മുടെ പഞ്ചായത്ത് പുഴകളാൽ ചുറ്റപ്പെട്ട് പൂർണ്ണമായും ഒറ്റപ്പെട്ടുകിടക്കുന്ന ഒരു പ്രദേശമായിരുന്നു. അത്തോളി, നന്മണ്ട, കാക്കൂർ എന്നീ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന ചെറുറോഡോ നടപ്പാതയോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചേളന്നൂർ പഞ്ചായത്തുമായി ബന്ധം സ്ഥാപിക്കാൻ പനകൊണ്ടും തെങ്ങുകൊണ്ടും പണിത പട്ടർപാലമുണ്ടായിരുന്നു. പൊങ്ങിലോടിപ്പാറയിൽ പുഴയിലൂടെ ചെറിയൊരു ബന്ധവും ഉണ്ടായിരുന്നു. പുഴക്കരെയുള്ള മറ്റ് സ്ഥലങ്ങളിൽ എത്തുന്നതിന് മുക്കംകടവ്, പുറക്കാട്ടിരി, പുതുക്കാട്ടിൽ കടവ്, പുതിയോട്ടിൽ കടവ്, പുളിക്കൂൽ കടവ്, വള്ളിൽക്കടവ് എന്നിവിടങ്ങളിൽ തോണിയാണ് ഉപയോഗിച്ചിരുന്നത്. എരഞ്ഞിക്കൽ, എലത്തൂർ, ചേളന്നൂർ എന്നീ വഴികളിലൂടെയാണ് പട്ടണവുമായി ബന്ധപ്പെട്ടിരുന്നത്. പട്ടർപാലം, അന്നശ്ശേരി ഭാഗങ്ങളിലേക്ക് ചരക്കു ഗതാഗതം പുഴവഴിയായിരുന്നു. എലത്തൂർ പുതിയനിരത്തുവരെ കാളവണ്ടിയിലെത്തുന്ന ചരക്കുകൾ തോണിയിൽ പാവയിൽ വഴി പട്ടർപാലം എത്തുന്നു. അന്നശ്ശേരി തോടുവഴി കൊളക്കാട് ഭാഗത്തേക്കും ഇപ്രകാരം ചരക്കുകൾ എത്തിയിരുന്നു. പുറക്കാട്ടിരിയിൽ പിൽക്കാലത്ത് ചെറുവാഹനങ്ങളെ അക്കരെയിക്കരെയെത്തിക്കുന്നചങ്ങാടവുമുണ്ടായിരുന്നു.

1964ൽ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടപ്പോൾ പുറക്കാട്ടിരി - അത്തോളിറോഡ് മണലും കുഴികളും മഴക്കാലത്ത് ചെളിയും നിറഞ്ഞ് നിന്നിരുന്നു. അണ്ടിക്കോടുനിന്ന് കിഴക്കോട്ട് എടക്കര, പട്ടർപാലം ഭാഗത്തേക്ക് പഴയ നടവഴി വീതികൂട്ടിയ ചെറിയ റോഡും ഉണ്ടായിരുന്നു. റോഡിൽകൂടി വാഹനഗതാഗതം ഉണ്ടായിരുന്നില്ല. കടവുകളിൽ കടത്തുകൂലി പിരിക്കാൻ ലേലസമ്പ്രദായംവഴി സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുക പതിവായിരുന്നു. ഇഘ പഞ്ചായത്തിലെയും അത്തോളി, നന്മണ്ട, ചേളന്നൂർ പഞ്ചായത്തുകളിലെയും വിദ്യാർഥികൾ അന്ന് എലത്തൂർ സി എം സി ഹൈസ്കൂളിൽ പഠിക്കാൻ കാൽനടയായി വന്ന് പുതിയോട്ടിൽക്കടവ് കടന്നാണ് പോയിരുന്നത്. ആയിരക്കണക്കിന്

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ,
(a)ടാർ ചെയ്തവ

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	പൂർണ്ണമായും ടാർ ചെയ്തതാണോ	ദൂരം കി.മീ	ഗതാഗത സൗകര്യം
1	പറമ്പത്ത് - പാവയിൽചീർപ്പ് റോഡ്	പഞ്ചായത്ത്	അതെ	1.45	ബസ്സ്
2	അത്യാറ്റിൽമുക്ക് - പൂക്കോട്ടുമല റോഡ്	,,	,,	2.5	,,
3	വള്ളിൽകടവ് റോഡ്	,,	ഭാഗികം	1.5	ലഘുവാഹനം
4	പുറക്കാട്ടിരി- പുതുക്കാട്ടിൽകടവ് റോഡ്	,,	,,	1.85	ലോറി
5	വി കെ റോഡ്- മൂർത്തികണ്ടിറോഡ്	സ്വകാര്യം	അതെ	0.2	ലഘുവാഹനം
6	പുറക്കാട്ടിരി - മുക്കംകടവ് റോഡ്	പഞ്ചായത്ത്	ഭാഗികം	2.0	ലോറി
7	അണ്ടിക്കോട്- പട്ടർപാലംറോഡ്	പി ഡബ്ലിയു ഡി	അതെ		ബസ്സ് (നേരിട്ട്ബസ്സില്ല)
8	പുറക്കാട്ടിരി- ചോയികുളം റോഡ്	സ്റ്റെയിറ്റ്ഹൈവേ	,,		ബസ്സ്

(b)മെറ്റൽറോഡ് (പഞ്ചായത്ത് ഉടമസ്ഥതയിൽ)

നമ്പർ	റോഡിന്റെ പേര്	പൂർണ്ണമോ ഭാഗികമോ	ദൂരം (കി.മീ)	ഗതാഗത സൗകര്യം
1	കച്ചേരി- പാലോറ ശിവക്ഷേത്രം റോഡ്	-	1.35	ലോറി
2	പറമ്പത്ത് - പുളിക്കൂൽകടവ് റോഡ്	-	1.275	ലോറി
3	പറമ്പത്ത് - പുതിയോട്ടിൽകടവ് റോഡ്	ഭാഗികം	1.00	,,

(C) മണ്ണ് റോഡ് (പഞ്ചായത്ത് ഉടമസ്ഥത)

ക്രമ നമ്പർ	വാഡ്	പേര്	നീളം(കി.മീ)
1	1	അടുവാട്ടുതാഴം - മാട്ടുമ്മൽ	1.00
2	1	കുറ്റിയിൽതാഴം റോഡ്	0.3
3	2	നാലുവയൽ- ലക്ഷംവീട് - പാലോറ ശിവക്ഷേത്രംറോഡ്	0.7
4	2	കാഞ്ഞോളിതാഴം റോഡ്	0.5
5	2	നിർമ്മിതികേന്ദ്ര റോഡ്	0.25
6	2	കച്ചേരി- പുറക്കാട്ടിരി - സി എം എച്ച് എസ് റോഡ്	0.7
7	2	കാരന്നൂർ ബാങ്ക്റോഡ്	0.5
8	3-11	വാഴാനിക്ഷേത്രം - തനിയാടത്ത്പള്ളിറോഡ്	0.9
9	3	മൈത്രിറോഡ്	0.5
10	3	കച്ചേരി - ചിറയിൽറോഡ്	0.5
11	3	പടക്കളം- പുളിക്കുൽക്ഷേത്രം റോഡ്	0.6
12	4	തിരുവോത്ത്താഴം റോഡ്	0.6
13	5	അന്നശ്ശേരി - ചെങ്ങോട്ടുതാഴം റോഡ്	1.5
14	5	അന്നശ്ശേരി ജി എൽ പി എസ്- പെരവനാരി കോളനി	0.75
15	5	ചോയികുളം - വാണിയേരിപാററോഡ്	0.7
16	5	അന്നശ്ശേരികുളം - മുറ്റോളിതാഴം റോഡ്	0.4
17	5	ചോയികുളം - നമ്പ്യാർപാററോഡ്	1.5
18	5	കരുവാരക്കൽതാഴം - പരവരനാരി കോളനിറോഡ്	0.4
19	6	അന്നശ്ശേരികുളം - മതിലകം ക്ഷേത്രം റോഡ്	0.6
20	6-9	മതിലകംക്ഷേത്രം - പാവയിൽ റോഡ്	0.5
21	6-9	ചെറുമീത്തൽ - പറപ്പാറഖാദി ബോർഡ് റോഡ്	0.83
22	6	അന്നശ്ശേരി - പറപ്പാറ -കുടക്കാട്ടിൽപൊയിൽ റോഡ്	1.4
23	6	അന്നശ്ശേരി - പറപ്പാറ ഹരിജൻകോളനി റോഡ്	0.5
24	7	മാണിക്യകുന്ന്- വാഴക്കാലിതാഴം റോഡ്	0.7
25	7	തൂണുമണ്ണിൽ - എലിയോട്ടുമ്മൽ റോഡ്	0.8
26	7	എടക്കര പോസ്റ്റാപ്പീസ് - മുട്ടിൽചാത്തോത്തുതാഴം റോഡ്	0.4
27	7	കല്ലിടുക്കിൽ - പിലാകുറ്റിയടത്ത് റോഡ്	0.25
28	8	വടക്കെടത്തുതാഴം - തൊളോത്തുതാഴം റോഡ്	2.00
29	8	പട്ടർപാലം- കോച്ചാംവെള്ളിതാഴം	2.5
30	8	എടപറമ്പത്ത് - കൂരാചിറ റോഡ്	0.5
31	9	പാവയിൽചിർപ്പ് - ചിറക്കണ്ടിയിൽ റോഡ്	0.5
32	9	പാലക്കൽ- ചേക്കാട്ടരറോഡ്	0.5
33	9	പൂളക്കുന്നുമ്മൽ -ചെങ്ങോട്ടുതാഴംറോഡ്	0.5
34	9	പാവയിൽചിർപ്പ് - ഇയ്യാംവീട്ടിൽമീത്തൽ റോഡ്	0.6
35	10	എരഞ്ഞോളി - പൂളക്കുന്നുമ്മൽ റോഡ്	1.00
36	10	കണിയാംകണ്ടി - പിലാശ്ശേരി റോഡ്	1.00
37	9-10	ഹെൽത്ത് സെൻറർ - പാവയിൽറോഡ്	1.00
38	10	ശ്രീകുമാരാശ്രമം എൽ പി എസ്- മഠത്തിൽതാഴം റോഡ്	0.75
39	10	തൃശ്ശേരിതാഴം - മുടപ്പിലാവിൽ ക്ഷേത്രംറോഡ്	0.7
40	10	കുറ്റിപൊയിൽതാഴം - കക്കാട്ടുപാറ റോഡ്	0.25
41	10	എസ് എച്ച് - ഹെൽത്ത്സെൻറർ റോഡ്	0.15
42	10	പുറക്കാട്ടിരി - പാദാർ റോഡ്	0.3
43	6	അന്നശ്ശേരി- മതിലകം ക്ഷേത്രംറോഡ്	0.75
44	7	താനാടത്ത് റോഡ്	0.5
45	7	എടക്കര പ്ലേഗ്രൗണ്ട് - വള്ളിക്കാടുകാവ് റോഡ്	0.85

പട്ടിക- 3

1996-97 സാമ്പത്തിക വർഷത്തിൽ ചെയ്ത റോഡുകളുടെ പട്ടിക

ക്രമ നമ്പർ	പേര്	പ്രവൃത്തി	ചിലവ്	റിമാർക്സ്
1	പാവയിൽചീർപ്പ് - പൊങ്ങിലോടിപാറ റോഡ്	ഇംപ്രൂവ്മെൻറ്	18,233	ജെആർവൈ
2	പുറക്കാട്ടിരി ഇൻഡസ്ട്രിയൽ - കാഞ്ഞോളിതാഴം റോഡ്	നിർമ്മാണം	8,639	,,
3	പൂവാർനിലം - നായേരിതാഴം റോഡ്	,,	4,692	,,
4	എടക്കര - വള്ളിക്കാട്ടുകാവ് റോഡ്	,,	10,250	,,
5	കൊല്ലോത്ത്മീത്തൽ റോഡ്	റിപ്പയർ	4,292	പഞ്ചായത്ത്
6	ഹെൽത്ത്സെൻറർ റോഡ്	,,	4,304	,,
7	അന്നശ്ശേരി റോഡ്	എൻ എം ആർ	607,50	,,
			ജെ ആർ വൈ	61291.00
			പഞ്ചായത്ത്	9203.50
			ആകെ	70494.50

നിർദ്ദേശങ്ങൾ

പട്ടിക- 4

ടാർചെയ്യേണ്ട റോഡുകൾ

ക്രമ നമ്പർ	വാഡ്	റോഡിൻെറ പേര്	സാധ്യമാക്കേണ്ട യാത്രാസൗകര്യം
1	1	പുറക്കാട്ടിരി - പുതുക്കാട്ടിൽക്കടവ്	ബസ്, ലോറി തുടങ്ങിയവ
2	2	കാഞ്ഞോളിത്താഴം- കല്ലാകുറ്റി റോഡ് (മെറ്റൽ+ടാറിങ്ങ്)	വാഹനസൗകര്യം
3	3	പറമ്പത്ത് - പുതിയോട്ടിൽകടവ്	ബസ് ലോറി തുടങ്ങിയ
4	4	പുളിക്കൂൽക്കടവ് റോഡ് (മെറ്റൽ+ടാറിങ്ങ്)	,,
5	3	കച്ചേരി- പാലോറ ശിവക്ഷേത്രം	ലഘുവാഹനങ്ങൾ
6	4	വള്ളിൽക്കടവ്റോഡ്	ബസ്സ്, ലോറി
7	5	അന്നശ്ശേരിപാലം - ചെങ്ങോട്ട്താഴം (മെറ്റൽ+ടാറിങ്ങ്)	,,
8	6	പറപ്പാറ റോഡ് (മെറ്റൽ+ടാറിങ്ങ്)	വാഹനസൗകര്യം
9	6	ശ്രീകുമാരശ്രമം സ്കൂൾ - പാവയിൽറോഡ്	ലഘുവാഹനം
10	6	അന്നശ്ശേരി - മതിലകം - പാവയിൽ റോഡ്	വലിയ വാഹനങ്ങൾ
11	6	പറമ്പത്ത് - പാവയിൽ റോഡ് (റീ ടാറിങ്ങ്)	നിലവിൽ വാഹനസൗകര്യമുണ്ട്
12	7	അന്നശ്ശേരിപാലം -ചെങ്ങോട്ടുമല- അത്തോളിയുമായി ബന്ധിപ്പിക്കുന്ന റോഡ് (മെറ്റൽ + ടാറിങ്ങ്)	കനത്ത വാഹനഗതാഗതം
13	8	പൂക്കോട്ടുമല - പാവണ്ടൂർ റോഡ്	ചെറുവാഹനങ്ങൾ
14	8	അത്തിയാറ്റിൽ - പൂക്കോട്ടുമല	നിലവിൽ വാഹനസൗകര്യമുണ്ട്
15	8	പട്ടർപാലം-പുളിയത്താത്തിൽവഴി സൈഫൺവരെ(മെറ്റൽ+ടാറിങ്ങ്)	കനത്ത വാഹന ഗതാഗതം
16	8	കോച്ചാംവള്ളിതാഴം -പാവണ്ടൂർ (പഞ്ചായത്തതിർത്തിവരെ)	കനത്ത വാഹനഗതാഗതം ഉണ്ട്
17	10	മുക്കംകടവ് റോഡ് (വളവ് നിവർത്തി റീ ടാറിങ്ങ്)	വലിയ വാഹനസൗകര്യം
18	11	കോരൻതൊടുകമുക്ക് - തനിയാടത്ത് പള്ളി -പാലോറക്ഷേത്രം - മുത്തോലത്ത്താഴംറോഡ്	,,

പുഴകളാൽ ചുറ്റപ്പെട്ട 11-ാം വാഡിലെ നടുത്തുരുത്തിയിലേക്കുള്ള മരപ്പാലം.

അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ആവശ്യമായ പ്രവൃത്തി
1	നാലുവയൽ ലക്ഷംവീട്കോളനിറോഡ്	മണ്ണിട്ട് ഉയർത്തണം
2	സി എം എം ഹൈസ്കൂൾ റോഡ്	ഗതാഗതയോഗ്യമാക്കണം
3	കച്ചേരിപണ്ടി- ചിറയിൽതാഴംറോഡ്	പണി പൂർത്തിയാക്കുക
4	വാഴാനിക്ഷേത്രം - തനിയാടത്ത്പള്ളി റോഡ്	അറ്റകുറ്റപ്പണി
5	കുണ്ടിലേരി - മണ്ണാരിതാഴം റോഡ്	അണ്ടിക്കോട്വരെ എത്തിക്കണം
6	പാറപ്പുറത്തുതാഴം - വാണിയേരിപാറ നരിക്കുനിതാഴം	പണി പൂർത്തിയാക്കണം
7	പട്ടോനത്താഴം - വടക്കെചാലിൽതാഴം	പുർരുദ്ധീകരിക്കണം
8	ബി ഇ എം എൽ പി എസ് - മതിലകംക്ഷേത്രംറോഡ്	,,
9	കോഴിയോട്ടുതാഴം - കരിപ്പൂർതാഴം റോഡ്	,, (100 അടി സ്ഥലത്തിന് സമ്മതിപത്രം കിട്ടിയിട്ടില്ല).
10	ആയർവേദ ഡിസ്പൻസറി ലിങ്ക്റോഡ്	ഗതാഗതയോഗ്യമാക്കണം
11	അന്നശ്ശേരി -പട്ടർപാലം പി ഡബ്ലിയു ഡി റോഡ്	വളവും കയറ്റവും കുറക്കണം
12	തൂണുമണ്ണിൽ - എലിയോടുമല റോഡ്	ഗതാഗതയോഗ്യമാക്കണം
13	തൊളോത്ത്താഴം - അന്നശ്ശേരി റോഡ്	പൂർത്തീകരണം
14	പാവയിൽചീർപ്പ് - ഹെൽത്ത് സെൻറർ റോഡ്	പുതുക്കിപണിയണം
15	പാവയിൽചീർപ്പ് - ചിറക്കുനിറോഡ്	ഗതാഗതയോഗ്യമാക്കണം
16	സി എം എം എച്ച് എസ് - ചെങ്ങോട്ടുകോളനി റോഡ്	വളവുനിവർത്തി വീതികൂട്ടണം
17	പി എച്ച് സി - വാഴാർകുനിപാലം റോഡ്	ഗതാഗതയോഗ്യമാക്കണം
18	പാവയിൽചീർപ്പ് - ഇയ്യാംവീട്ടിൽതാഴം റോഡ്	,,
19	ചെങ്ങോട്ടുമല ശ്മശാനം റോഡ്	,,
20	പൂളക്കുന്നുമ്മൽ - കാട്ടുക്കൽതാഴം റോഡ്	സൈഡ് കെട്ടി സംരക്ഷിക്കണം

യാത്രക്കാർ പുതിയോട്ടിൽക്കടവ് കടക്കാനെത്തുമായിരുന്നു.
എലത്തൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് തീവണ്ടി മാർഗവും അപൂർവ്വമായി ബസ്സുകൾ വഴിയുമാണ് കോഴിക്കോട്, കൊയിലാണ്ടി ഭാഗങ്ങളിലേക്ക് യാത്രചെയ്തിരുന്നത്. കിഴക്കൻ ഭാഗത്തുള്ളവർ കക്കോടിവരെ നടന്നെത്തിയാണ് ബസ്സിൽ സഞ്ചരിച്ചത്. അന്ന് കക്കോടിവരെ മാത്രമേ ബസ്സുണ്ടായിരുന്നുള്ളൂ. പിന്നീട് ചേളന്നൂർവരെ ബസ്സു വന്നപ്പോൾ ആ സൗകര്യവും ഉപയോഗപ്പെട്ടു.

നാടെങ്ങും റോഡും പാലവും വന്നിട്ടും 1964ലാണ് തലക്കുളത്തൂർ പഞ്ചായത്തിന് വാഹനഗതാഗതപ്രക്രിയക്ക് സൗകര്യപ്രദമായ രീതിയിൽ പാലങ്ങൾ വന്നത്. 1964ൽ പട്ടർപാലം പുഴക്ക് കുറുകെ ഒരു കോൺക്രീറ്റ് പാലം നിർമ്മിക്കപ്പെടുകയും 1968ൽ ബസ് സർവീസ് ആരംഭിക്കുകയും ചെയ്തു. ഇതേ കാലത്തുതന്നെ പുറക്കാട്ടിരിപാലം പണിയുകയും എരഞ്ഞിക്കൽവരെയുണ്ടായിരുന്ന ബസ് സർവീസ് പുറക്കാട്ടിരിവരെ എത്തുകയും ചെയ്തു. ഇന്ന് പഞ്ചായത്തിന്റെ തെക്കു വടക്കും കിഴക്കുപടിഞ്ഞാറും ബന്ധിപ്പിക്കുന്ന റോഡുകളുണ്ടെങ്കിലും പുതിയോട്ടിൽകടവിന് ഒരു പാലം ഇതുവരെ വന്നിട്ടില്ല. 1972നുശേഷം മാത്രമാണ് പുറക്കാട്ടിരി – അത്തോളി റോഡ് ടാർചെയ്ത് വാഹനഗതാഗതയോഗ്യമായത്.

പഞ്ചായത്തിൽ ഇന്ന് വാഹനഗതാഗതയോഗ്യമായ റോഡുകളിൽ പുറക്കാട്ടിരി – അത്തോളി റോഡ് കോഴിക്കോട്ടുനിന്ന് ഉള്ളിയേരിയിലെത്തുന്ന സ്റ്റേറ്റ് ഹൈവേയിൽപ്പെട്ടതാണ്. പഞ്ചായത്തതിർത്തിയിൽ ഇതിന്റെ നീളം മൂന്ന് കിലോമീറ്ററാണ്. അണ്ടിക്കോടു മുതൽ പട്ടർപാലംവരെയുള്ള ഏക പി ഡബ്ലിയു ഡി റോഡിന് നാല് കിലോമീറ്റർ നീളമുണ്ട്. 1.45 കി. മീ. ദൂരത്തുള്ള പറമ്പത്ത് – പാവയിൽ റോഡ് പഞ്ചായത്ത് റോഡാണ്. ഇതുവഴി ബസ് സൗകര്യമുണ്ട്. കൂടാതെ ഭാഗികമായി ടാർ ചെയ്ത പുറക്കാട്ടിരി – മുക്കംകടവ് റോഡ്, പുറക്കാട്ടിരി – പുതുക്കാട്ടിൽ കടവ് റോഡ്, വള്ളിൽക്കടവ് റോഡ്, എടക്കര റോഡ്, എന്നിവയും ഉൾപ്പെടുന്നു. ഇവയുടെ ആകെ ദൈർഘ്യം 5.9 കി. മീറ്ററാണ്. കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താത്തതോ നടത്തുന്ന പ്രവൃത്തികളിലുള്ള തകരാറുകളോ കാരണം എസ് എച്ച് റോഡിലെ ചില സ്ഥലങ്ങൾ ഉൾപ്പെടെ മിക്ക റോഡുകളും വാഹനസഞ്ചാരത്തിന് പ്രയാസമുള്ളതാണ്.

പ്രശ്നങ്ങൾ

1) പഞ്ചായത്തിലെ ഒറ്റ റോഡിനും വെള്ളമൊഴുകിപ്പോകുന്നതിനുള്ള ഓവുചാലുകളില്ല. റോഡുകൾ സൈഡ് കെട്ടി സംരക്ഷിച്ചിട്ടുമില്ല. ഇക്കാരണത്താൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് റോഡുകൾ പെട്ടെന്ന് നശിക്കുന്നു.

2) റോഡ്ശൃംഖല വിപുലമാണെങ്കിലും പലതും ഗതാഗതയോഗ്യമല്ല. റോഡുകൾ ടാർചെയ്യാൻ ചുരുങ്ങിയത് ആറ് മീറ്റർ വീതി വേണമെന്നതിനാൽ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ല.

3) പഞ്ചായത്ത് തലസ്ഥാനത്തുനിന്നും വളരെ അകലെ സ്ഥിതിചെയ്യുന്ന എടക്കര, പട്ടർപാലം ഭാഗങ്ങളിലേക്ക് റോഡ്സൗകര്യം ഉണ്ടെങ്കിലും നേരിട്ടുള്ള ബസ് സൗകര്യമില്ല. ഇക്കാരണത്താൽ തലസ്ഥാനമായ പറമ്പത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ആപ്പീസ്, വില്ലേജ് ആപ്പീസ്, ഹെൽത്ത് സെൻറർ, കനറാബേങ്ക്, ഹോമിയോ ഡിസ്പൻസറി എന്നിവിടങ്ങളിലെത്തിച്ചേരാൻ ജനങ്ങൾ ഏറെ പ്രയാസപ്പെടുന്നു.

4 നൂറിലേറെ ബസ്സുകൾ കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ ഇരുവശത്തുമായാണ് പഞ്ചായത്ത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്നു തിരിച്ചുപോകുന്ന ബസ്സുകളുടെ എണ്ണം വളരെ കുറവായതിനാൽ യാത്രാപ്രശ്നം രൂക്ഷമാണ്.

5 ടാക്സിജീപ്പുകൾ പാർക്കുചെയ്യാൻ സൗകര്യങ്ങളില്ല.

നടപ്പാതകൾ നിർമ്മാണം, പരിഷ്ക്കരണം

1). പാടത്തുപീടിക മുതൽ തെക്കോട്ടുള്ള ഇടവഴി മണ്ണിട്ട് വീതികൂട്ടണം. 2). കാഷ്ണകോടി-മാട്ടുമ്മൽ നടപ്പാത നിർമ്മിക്കണം. 3) പിണക്കോടിതാഴം – മണ്ണാമ്പലത്ത് താഴം ഇടവഴി മണ്ണിട്ട് ഉയർത്തണം. 4). വാളാടതാഴം – മണ്ണുവയൽതാഴം ചീർപ്പ് നടപ്പാത നിർമ്മിക്കണം. 5). പടന്നക്കളം-പുളിക്കൂൽക്ഷേത്രം റോഡ് ഫുട്പാത്ത് നിർമ്മിക്കണം. 6). തലയിലെഴുത്തുപാലത്തിനടുത്ത് ഫുട്പാത്ത് നിർമ്മിക്കണം. 7). പടിഞ്ഞാറെതാഴെ ഫുട്പാത്ത് നവീകരിക്കണം. 8). ഗുരുദേവവിലാസം സ്കൂൾ-പുളിക്കൂൽ ക്ഷേത്രം ഫുട്പാത്ത് നിർമ്മിക്കണം. 9). ശാന്താലയം-അന്താനത്ത് ഇടവഴി വികസിപ്പിക്കണം. 10). പറമ്പത്ത് ലക്ഷംവീട് കോളനിയിലേക്കുള്ള ഇടവഴി മണ്ണിട്ടുയർത്തി നിലവിലുള്ള ചെരിവ് കുറയ്ക്കണം. 12). അണ്ടിക്കോട്-ചുള്ളിയിൽതാഴം ഫുട്പാത്ത് നിർമ്മിക്കണം. 12) അണ്ടിക്കോട്-വള്ളിൽകാവ് ഫുട്പാത്ത് നിർമ്മിക്കണം. 13). മണ്ണരിതാഴം – വി കെ റോഡ് ഫുട്പാത്ത് നിർമ്മിക്കണം. 14). പുളിക്കൂൽ കടവ്-പടന്നക്കളം കയർസൊസൈറ്റി ഫുട്പാത്ത് നിർമ്മിക്കണം. 15). കല്ലാക്കണ്ടി ഇടവഴി നടമ്മൽഭാഗം വരെ എത്തിക്കണം. 16). കിഴുവന പാലാഴി തോടിനു കുറുകെ കോൺക്രീറ്റ് സ്ലാബിട്ട് ഫുട്പാത്ത് പരിഷ്ക്കരിക്കുക. 17). അന്നശ്ശേരി-മതിലകം ഫുട്പാത്ത് നിർമ്മിക്കുക. 18). പെരുളിതാഴം-വയപ്പുറത്ത് താഴം നടപ്പാത നിർമ്മിക്കുക 19). പറമ്പിൽവയൽ-കനാൽ നടപ്പാത നിർമ്മിക്കുക (5-ാം വാർഡ്) 20) മുറ്റോളിതാഴം-മനത്താനത്ത് ക്ഷേത്രം നടപ്പാത നിർമ്മിക്കുക, 21) കൊത്തളോത്ത്താഴം – കണിയാംകുന്ന് നടപ്പാത 22). പെരൂളിതാഴം – മാനത്താനത്ത് ക്ഷേത്രം നടപ്പാത 23). കൊടിച്ചിപ്പാറ-അന്നശ്ശേരി കനാലിന് ബാലവാടിക്കുസമീപം ഇരുഭാഗവും ഗോവണിപ്പടി നിർമ്മിക്കുക, 24) മണോളിതാഴം – കരിങ്ങാളിതാഴം നടപ്പാത സൈഡ് കെട്ടി ഉയർത്തുക, 25) മതിലകം റോഡ്-മാരാത്ത് കോളനി നടപ്പാത നിർമ്മിക്കണം.

26). പാവയിൽചിർപ്പ് – പറപ്പാറ റോഡ് നടപ്പാത വേണം. 27). പെരുമ്പലത്ത്താഴം – കാലങ്ങാട്ട് താഴം നടപ്പാത 28) കുറുമണ്ണിൽതാഴം – പറയമ്പുറത്ത്താഴം നടപ്പാത 29) ഒതയോത്ത് താഴം – പള്ളിയറ വഴി എടക്കര റോഡിലേക്ക് ഫുട്പാത്ത്, 30) കല്ലിടുക്കിൽ മീത്തൽ ഇടവഴി മണ്ണിട്ടുയർത്തി നടപ്പാതയാക്കുക, 31) തൂണുമണ്ണിൽ–വേട്ടോട്ടുമ്മൽ നടപ്പാത, 32) പാവയിൽ–കക്കാട്താഴം – ഹെൽത്ത് സെൻറർ ഇടവഴി പരിഷ്ക്കരിക്കണം, 33). കിഴക്കനാടത്ത് ഇടവഴി ഫുട്പാത്താക്കി ഉയർത്തുക 34) വാഴാർകുനി നടപ്പാത സൈഡ് കെട്ടി ഗതാഗത യോഗ്യമാക്കണം, 35) എടോളിപീടിക പടിഞ്ഞാറുഭാഗം (11–ാം വാർഡ്) ഫുട്പാത്ത് നിർമ്മിക്കുക.

മറ്റുള്ളവ:–

1). എല്ലാ റോഡുകൾക്കും ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുക, 2) ബസ് ഗതാഗതമുള്ള റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ബസ്സ്റ്റോപ്പുകൾ നിർമ്മിക്കുക, 3) പാവങ്ങാട്–ഉള്ളിയേരി റോഡിലെ ബസാറുകളിൽ വേഗത നിയന്ത്രണത്തിന് വരമ്പുകൾ നിർമ്മിക്കുക, 4). യാത്രാപ്രശ്നം പരിഹരിക്കുവാൻ പട്ടർപാലം–അന്നശ്ശേരി–പുറക്കാട്ടിരിവഴി കെ എസ് ആർ ടി സി യുടെ രണ്ട് സർക്കുലർ ബസ്സുകൾ അനുവദിക്കുക, 5). പുറക്കാട്ടിരി–അന്നശ്ശേരി വഴി ചീക്കിലോട് റൂട്ടിൽ ഒരു കെ എസ് ആർ ടി സി ബസ് അനുവദിക്കുക, 6). പുറക്കാട്ടിരി–അന്നശ്ശേരി–കാക്കൂർ വഴി കെ എസ് ആർ ടി സിയുടെ ഒരു ബസ് ബാലുശ്ശേരിയിലേക്ക് അനുവദിക്കുക, 7) നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ വിവിധ തരം റോഡുകളുടെയും ഫുട്പാത്തുകളുടെയും ഇടവഴികളുടെയും കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിക്കുക, ഇതിന്നായി പ്രത്യേക റജിസ്റ്ററുകൾ സൂക്ഷിക്കുകയും വർഷംതോറും പുതുക്കുകയും ചെയ്യുക, 8). വർഷംതോറും റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയാൽ റോഡുകളുടെ നാശം ഒഴിവാക്കാം. 9). ജെ ആർ വൈ സ്കീമിലെ റോഡിന് 6 മീറ്റർ വീതി വേണമെന്ന നിബന്ധന എടുത്തുകളയുക, 10). ടാക്സി ജീപ്പുകൾക്ക് പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

●

പുതുതായി നടത്തേണ്ട പ്രവൃത്തികൾ

1. നടുത്തുരുത്തിയെ പുതിയോട്ടിൽ കടവുമായി ബന്ധിപ്പിക്കുന്ന പാലവും റോഡും നിർമ്മിക്കുക.
2. നടുത്തുരുത്തിയെ എലത്തൂരുമായി ബന്ധിപ്പിക്കുന്ന റോഡും പാലവും നിർമിക്കുക. (രണ്ടു പാലങ്ങളും വന്നാൽ കൊയിലാണ്ടി, വടകര ഭാഗങ്ങളിലേക്കുള്ള യാത്രാദൂരം കുറയും).
3. അക്ഷര നഴ്സറി ജംങ്ഷൻ – ചുനയിൽ റോഡ് നിർമ്മിക്കണം.
4. എറവക്കണ്ടി– സി എം എം എച്ച് എസ് റോഡ് നിർമ്മിക്കണം.
5. അക്ഷര നഴ്സറി ജംങ്ഷൻ – സി എം എം എച്ച് എസ് റോഡ് നിർമ്മിക്കണം.
6. കക്കാട്ട്പാറ – എമ്മിലേരിതാഴം റോഡ് നിർമ്മിക്കുക.
7. ചീരോത്ത് കോളനി – ഹെൽത്ത്സെൻറർ നടപ്പാത റോഡാക്കുക.
8. പുറക്കാട്ടിരി – ചെറുകാട്ട്താഴം – ചാത്തങ്ങോട് ഭാഗത്തേക്ക് നിലവിലുള്ള നടപ്പാത വീതികൂട്ടി റോഡാക്കുക.
9. പാവയിൽചിർപ്പ് – ചെമ്പോളിതാഴം റോഡ് പാറപ്പാറ റോഡുമായി ബന്ധിപ്പിക്കുക.
10. ശ്രീകൃഷ്ണസഹായം സ്കൂൾ ഇടവഴി ഉയർത്തി ഫുട്പാത്ത് നിർമ്മിക്കുക.
11. ചെങ്ങോട്ടുമല കോളനി – പാവയിൽചിർപ്പ് റോഡ് പുതുതായി നിർമ്മിക്കുക.
12. എടക്കര സൈഫൺ –പാലക്കണ്ടിമീത്തൽ –പെരുവാഴമലവഴി ചീക്കിലോട് ഉദയ വായനശാലവരെയെത്തുന്ന പുതിയ റോഡ് നിർമ്മിക്കുക.
13. എടക്കര സബ്സെൻറർ – പട്ടർപാലം റോഡ് പട്ടർപാലം എടക്കര സൈഫൺ റോഡുമായി ബന്ധിപ്പിക്കുക.
14. പട്ടർപാലം –നെല്ലൂളി തൃക്കോവിൽക്ഷേത്രംവഴി എലിയറമലയിലേക്ക് റോഡ് നിർമ്മിക്കുക.
15. അറപ്പുക്കുഴിമല – പെരുവാഴമല റോഡ് ചീക്കിലോട്ട് റോഡുമായി ബന്ധിപ്പിക്കുക.
16. പോസ്റ്റാപ്പീസ് – ചാത്തോത്ത്താഴം റോഡ് എലിയോടുമല റോഡുമായി ബന്ധിപ്പിച്ച് മണ്ടോടിച്ചാൽ കുറ്റ്യാടിപ്പുറത്ത് ഭാഗംവരെ റോഡ് നിർമ്മിക്കുക.
17. കോട്ടാംകുന്ന് കോളനിറോഡ്.
18. കൊട്ടാരക്കുന്ന് കോളനിറോഡ്.
19. അറപ്പുക്കുഴി പ്രിയദർശിനികോളനി റോഡ്.
20. പെരുവാഴമല കോളനി റോഡ്.
21. എടക്കര സൈഫൺ മുതൽ ചീക്കിലോട്വരെയുള്ള കനാൽറോഡ് ഗതാഗതയോഗ്യമാക്കുക.
22. എടക്കര മിനിസ്റ്റേഡിയം – വള്ളിക്കാട്ടുകാവ്റോഡ് കനാൽറോഡുമായി ബന്ധിപ്പിക്കുക.
23. പറപ്പാറ ഹരിജൻകോളനിറോഡ് പറപ്പാറയുമായി ബന്ധിപ്പിക്കുക.
24. കാലങ്ങാട്ട്താഴം – കൂരാച്ചിററോഡ് നിർമ്മിക്കണം.
25. അന്നശ്ശേരി പറപ്പാററോഡ് അന്നശ്ശേരിപാലംവരെ നിർമ്മിക്കണം.
26. അന്നശ്ശേരികുളം – കോമശ്ശേരികുന്ന് റോഡ് കോളിയോട്ട്താഴംവരെ നീട്ടണം.
27. തിരുവോത്തുതാഴം റോഡ് പുതിയപുരയിൽതാഴംവരെ നീട്ടണം.
28. അടുവാട്ട്താഴം – മാട്ടത്ത്റോഡ് നിർമ്മിക്കണം.
29. പുറക്കാട്ടിരിപാലത്തിന് പടിഞ്ഞാറെ ഇടവഴി വീതികൂട്ടി റോഡാക്കണം.
30. കുറ്റിയിൽതാഴെനിന്ന് തുടങ്ങുന്ന റോഡ് പുതുക്കാട്ടിൽകടവ് വരെ എത്തിക്കുക.

ഊർജം

ആധുനിക സമൂഹത്തിന്റെ ദൈനികചലനത്തിന്റെ പശ്ചാത്തല സൗകര്യങ്ങളിൽ ഊർജമേഖലക്ക് അദ്വിതീയ സ്ഥാനമാണുള്ളത്. വ്യാവസായിക, കാർഷിക, ഗാർഹിക ആവശ്യങ്ങളിലായി ഉപയോഗിക്കപ്പെടുന്ന ഊർജത്തിന്റെ അളവ് തിട്ടപ്പെടുത്തുക വളരെ പ്രയാസമാണ്. കഴിഞ്ഞ നൂറ്റാണ്ടുമായി തട്ടിച്ചുനോക്കുമ്പോൾ പുതിയ ഊർജസ്രോതസ്സുകളെ കണ്ടെത്താനും ഫലപ്രദമായി ഉപയോഗിക്കാനുമുള്ള ശ്രമത്തിൽ ഒരു കുതിച്ചുചാട്ടംതന്നെയാണുണ്ടായത്. വികസിതാരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയുടെ ആളോഹരി ഊർജ ഉപയോഗം ഏറെ കുറവാണ്. കേരളത്തിലാകട്ടെ ദേശീയ ശരാശരിയേക്കാൾ എത്രയോ കുറവാണ്. നമ്മുടെ കാർഷിക-വ്യാവസായിക മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഊർജപ്രതിസന്ധിയാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ഉപയോഗിക്കുന്ന ഊർജ സ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക്, ഗ്യാസ് എന്നിവയാണ്. വിരളമായി ബയോഗ്യാസ് സംവിധാനവുമുണ്ട്.

വൈദ്യുതി

പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നെത്തുന്നത് 1971-ലാണ്. ഇപ്പോൾ വൈദ്യുതി ലഭിക്കുന്നത് പാവങ്ങാട്, കൊയിലാണ്ടി എന്നീ 110 കെ. വി. സബ്സ്റ്റേഷനുകളിൽനിന്നാണ്. കക്കോടി, അത്തോളി എന്നീ രണ്ട് സെക്ഷൻ ഓഫീസുകൾ വഴിയാണ് നമുക്കാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ 67 ശതമാനം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന തരത്തിലുള്ള കണക്ഷനുകൾ നിലവിലുണ്ട്.

ഗാർഹികം	3313
വ്യാപാരം	549
വ്യവസായികം	35
കാർഷികം	156
ആകെ	4053

ഒൻപത് എൽ. ടി. ട്രാൻസ്ഫോർമറുകളിലൂടെയാണ് വൈദ്യുതി വിരണം ചെയ്യുന്നത്.

1) പുറക്കാട്ടിരി	315 കെ.വി.
2) കച്ചേരി	160 കെ.വി.
3) പറമ്പത്ത്	250 കെ.വി.
4) അണ്ടിക്കോട്	160 കെ.വി.
5) പറപ്പാറ	100 കെ.വി.
6) പാലോറ	100 കെ.വി.
7) വി. കെ. റോഡ്	250 കെ.വി.
8) അന്നശ്ശേരി	100 കെ.വി.
9) എടക്കര	160 കെ.വി.
10) പുനത്തിൽതാഴം (കണ്ണങ്കര)	

40 വാട്സിലുള്ള 42 ബൾബുകൾ, 60 വാട്സിലുള്ള 155 ബൾബുക, 20 ട്യൂബുകൾ എന്നിങ്ങനെ ആകെ 217 സ്ട്രീറ്റ്ലൈറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിനായി പഞ്ചായത്ത് പ്രതിമാസം 3150 രൂപ വൈദ്യുതി ആപ്പീസിൽ അടക്കുന്നുണ്ട്. പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ മൂന്നെണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. 8 ഹരിജന കോളനികളും 6 സാധാരണ കോളനികളും ഇനിയും വൈദ്യുതീകരിക്കുവാനുണ്ട്. ഈ സാമ്പത്തികവർഷത്തിൽ (15-10-96) 97 സാധാരണ കണക്ഷനുകളും 4 ഒ. ടി. പി. കണക്ഷനുകളും 70 ഒ. വൈ. ഇ. സി. കണക്ഷനുകളും അടക്കം 171 വൈദ്യുതി കണക്ഷൻ അനുവദിച്ച വ്യാവസായിക സ്ഥാപനങ്ങൾ താഴെ പറയുന്നപ്രകാരമാണ്.

ഈർച്ചമിൽ	1
ഗ്രിൽസ് ഇൻഡസ്ട്രി	4
ഫ്ളവർമിൽ	5
ഫർണിച്ചർ ശാല	3
കയർ (ചകിരി തല്ലുന്നത്)	2
ആകെ	15

വിറക്

വീടുകളിലും ഹോട്ടലുകളിലും പാചകാവശ്യത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വിറകാണ്. സ്വന്തം സ്ഥലത്തുനിന്ന് ശേഖരിച്ചും വിലക്ക് വാങ്ങിയുമാണ് ആവശ്യങ്ങൾ നിറവേറ്റുന്നത്. വീടുകളിൽ മിക്കതിലും സാധാരണ അടുപ്പായതിനാൽ വിറക് കത്തിച്ചുണ്ടാക്കുന്ന ഊർജം ഭൂരിഭാഗവും നഷ്ടപ്പെടുകയാണ്. ദക്ഷതയേറിയ അടുപ്പുകൾ (പുകയില്ലാത്തത്) ഉപയോഗിക്കുന്നവർ വളരെ കുറവാണ്. ഇത്തരം അടുപ്പുകൾ അനർട്ടും ശാസ്ത്രസാഹിത്യ പരിഷത്തും വിതരണം ചെയ്യുന്നുണ്ടെങ്കിലും ഈ കാര്യത്തെക്കുറിച്ച് വേണ്ടത്ര പരിജ്ഞാനം സാധാരണക്കാരിൽ എത്തിയിട്ടില്ല. അനർട്ടിന്റെ ആപ്പീസ് 30 കി.മീ. അകലെയുള്ള ബാലുശ്ശേരിയിലായതിനാൽ അതുമായി ബന്ധപ്പെടാൻ പ്രയാസമുണ്ട്. ദക്ഷത കൂടിയ വിറകടുപ്പ് വ്യാപിപ്പിക്കുന്നതിലൂടെ വിറകിന്റെ അളവ് 40 ശതമാനം ലാഭിക്കാം. ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ ഇത്തരം അടുപ്പുകൾ സ്ഥാപിച്ചുകൊടുക്കണമെന്ന ആവശ്യം നിർവഹിക്കാനാകുമോ എന്ന് പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

മണ്ണെണ്ണ

33 ശതമാനം കുടുംബങ്ങളിൽ വെളിച്ചം കാണുന്നതിനും പാചക ആവശ്യത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. റേഷൻകാർഡുകളിൽക്കൂടി കാർഡടിസ്ഥാനത്തിലും പെർമിറ്റ് വഴിയും ലഭിക്കുന്ന മണ്ണെണ്ണയാണ് ഇതിനുപയോഗിക്കുന്നത്. വളരെ കുറച്ച് വീടുകളിലും കച്ചവടക്കാരും അധികവിലക്ക് മണ്ണെണ്ണ വാങ്ങി ഉപയോഗിക്കുന്നുണ്ട്.

ഗ്യാസ്

രണ്ട് ശതമാനത്തിൽ താഴെ വീടുകളിൽ മാത്രമേ ഗ്യാസ് ഉപയോഗിക്കുന്നുള്ളൂ. പഞ്ചായത്ത് പ്രദേശം കോഴിക്കോട്ടും കൊയിലാണ്ടിയിലുമുള്ള ഗ്യാസ് വിതരണപ്രദേശത്തിന്റെ പരിധിയിൽ പെടാത്തതുകൊണ്ട് ഗ്യാസ് ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

അനർട്ട് വഴി വിതരണം ചെയ്യുന്ന സൗരറാന്തലുകളും സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വിളക്കുകളും അടുപ്പുകളും ഉപയോഗിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇതു സംബന്ധിച്ച് ബോധവൽക്കരണവും സാധനസാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ ബയോഗ്യാസ് ഉപയോഗത്തെ സംബന്ധിച്ചും ബോധവൽക്കരണം നടത്തേണ്ടതുണ്ട്. പഞ്ചായത്തിൽ രണ്ട് പശുക്കളെങ്കിലുമുള്ള കുടുംബങ്ങൾ ധാരാളമുണ്ട്. അവിടങ്ങളിൽ ഒറ്റക്കും അല്ലെങ്കിൽ നാലോ അഞ്ചോ വീടുകളിലേക്ക് കൂട്ടായും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1) പഞ്ചായത്തിലെ വാർഡുകളിൽ ഒരു പ്രദേശത്തും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.

2) താഴെ പറയുന്ന ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാനുണ്ട്.

1) ചെങ്ങോട്ടുമല
2) അറപ്പുക്കുഴി
3) ചിറവക്കത്ത്
4) പ്രിയദർശിനി
5) കൊട്ടാരക്കുന്ന്
6) അരിയാട്ടുമല
7) പെരുവാഴമല

3) കോരാമ്പ്ര മീത്തൽ, ചെങ്ങോട്ട്, പെരവനാരി, ചെറുകാരാട്, മാരാത്ത്, എടവനക്കുഴി എന്നീ സാധാരണ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.

4) സാധാരണ (157), ഒ. ടി. പി. (26), ഒ. വൈ. ഇ. സി. (18) എന്നീ വിഭാഗങ്ങളിൽ 202 അപേക്ഷകളിൽ കണക്ഷൻ കിട്ടാതെ കാത്തിരിക്കുന്നുണ്ട്.

5) വോൾട്ടത കുറവ് എല്ലാ സ്ഥലത്തും അനുഭവപ്പെടുന്നു.

6) പാചകാവശ്യത്തിനുള്ള വിറകിന്റെ ക്ഷമാം വർദ്ധിച്ചുവരുന്നു.

7) ഗ്യാസ് വിതരണത്തിനുള്ള പ്രദേശത്തിന്റെ പരിധിയിൽ തലക്കുളത്തൂർ പഞ്ചായത്ത് ഉൾപ്പെടുത്തുന്നില്ല.

8) സാധനസാമഗ്രികളുടെ ദൗർലഭ്യംമൂലം പണമടച്ചാലും വർഷങ്ങളോളം കണക്ഷന് കാത്തിരിക്കേണ്ടിവരുന്നു.

9) ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കാനും ലൈൻ പൊട്ടിവീഴുന്നതടക്കമുള്ള അപകടങ്ങൾ ഒഴിവാക്കാനും കാലതാമസം നേരിടുന്നു.

10) ചെലവുകുറഞ്ഞതും ദക്ഷത കൂടിയതുമായ പരിഷത്തടുപ്പുകൾക്ക് വേണ്ടത്ര പ്രചാരണം ലഭിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

❑ താഴെ പറയുന്ന പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് അനുവദിക്കണം.

1) പുളിക്കൂൽ ക്ഷേത്രം റോഡ്
2) വാളാനിക്ഷേത്രം മുതൽ തനിയാടത്ത് പള്ളിവരെ
3) വള്ളിക്കാട്ടക്കാവ് – കനാൽ റോഡ്
4) അന്നശ്ശേരി മുതൽ പൂക്കോട്ടുമല വരെ
5) പറമ്പത്ത് ലക്ഷംവീട്ടിലേക്കുള്ള വഴി



6) കുണ്ടിലേരി – മണ്ണാരിതാഴം റോഡ്
7) അന്നശ്ശേരി – പറപ്പാറ റോഡ് (അന്നശ്ശേരി പാലം വരെ)
8) മതിലകം റോഡ് മുതൽ പറപ്പാറ റോഡ് വരെ
9) അന്നശ്ശേരി പാലം – ചെങ്ങോട്ടുതാഴം റോഡ്
10) പറപ്പാറ ഖാദിബോർഡ് – കാലങ്ങാട്ട്താഴം റോഡ്
11) പാവയിൽ റോഡ് – ഹെൽത്ത് സെന്റർ
12) പാവയിൽ റോഡ്
13) ബി. ഇ. എം. എൽ. പി. സ്കൂൾ – പെരുളിതാഴം ഇടവഴി
14) പറമ്പത്ത് – മതിലകം – പറപ്പാറ റോഡ്
15) പുതുക്കാട്ടിൽ കടവ് വരെയുള്ള ഭാഗം
16) കോട്ടാമ്പടി – വള്ളിക്കാട്ടുകാവ് റോഡ്
17) പട്ടർപാലം – എടക്കര സൈഫൺ റോഡ്
18) പട്ടർപാലം – നെല്ലൂളി തൃക്കോവിൽ – കസ്തൂർബാ ഹരിജൻകോളനി വഴി
19) കച്ചേരി – പാലോറ റോഡ്.

❑ പുതിയോട്ടിൽ കടവിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

❑ അനധികൃതമായി അധിക ലോഡ് ഉപയോഗിക്കുന്നതും സ്റ്റെപ്പ് അപ്പ് / സ്റ്റൈബിലൈസർ ഉപയോഗിക്കുന്നതും തടയുക. അത്തരക്കാരിൽ നിന്ന് പിഴ ഈടാക്കുക.

❑ സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ആവശ്യമുള്ള സാധനസാമഗ്രികൾ ലഭ്യമാക്കുകയും ചെയ്യുക.

❑ മിനിമം ഗാരണ്ടിയിൽ അപേക്ഷിച്ച് വർഷങ്ങളോളമായി കാത്തിരിക്കുന്ന പട്ടർപാലം, വെള്ളാറമ്പത്ത് ഭാഗം, എടക്കര ഭാഗം എന്നിവിടങ്ങളിൽ അടിയന്തരമായി കണക്ഷൻ നൽകുക.

❑ താഴെ പറയുന്ന ഭാഗങ്ങളിൽ വൈദ്യുത ലൈൻ വലിച്ച് പുതിയ കണക്ഷൻ നൽകുക.

1) മണ്ടോടിച്ചാലിൽ മുതൽ കുറ്റ്യാടിപ്പുറം വരെയുള്ള 25 വീടുകൾ.
2) പൂക്കോട്ടു മലഭാഗം, എടക്കര – പാവണ്ടൂർ റോഡ് ഭാഗം.
3) വടക്കേടത്ത് മീത്തൽ ഭാഗം.
4) ചെറുകാണ്ടി മീത്തൽ ഭാഗം 25-ൽ പരം വീടുകൾ.
5) കാഞ്ഞോളിതാഴം – കല്ലാകുറ്റി റോഡ് ഭാഗം.
6) തേജസ് ക്ലബ്ബിന് അനുവദിച്ച ടി. വി.ക്ക് വൈദ്യുത കണക്ഷൻ ലഭിക്കണം.

❑ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

1) അന്നശ്ശേരി പാലത്തിന് വടക്കുഭാഗം.
2) പടന്നക്കളം ഭാഗം.
3) കോച്ചാംവള്ളിത്താഴം.
4) അന്നശ്ശേരി – പറപ്പാറ റോഡ്.
5) മണോളി ഇടവഴി.

❑ കോച്ചാംവള്ളിത്താഴം മുതൽ ചീക്കിലോട് വരെയും പുളിക്കൂൽകടവ് റോഡും സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കുക.

❑ വൈദ്യുതി മോഷണം കണ്ടുപിടിച്ച് അത്തരക്കാർക്കെതിരെ നടപടിയെടുക്കുക.

❑ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ കൂടുതൽ പ്രവൃത്തികൾ ചെയ്യുക.

❑ പ്രസരണനഷ്ടം തടയാൻ ലൈൻടച്ചിങ്ങ് അപ്പപ്പോൾ നീക്കംചെയ്യുക. വൈദ്യുതി ഉപഭോക്താക്കളുടെ പ്രാദേശിക സമിതികൾ രൂപീകരിച്ച് അതാതിടങ്ങളിലെ ലൈൻ ക്ലിയറിങ്ങിന് സന്നദ്ധപ്രവർത്തനം നടത്തുക.

❑ മിനിമം ഉപഭോഗത്തിന് നിശ്ചിത പരിധി വെച്ചുകൊണ്ട് അധികം ഉപഭോഗം ചെയ്യുന്ന ഓരോ യൂനിറ്റിനും പീനൽ ചാർജ് ഈടാക്കുക. ഇങ്ങനെയായാൽ വൈദ്യുതി ദുരുപയോഗവും ആഡംബരത്തിനും അനാവശ്യത്തിനുമുള്ള ചെലവും കുറക്കാനും വിതരണം മെച്ചപ്പെടുത്താനും കഴിയും.

❑ അലങ്കാരങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നത് കർശനമായും തടയുക.

❑ പാരമ്പര്യേതര ഊർജസ്രോതസ്സുകൾ പഞ്ചായത്തിനും ലഭ്യമാക്കുക. സൗരവിളക്കുകൾ വ്യാപകമാക്കുന്നതിന് അനർട്ടിന്റെ ഔദ്യോഗിക ഓഫീസ് തലക്കുളത്തൂരിൽ സ്ഥാപിക്കുക.

❑ ദക്ഷത കൂടിയ അടുപ്പുകൾ പഞ്ചായത്തിൽ പ്രചരിപ്പിക്കുക. കേമ്പ് അടിസ്ഥാനത്തിൽ അടുപ്പ് നിർമ്മാണം, അടുപ്പ് നിർമ്മിക്കുന്നവർക്ക് പഞ്ചായത്തിന്റെ പ്രത്യേക സബ്സിഡി, വായ്പാസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക.

❑ കുറഞ്ഞ വോൾട്ടേജിൽ കത്തുന്ന സി. എഫ്. എൽ. ബൾബുകൾ പ്രചരിപ്പിക്കുകയും അവ വാങ്ങുന്നതിന് സാമ്പത്തികസഹായമായി പിന്നോക്കം നിൽക്കുന്ന ഉപഭോക്താവിന് തവണവ്യവസ്ഥകൾ സൗകര്യമാക്കുകയും ചെയ്യുക.

❑ വീടുകളിലെ ഇന്ധനക്ഷാമം പരിഹരിക്കാൻ പ്രഷർകുക്കറുകളുടെ ഉപയോഗം പ്രചരിപ്പിക്കുകയും സൗരോർജ ഹീറ്ററുകളുടെ വ്യാപനം നടത്തുകയും ചെയ്യുക.

❑ കോഴിക്കോട് കേന്ദ്രമായുള്ള പാചകവാതക വിതരണശൃംഖലയിൽ തലക്കുളത്തൂർ പഞ്ചായത്തിനെ ഉൾപ്പെടുത്തുക. കോഴിക്കോട് നഗരം കേന്ദ്രീകരിച്ചുള്ള ഇന്നത്തെ നില അവസാനിപ്പിച്ച് കോഴിക്കോട് മെട്രോപൊളിറ്റൻ പ്രദേശമാകെ ഉൾപ്പെടുത്തിയാൽ നിരവധി പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

❑ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക. പ്ലാൻറുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുക.

❑ മിനിമം ഗ്യാരണ്ടി ചാർജ് സംവിധാനം പുനഃപരിശോധിക്കുക. മിനിമംഗ്യാരണ്ടിയിൽ ഉപയോഗിച്ചാലും ഇല്ലെങ്കിലും ചാർജ് അടക്കേണ്ടതിനാൽ അത്തരക്കാർ വൈദ്യുതി ആവശ്യത്തിനും അനാവശ്യത്തിനും ചെലവഴിക്കുന്ന രീതി ഫലത്തിൽ വൈദ്യുതക്കമ്മിയുടെ രൂക്ഷത വർദ്ധിപ്പിക്കുകയേയുള്ളൂ. ഉപയോഗിക്കുന്ന കറണ്ടിന് ചാർജ് എന്ന സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുക. ●

മാർക്കറ്റ്

'ആവശ്യമാണ് സൃഷ്ടിയുടെ മാതാവ്' എന്നതിൽനിന്ന് സൃഷ്ടിയാണ് ആവശ്യങ്ങളുടെ മാതാവ് എന്ന അവസ്ഥയിലേക്ക് മാറിപ്പോയ ഉപഭോഗ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആവശ്യമില്ലാത്ത സാധനങ്ങൾ നിർമിക്കുകയും അതിന് വിപണി കണ്ടെത്താൻ ഉപഭോക്താവിനെ മസ്തിഷ്ക പ്രക്ഷാളനം നടത്തുകയും ചെയ്യുന്ന യാന്ത്രികയുഗം. ഇവിടെ നിന്ന് നാമൊന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ പണ്ട് മുതൽക്കേ കച്ചവടസ്ഥാപനങ്ങളുണ്ടായിരുന്നുവെങ്കിലും വിപുലമായ രീതിയിലുള്ള വാണിജ്യ-വ്യാപാര ശൃംഖല നമുക്കുണ്ടായിരുന്നില്ല. സാമ്രാജ്യത്വകാലഘട്ടത്തിൽ പഴയ കുറുമ്പ്രനാട് താലൂക്കിൽപെട്ട എടക്കരയിലേയും കോഴിക്കോട് താലൂക്കിൽപെട്ട അന്നശ്ശേരി, തലക്കുളത്തൂർ പ്രദേശങ്ങളിലെയും കാർഷികോൽപ്പന്നങ്ങളാണ് പ്രധാനമായും വ്യാപാരത്തിനുപയോഗിച്ചിരുന്നത്. അതാകട്ടെ നേരിട്ടുള്ള വിപണനരീതിയിലല്ലായിരുന്നുതാനും. അത്തോളി, കൊയിലാണ്ടി, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചിരുന്ന വ്യാപാര പ്രമുഖന്മാരുടെ ഏജൻറുമാരാണ് അന്നു കച്ചവടം നടത്തിയിരുന്നത്. അവർ ഗ്രാമപ്രദേശങ്ങളിലെത്തി നെല്ല്, അടയ്ക്ക, കുരുമുളക്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവ വിലക്കെടുക്കുകയും വ്യാപാരകേന്ദ്രത്തിൽ കൊണ്ടുപോയി കൂടുതൽ വിലയ്ക്ക് വിൽക്കുകയുമായിരുന്നു ചെയ്തത്. പിന്നീട് നാടൻ കച്ചവടക്കാരും ഇത്തരം വാങ്ങൽ-കൊടുക്കൽ പ്രക്രിയയിലേർപ്പെട്ടു. പണത്തിന്റെ വിനിമയത്തിലാണ് വ്യാപാരം പൊതുവെ നടക്കുന്നതെങ്കിലും സാധാരണക്കാരായ ഗ്രാമീണർ ഒരുതരം 'ബാർട്ടർ' സമ്പ്രദായത്തിലാണ് വിനിമയം ചെയ്തിരുന്നത്. അവർ കൈത്തൊഴിലിലൂടെ (പച്ചച്ചകിരി പാകപ്പെടുത്തി പിരിച്ചെടുക്കുന്ന) നിർമിക്കുന്ന പച്ചച്ചൂടി, കൈതോലപ്പായ, കൈതോലകൊണ്ടുള്ള നീളൻ പാക്കറ്റ് (പുട്ടൽ) അഴുകിയ തൊണ്ട് തല്ലിയെടുത്ത ചൂടി എന്നിവ കടകളിൽ കൊടുത്ത് പകരം നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിരുന്നു. ഇടത്തരം-വൻകിട ഭൂവുടസ്ഥർ നാളികേരം ഉണക്കി കൊപ്രയാക്കിയും അടയ്ക്ക, കശുവണ്ടി, കുരുമുക് എന്നിവ ഉണക്കിയും മിച്ചമുള്ള നെല്ലും കോഴിക്കോട്ടങ്ങാടിയിൽ വില്പന നടത്തിയിരുന്നു. കാളകളെ ഉപയോഗിച്ചുകൊണ്ടുള്ള നാടൻ ചക്കിൽ നാട്ടിൽ വെച്ചുതന്നെ വെളിച്ചെണ്ണയും ഉണ്ടാക്കി വില്പന നടന്നിരുന്നു. എടക്കര, അന്നശ്ശേരി, പാവയിൽ ഭാഗത്തുണ്ടാക്കിയിരുന്ന പച്ചക്കറികൾ ധാരാളക്കണക്കിന് കോഴിക്കോട്ട് മാർക്കറ്റിൽ വിറ്റഴിച്ചിരുന്നു. പുഴ മാർഗത്തിൽ വലിയ തോണികളിലാണ് ചരക്കുകളുടെ വരവും പോക്കും നടന്നത്. ചുറ്റും പുഴയായതുകാരണം റോഡ് ഗതാഗതത്തിനുള്ള സൗകര്യം ഇല്ലായിരു

പ്രാദേശികമായ ഉല്പാദനമേഖലകൾ വികാസം പ്രാപിക്കുമ്പോൾ ഉല്പന്നങ്ങളുടെ അളവ് വർധിക്കുമെന്നത് സ്വാഭാവികം. അപ്പോൾ വിപണി ഒരു പ്രധാന വിഷയമായിത്തീരും.

ന്നു. മേൽപറഞ്ഞ പരിതഃസ്ഥിതിയിൽ പഞ്ചായത്തിലാകെ കേന്ദ്രീകരിച്ച ഒരു വിപണന സമ്പ്രദായം ഉണ്ടായിരുന്നില്ല.

വിപണിയെപ്പറ്റി ചിന്തിക്കുമ്പോൾ വിപണിയെ കയ്യടക്കിയിരിക്കുന്ന പുത്തൻ ഉപഭോഗസംസ്കാരത്തെപ്പറ്റിക്കൂടി ചിന്തിക്കേണ്ടതുണ്ട്. പഴയകാലത്ത് പരമ്പരാഗതമെങ്കിലും ഉല്പാദനം നടന്ന നാട് എന്നതു മാറി ഏറ്റവും നല്ല ഒരു ഉപഭോഗ സംസ്ഥാനമായി നാം മാറിയിരിക്കുന്നു. യഥാർഥത്തിൽ നമ്മുടെ അസംസ്കൃത വിഭവങ്ങളാണ് പുറംനാടുകളിൽ പോയി വേഷം മാറി ഉല്പന്നങ്ങളായി നമ്മുടെ കൈകളിൽത്തന്നെ എത്തുന്നത്.

പ്രാദേശികമായ ഉല്പാദനമേഖലകൾ വികാസം പ്രാപിക്കുമ്പോൾ ഉല്പന്നങ്ങളുടെ അളവ് വർധിക്കുമെന്നത് സ്വാഭാവികം. അപ്പോൾ വിപണി ഒരു പ്രധാന വിഷയമായിത്തീരും. പ്രാദേശിക സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയണമെങ്കിൽ ഉപഭോഗസംസ്കാരത്തെ ചെറുത്ത് പ്രാദേശിക വിപണിയെ വിപുലമാക്കിയേ തീരൂ.

മറ്റു പ്രദേശങ്ങളിലുണ്ടായപോലെ ആഴ്ചച്ചന്തകൾ നമുക്കുണ്ടായിരുന്നില്ല. ഇപ്പോൾ നമ്മുടെ പഞ്ചായത്തിലെ പ്രധാന അങ്ങാടികൾ സ്റ്റേറ്റ് ഹൈവേയിൽ കേന്ദ്രീകരിച്ചുള്ള പുറക്കാട്ടിരി, പറമ്പത്ത്, അണ്ടിക്കോട് എന്നിവയും അന്നശ്ശേരിപാലം, തൂണുമണ്ണിൽ, പട്ടർപാലം, എടക്കര എന്നിവിടങ്ങളിലെ ചെറു കച്ചവടകേന്ദ്രങ്ങളുമാണ്. ഇവയൊന്നും തന്നെ പ്രദേശികോല്പന്നങ്ങൾ വിറ്റഴിക്കുന്ന കേന്ദ്രങ്ങളല്ല. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പുറം മാർക്കറ്റിനെ ആശ്രയിക്കേണ്ടിവരുന്നതുകൊണ്ട് മാർക്കറ്റ് ഡിമാൻറുകളിലെ ഏറ്റക്കുറച്ചിലുകൾ കർഷകർക്ക് ന്യായ വില ലഭിക്കുന്നതിന് തടസ്സമാവാറുണ്ട്.

പഞ്ചായത്തിലാകെ 10 പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറുമുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ ഇവയ്ക്കനുബന്ധമായ മറ്റു സംവിധാനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

മാർക്കറ്റ് ഡിമാൻറിലെ ഏറ്റക്കുറച്ചിലുകളിൽ കൃഷിക്കാരന് ന്യായമായ വില ലഭിക്കാൻ സൗകര്യമാകത്തക്ക നിലയിൽ പഞ്ചായത്തിൽ ഒരു റഗുലേറ്റിംഗ് മാർക്കറ്റ് ഉണ്ടാകണം. ഇവിടെ ഉല്പന്ന വിലയിടിവുള്ള കാലത്ത് ഉല്പന്നങ്ങൾ ശേഖരിച്ചുവെക്കാനും വില കൂടുമ്പോൾ വിറ്റഴിക്കാനും അതുവഴി കർഷകന് ന്യായമായ വില ലഭ്യമാക്കാനും കഴിയണം.

നിർദ്ദേശങ്ങൾ:

1) കൊപ്ര, അടയ്ക്ക, കുരുമുളക് തുടങ്ങിയവക്ക് പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങണം.

2) മാർക്കറ്റ് ഡിമാൻറിലെ ഏറ്റക്കുറച്ചിലുകളിൽ കൃഷിക്കാരന് ന്യായമായ വില ലഭിക്കാൻ സൗകര്യമാകത്തക്ക നിലയിൽ പഞ്ചായത്തിൽ ഒരു റഗുലേറ്റിംഗ് മാർക്കറ്റ് ഉണ്ടാകണം. ഇവിടെ ഉല്പന്ന വിലയിടിവുള്ള കാലത്ത് ഉല്പന്നങ്ങൾ ശേഖരിച്ചുവെക്കാനും വില കൂടുമ്പോൾ വിറ്റഴിക്കാനും അതുവഴി കർഷകന് ന്യായമായ വില ലഭ്യമാക്കാനും കഴിയണം.

3) പച്ചക്കറികൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയവ വിറ്റഴിക്കാൻ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ആഴ്ചച്ചന്തകൾ ആരംഭിക്കുക.

4) കുടിൽവ്യവസായം, കൈത്തൊഴിൽ മേഖലകളിലെ ഉല്പന്നങ്ങൾ (ഉദാ: സോപ്പ്, വൈറ്റ്നർ, കരകൗശലവസ്തുക്കൾ, റെഡിമെയ്ഡുകൾ, ചന്ദനത്തിരി, മെഴുകുതിരി, അച്ചാർ, സ്കാഷ് തുടങ്ങിയ വസ്തുക്കൾ വിറ്റഴിക്കാൻ സഹകരണ സംഘങ്ങൾ മുഖേന വനിതാ ഏജൻറുമാരെ പ്രൊമോട്ടുചെയ്യുക. അങ്ങിനെയായൽ വനിതകൾക്ക് ഒരു തൊഴിൽ സൗകര്യവുമാവും.

5) ഐ ആർ ഡി പി മേളകളുടെ മാതൃകയിൽ ഏതെങ്കിലും ഉത്സവകാലങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ മേളകൾ സംഘടിപ്പിക്കണം.

6) പൊതുവിതരണം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി പഞ്ചായത്തിൻെറ കിഴക്കൻ മേഖലയായ പട്ടർപാലം-എടക്കര ഭാഗത്ത് ഒരു മാവേലി സ്റ്റാർ സ്ഥാപിക്കുക (പറമ്പത്ത് പ്രവർത്തിക്കുന്ന മാവേലിസ്റ്റോറിലേക്ക് വളരെയേറെ ദൂരവും വാഹനസൗകര്യമില്ലായ്മയും അസൗകര്യമാണ്.).

7) പ്രാദേശിക പരമ്പരാഗത ഉല്പന്നങ്ങളോട് അവജ്ഞപ്രകടിപ്പിക്കുന്നതും ഉപഭോഗ സംസ്കാരത്തിലേക്ക് ജനങ്ങളെ നയിക്കുന്നതുമായ പരസ്യങ്ങൾ ഇലക്ട്രോണിക്സ് മാധ്യമങ്ങളിൽ നടത്തുന്നത് നിരോധിക്കുക, പകരം സർക്കാർ വകുപ്പുകളുടെ വകയായി. പ്രാദേശികോല്പന്നങ്ങൾ വാങ്ങുന്നതിനും അവ ഉല്പാദിപ്പിക്കുന്നതിനുമുള്ള ദൃശ്യ-ശ്രാവ്യ പ്രചാരണം ഈ മാധ്യമങ്ങളിലൂടെ തന്നെ സർക്കാർ നടത്തുക. ●

പാർപ്പിടം

സ്വന്തമായൊരു വീട് എന്നത് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. തലക്കുളത്തൂർ പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ നിലയുള്ള ..... ഭവനങ്ങളും ഒരു നിലയുള്ള ..... ഓടിട്ട കെട്ടിടങ്ങളും ..... കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങളും 500 കൂടിലുകളും ഉണ്ട്. ഇനിയും വാസയോഗ്യമായ വീടുകൾ സ്വന്തമായില്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന കുടുംബങ്ങൾക്ക് താമസിക്കാൻ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ മൂന്ന് 'ലക്ഷംവീട് കോളനികളും രണ്ട് ഐ. എച്ച്. ഡി. പി. (ഹരിജൻ) കോളനികളും 16 നാല്സെൻറ് കോളനികളും പഞ്ചായത്തിലുണ്ട്. 'ഇന്ദിരാ ആവാസ് യോജന', 'ജവഹർ റോസ്ഗാർ യോജന', 'മില്യൺവെൽ സ്കീം' എന്നീ പദ്ധതി പ്രകാരം 69 വീടുകൾ നിർമ്മിക്കാൻ അനുവദിച്ചിട്ടുണ്ട്. ഇതിൽ 54 വീടുകളുടെ പ്രവൃത്തി പൂർത്തീകരിക്കുകയും 15 വീടുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്.

ഇവരിൽപെടാത്തവരായി പുറംപോക്കിൽ താമസിക്കുന്ന ഒരു കുടുംബവും കടത്തിണ്ണയിൽ താമസിക്കുന്നവരും ഒരേ മേൽക്കൂരക്ക് കീഴിൽത്തന്നെ വിവിധ കുടുംബങ്ങൾ താമസിക്കുന്നതും ആയി നിരവധി കുടുംബങ്ങൾ ഭവനരഹിതരായുണ്ട്. ഇവർക്കെല്ലാം സ്ഥിരമായ വീടുകൾ നിർമ്മിക്കുന്നതിന് സഹായധനവും വായ്പയും നൽകാൻ സംവിധാനം ഉണ്ടാകേണ്ടതാണ്. കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനിടക്ക് ധാരാളം പുതിയ വീടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉയർന്നുവന്നിട്ടുണ്ട്. അക്കാലത്തിനുമുമ്പ് നിർമ്മിക്കപ്പെട്ട വീടുകളിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ ഇരുനിലകെട്ടിടങ്ങൾ താരതമ്യേന കൂടുതലായി നിർമ്മിക്കപ്പെടുന്നു എന്നത് പുതിയ പ്രവണതയാണ്. ഇവയിൽ അധികവും ഏതെങ്കിലും ഏജൻസിയിൽനിന്നും വായ്പയെടുത്ത് നിർമ്മിക്കുന്ന വീടുകളാണ്.

ഗൾഫ് മേഖലയിൽനിന്നും പഞ്ചായത്തിലെ കുടുംബങ്ങളിൽ എത്തുന്ന പണത്തിന്റെ വലിയൊരു ഭാഗം കെട്ടിടനിർമാണരംഗത്തേക്കാണ് തിരിച്ചുവിടപ്പെടുന്നത്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. കൂടാതെ, നിർമ്മിക്കപ്പെടുന്ന വീടുകൾക്കകത്ത് സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ചെലവഴിക്കപ്പെടുന്നതിനേക്കാൾ തുക അനാവശ്യ ചെലവുകൾക്കും ചുമരിലും മറ്റും മാർബിൾ, വിലകൂടിയ ടൈൽസ് തുടങ്ങിയ ആഡംഭരങ്ങൾക്കും നീക്കിവെക്കുന്ന പ്രവണതയും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

തലക്കുളത്തൂർ പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സൊസൈറ്റി ഇതുവരെയായി ..... വീടുകൾ നിർമ്മിക്കുന്നതിന് വായ്പ അനുവദിച്ചിട്ടുണ്ട്. അതിൽ ..... വീടുകളുടെ പണി പൂർത്തിയാവുകയും വീടുകളുടെ പണി തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സൊസൈറ്റിയിൽനിന്നും വായ്പ അനുവദിച്ചുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ സാധാരണക്കാരെ സംബന്ധിച്ചേടത്തോളം വളരെയേറെ പ്രയാസകരവും ചെലവേറിയതുമാണ്. വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ജില്ലാ നിർമ്മിതികേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അത്തരത്തിലുള്ള നിർമ്മാണരീതികൾ പ്രയോജനപ്പെടുത്തുവാൻ പൊതുവെ ജനങ്ങൾ വിമുഖരാണ്. നിർമ്മിതികേന്ദ്രത്തിന്റെ പ്ലാനും നിർമ്മാണസാമഗ്രികളും ഉപയോഗപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ ലഭ്യത പഞ്ചായത്തിൽ കുറവായതുകൊണ്ട് അവയുടെ വിലക്കയറ്റം ജനങ്ങളെ വളരെ വിഷമിപ്പിക്കുന്നുണ്ട്. നിർമ്മാണതൊഴിലാളികൾക്ക് താരതമ്യേന മെച്ചപ്പെട്ട വേതനവും മറ്റാനുകൂല്യങ്ങളുമുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള നിലവാരം തൊഴിലിൽ ഉണ്ടായിട്ടില്ല.

കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ ശുദ്ധജലലഭ്യത, ശുചീകരണപ്രവർത്തനങ്ങൾ എന്നിവയും പരിതാപകരമായ നിലയിലാണ്. മിക്ക വീടുകൾക്കുമുള്ള കക്കൂസുകൾ പൊട്ടിപ്പൊളിഞ്ഞ് താമസക്കാർക്കും പരിസരവാസികൾക്കും പ്രയാസങ്ങൾ സൃഷ്ടിക്കുന്നവയായി തീർന്നിരിക്കുന്നു. നാല് സെൻറ് സ്ഥലം വീതം നൽകിയിട്ടുള്ള മറ്റ് കോളനികളിൽ എല്ലാവർക്കും വാസയോഗ്യമായ ഭവനങ്ങൾ ഇല്ല.

പ്രശ്നങ്ങൾ:

1. കെട്ടിട നിർമാണ സാമഗ്രികളുടെ ലഭ്യത കുറവാണ്.
2. കല്ല്, മരം, ഇഷ്ടിക, ഓട്, മണൽ, സിമൻറ്, ഇരുമ്പ് തുടങ്ങിയ നിർമാണ വസ്തുക്കളുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നു.
3. കെട്ടിനിർമാണത്തിലെ ദുർവ്യയവും ധൂർത്തും വർധിക്കുന്നു.
4. ചെലവുകുറഞ്ഞ വീടുകൾ നിർമിക്കുന്നതിനുള്ള താല്പര്യം പൊതുവെ ജനങ്ങൾക്കില്ല. ചെലവുകുറഞ്ഞ വീടുകളുണ്ടാക്കുന്നതിനുള്ള പരിശീലനം നിർമാണ തൊഴിലാളികൾക്കില്ല. ചെലവുകുറഞ്ഞ കെട്ടിടനിർമാണത്തിന്റെ പ്രചാരണം ഇല്ല.
5. കെട്ടിട നിർമാണത്തിലെ പുതിയ സങ്കേതങ്ങൾ പ്രയോഗിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം നിർമാണ തൊഴിലാളികൾക്കില്ല.
6. പഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന ഹൗസിങ്ങ് സൊസൈറ്റി ഇല്ല. തലക്കുളത്തൂർ, കക്കോടി, എലത്തൂർ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായിട്ടുള്ള നിലവിലുള്ള സൊസൈറ്റിയിൽനിന്നുള്ള വായ്പകൾ ഇടത്തരക്കാർക്കും സാധാരണക്കാർക്കും ലഭ്യമാക്കുവാൻ കഴിയുന്നില്ല.
7. വില വർധനക്കൊത്ത് വായ്പാത്തുകകളിൽ വർധനവുണ്ടാകുന്നില്ല.
8. വീടില്ലാത്ത കുടുംബങ്ങൾക്കെല്ലാവർക്കും സ്വന്തമായി സ്ഥലമില്ല.
9. ഉയർന്ന പ്രദേശങ്ങളിൽ



താമസിക്കുന്ന കോളനി നിവാസികൾക്ക് വാഹന സൗകര്യമില്ലാത്തത് നിർമാണച്ചെലവ് വർധിപ്പിക്കുന്നു.

10. കോളനികളിലെ സ്ഥലപരിമിതി മൂലം കക്കൂസ്, കിണർ എന്നിവ നിർമിക്കുന്നതിൽ പ്രയാസം അനുഭവപ്പെടുന്നു.

11. പഞ്ചായത്തിൽ വീടുവെക്കുന്നതിനുള്ള സ്ഥലദൗർല്ലഭ്യം രൂക്ഷമാണ്.

സാധ്യതകൾ, നിർദേശങ്ങൾ

1. കാറികളുടെ സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് സിമൻറ് ബ്ലോക്ക് നിർമാണ യൂനിറ്റ് ആരംഭിക്കുക.

2. ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ വീടുകൾ നിർമ്മിക്കുന്നതിനുള്ള വ്യാപകമായ ബോധവൽക്കരണം നടത്തുക.

3. ചെലവ് കുറഞ്ഞ വീടുകൾക്കാവശ്യമായ നിർമാണ സാമഗ്രികൾ ഉല്പാദിപ്പിക്കുക.

4. നിർമ്മിതി കേന്ദ്രത്തിൻെറ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ചെലവുകുറഞ്ഞതും ആധുനികവുമായ കെട്ടിനിർമാണത്തിന് തൊഴിലാളികൾക്ക് പരിശീലനം നൽകുക. പഞ്ചായത്തതിർത്തിയിലെ പരമാവധി നിർമാണ പ്രവർത്തനങ്ങൾ നിർമിതി കേന്ദ്രത്തിൻെറ നേതൃത്വത്തിൽ നടത്തുക.

5. വിവിധ വായ്പത്തുകയുപയോഗിച്ചുകൊണ്ട് നിർമിക്കുന്ന വീടുകൾ ചെലവുകുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിന് നിർമിതി കേന്ദ്രത്തിലൂടെ പ്രൊമോട്ടർമാരെ നിയോഗിക്കുക. ഗൃഹനിർമാണം പൂർണമായും ചെലവുകുറഞ്ഞ രീതിയിലായിരിക്കണമെന്ന് നിഷ്കർഷിക്കുക.

6. ഭവന നിർമാണ സഹകരണ സംഘത്തിൻെറ പ്രവർത്തനപരിധി പഞ്ചായത്തിൽ മാത്രമായി പുനർനിർണയം നടത്തുകയോ പഞ്ചായത്തിന് മാത്രമായുള്ള ഗൃഹനിർമാണ വായ്പാ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യുക, മാനദണ്ഡമനുസരിച്ച് മാത്രം അർഹരെ തെരഞ്ഞെടുക്കുക.

7. കെട്ടിട നിർമാണത്തിലെ ധൂർത്തും ദുർവ്യയവും ഇല്ലാതാക്കാൻ വീടുകൾക്ക് ശാസ്ത്രീയമായി സ്ലാബ് നിശ്ചയിക്കുകയും ഉയർന്ന സ്ലാബുകൾക്ക് കൂടുതൽ നികുതി ചുമത്തുകയും ചെയ്യുക.

8. ഹൗസിങ്ങ് ബോഡിലൂടെയുള്ള ഭവന നിർമാണ വായ്പകൾ പരമാവധി പേർക്ക് ലഭ്യമാക്കത്തക്ക പദ്ധതികൾ ആവിഷ്കരിക്കുക. പലിശനിരക്ക്, ജാമ്യവ്യവസ്ഥ തുടങ്ങിയവ സാധാരണക്കാർക്ക് താങ്ങാവുന്നതും ലളിതവുമാക്കുക.

9. സ്ഥലലഭ്യതയുടെ ദൗർല്ലഭ്യം പരിഹരിക്കാൻ ഹൗസിങ്ങ് കോളനികൾ സ്ഥാപിക്കുക.

10. വിലവർദ്ധന പരിഗണിച്ചുകൊണ്ട് വായ്പാതുക ഉയർത്തുകയും തിരിച്ചടക്കേണ്ട കാലാവധി വർദ്ധിപ്പിക്കുകയും ചെയ്യുക.

11. കോളനികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ മാറ്റി പണിയുന്നതിനും അറ്റകുറ്റപണികൾ ആവശ്യമായവക്ക് അവ നടത്തുന്നതിനും പദ്ധതി ആവിഷ്കരിക്കുക.

12. കോളനികളിലേക്ക് യാത്രാസൗകര്യം ഉണ്ടാക്കുക. നിർമ്മാണവസ്തുക്കൾ എത്തിക്കുന്നതിനും മറ്റും ഇതാവശ്യമാണ്.

13. ഭവനനിർമ്മാണ വസ്തുക്കൾ ശേഖരിക്കാനും ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതിനും ഒരു സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കുക. നിർമ്മാണതൊഴിലാളികളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ഈ സംഘത്തിന് ഗൃഹനിർമ്മാണത്തിനാവശ്യമായ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും കഴിയും.

14. ഭവനനിർമ്മാണത്തിന് ഇന്ന് നിലവിലുള്ള വിവിധ സ്കീമുകൾ, ഏജൻസികൾ, ലോണുകൾ, സബ്സിഡികൾ തുടങ്ങിയ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിലും വാർഡുകളിലെ പൊതുസ്ഥാപനങ്ങളിലും പ്രസിദ്ധപ്പെടുത്തുക. ●

വനിതാക്ഷേമം

സാമൂഹ്യമായ അടിച്ചമർത്തലുകൾ പരോക്ഷമായിട്ടെങ്കിലും ഇന്നും നിലനിൽക്കുന്നു. കുടുംബഭരണനേതൃത്വത്തിൽ പങ്കാളിത്തമോ സ്വന്തം അഭിപ്രായത്തിന് അംഗീകാരമോ ഇല്ല. പൊതുരംഗത്തേക്കുയരാനോ കഴിവുകൾ പ്രകടിപ്പിക്കാനോ സൗകര്യം ലഭിക്കുന്നില്ല. എന്നാൽ കഴിവു പ്രകടിപ്പിക്കാൻ ലഭിച്ച അപൂർവമായ അവസരങ്ങളിൽ തങ്ങളുടെ കഴിവ് പുരുഷന്മാർക്കൊപ്പമോ അതിനപ്പുറമോ തെളിയിച്ചിട്ടുണ്ട്.

കുഞ്ഞുങ്ങളെ നൊന്തുപെറ്റ് പോറ്റിവളർത്തുന്നത് അമ്മ. മുലപ്പാലിലൂടെ ഭാഷയും സ്നേഹവും സംസ്കാരവും പകർന്നു നൽകി അവരെ മനുഷ്യരാക്കുന്നത് അമ്മ. അടുക്കളയിൽ രാപ്പകൽഭേദമെന്യേ കഷ്ടപ്പെട്ട് കുടുംബത്തിന്റെ താളക്രമത്തിന് ഭംഗം വരാതെ നോക്കുന്നത് അമ്മ... ഈ അമ്മയ്ക്കുള്ളേടത്തോളം നേതൃത്വപാടവവും സംഘടനാപരമായ കഴിവും മറ്റാർക്കാണുള്ളത്.

പക്ഷേ, ഇതംഗീകരിക്കാൻ, നാടിന്റെ പുരോഗതിക്ക് മുതൽകൂട്ടാൻ നാമിനിയും മടിച്ചുനിൽക്കുന്നു. അടുക്കളയിൽനിന്നും അരങ്ങത്തേക്ക് അവർ വരാത്തേടത്തോളം നമ്മുടെ വികസനചർച്ചകളും ആസൂത്രണവും അർത്ഥപൂർണ്ണമാവില്ല.

സാമൂഹ്യമായ അടിച്ചമർത്തലുകൾ പരോക്ഷമായിട്ടെങ്കിലും ഇന്നും നിലനിൽക്കുന്നു. കുടുംബഭരണനേതൃത്വത്തിൽ പങ്കാളിത്തമോ സ്വന്തം അഭിപ്രായത്തിന് അംഗീകാരമോ ഇല്ല. പൊതുരംഗത്തേക്കുയരാനോ കഴിവുകൾ പ്രകടിപ്പിക്കാനോ സൗകര്യം ലഭിക്കുന്നില്ല. എന്നാൽ കഴിവു പ്രകടിപ്പിക്കാൻ ലഭിച്ച അപൂർവമായ അവസരങ്ങളിൽ തങ്ങളുടെ കഴിവ് പുരുഷന്മാർക്കൊപ്പമോ അതിനപ്പുറമോ തെളിയിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളാണ്. (51.27%). സ്ത്രീകളുടെ സാക്ഷരതാനിരക്ക് ഏതാണ്ട് പുരുഷന്മാർക്കൊപ്പം തന്നെയാണ് (49 ശതമാനം). ആകെയുള്ള 12156 സ്ത്രീകളിൽ 9431 പേരും സാക്ഷരരാണ്. അതായത് 77.58 ശതമാനം. (അവലംബം 1991ലെ സെൻസസ് കണക്ക്). എന്നിട്ടും നാനാമേഖലകളിലും സ്ത്രീകൾ അവഗണിക്കപ്പെടുകയാണ്.

സാമ്പത്തികമായി സ്വതന്ത്രരാവാത്തതാണ് സ്ത്രീകളുടെ പിന്നോക്കാവസ്ഥക്കുള്ള ഒരു പ്രധാന കാരണം. ഈ പൊതു അവസ്ഥയിൽ നിന്നും ഒട്ടും വിഭിന്നമല്ല നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയും. ആകെയുള്ള സ്ത്രീകളിൽ 20 ശതമാനത്തിനുപോലും സ്വന്തമായി വരുമാനമാർഗമില്ല. സർക്കാർ മേഖലയിലും മറ്റും ജോലി ചെയ്യുന്നവർ 200ൽ താഴെയേ വരൂ. കെട്ടിടനിർമ്മാണം, കൃഷി എന്നീ രംഗങ്ങളിൽ തൊഴിലെടുക്കുന്നവർ കേവലം 100ൽ താഴെയും. ഇവർക്കാവട്ടെ പുരുഷന്മാരെക്കാൾ കുറവാണ് കൂലി. പഞ്ചായത്തിലെ തൊഴിലില്ലാത്തവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ഇത് മൊത്തം തൊഴിലില്ലാത്തവരുടെ 64 ശതമാനം വരും. (പട്ടിക കാണുക).

സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത് കയർമേഖലയാണ്. ഏതാണ്ട് 500ഓളം പേർ ചകിരിതല്ല്, ചകിരിപിരി എന്നിവയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നു. അദ്ധ്വാനവുമായി തട്ടിച്ചുനോക്കിയാൽ നിസ്സാരമായ കൂലിയേ ഇവർക്ക് ലഭിക്കുന്നുള്ളു. ചീഞ്ഞ തൊണ്ടു തല്ലുമ്പോൾ ഉയരുന്ന ഹൈഡ്രജൻ സൾഫൈഡ് (H_2S) ഇവരുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നുണ്ട്. ഇതിനെതിരെയുള്ള രോഗപ്രതിരോധ നടപടികളാകട്ടെ ഈ മേഖലയിലില്ലതാനും. ഈ കാരണങ്ങളാൽ കയർ മേഖലയിൽ നിന്നും ക്രമേണ സ്ത്രീകൾ പിറകോട്ടു പോവുകയാണ്.

സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്ന തൊഴിൽ യൂനിറ്റുകൾ വിരലിലെണ്ണാവുന്നവയേയുള്ളൂ. പന്ത്രണ്ടോളം പേർ ജോലി ചെയ്യുന്ന പറപ്പാറയിലെ ഖാദി നെയ്ത്ത് കേന്ദ്രമാണ് ഇതിൽ പ്രധാനം. ബാഗ് നിർമ്മാണം, ടെയിലറിങ്ങ് എന്നിവയാണ് മറ്റ് യൂനിറ്റുകൾ.

പാവയിൽ, അന്നശ്ശേരി എന്നിവിടങ്ങളിലെ രണ്ട് ബാലവാടികളടക്കം ഏഴ് ഫീഡിങ്ങ് സെൻററുകളാണ് പഞ്ചായത്തിലുള്ളത്. പുറക്കാട്ടിരി, മുക്കംകടവ്, പുതിയോട്ടിൽകടവ്, പട്ടർപാലം, വള്ളിൽകടവ് എന്നിവയാണ് മറ്റ് ഫീഡിങ്ങ് സെൻററുകൾ. ഇവയോടനുബന്ധിച്ച് മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. പട്ടർപാലത്ത് പുതുതായി ഒരു മഹിളാസമാജം കൂടി റജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്ത്രീകളുടെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾ വിവിധ ഏജൻസികൾവഴി നടപ്പാക്കുന്നുണ്ടെങ്കിലും അതൊന്നും ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. പദ്ധതികളെക്കു

റിച്ച് ബഹുഭൂരിപക്ഷം സ്ത്രീകൾക്കും അറിവില്ലെന്നതാണ് മുഖ്യപ്രശ്നം.

തലക്കുളത്തൂർ, എലത്തൂർ, കക്കോടി, ചേളന്നൂർ എന്നീ പഞ്ചായത്തുകളിലെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മുഖ്യപ്രാഥമികാരോഗ്യകേന്ദ്രം നമ്മുടെ പഞ്ചായത്തിലാണുള്ളത്. ഇതിന്റെ കുറെ സൗകര്യങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. എങ്കിലും ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ശക്തിപ്പെടണം. ഇവിടെയെത്തുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്.

നിർദ്ദേശങ്ങൾ

1). സ്ത്രീകൾക്ക് ഒത്തുചേരാൻ സൗകര്യപ്രദമായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പഞ്ചായത്തിലാകെ 'വനിതാവികസന സമിതികൾ' എന്ന പേരിൽ സ്ത്രീകളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കണം. സ്ത്രീകൾക്ക് തൊഴിലും മറ്റും പ്രദാനം ചെയ്യുന്നതോടൊപ്പം അവരുടെ പ്രശ്നങ്ങൾകൂടി കൈകാര്യം ചെയ്യാൻ ഇവക്ക് കഴിയണം. ഇത്തരം സമിതികളെ ഏകോപിപ്പിച്ച് കൊണ്ട് പഞ്ചായത്ത് തലത്തിൽ കമ്മറ്റി വേണം.

2) പച്ചക്കറിതോട്ടം, അടുക്കളത്തോട്ടം, ടെറസ് കൃഷി, കൂൺകൃഷി എന്നിവ സംഘടിപ്പിക്കുകവഴി കാർഷികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും 'വനിതാ വികസന സമിതികൾക്ക്' കഴിയണം. ഇതിനാവശ്യമായ വിത്ത്, വളം എന്നിവ കൃഷിഭവൻ വഴി ലഭ്യമാക്കണം. സ്ത്രീകൾ ഉണ്ടാക്കുന്ന കായ്കറികൾ പഞ്ചായത്തിൽ രൂപീകരിക്കുന്ന പഴം - പച്ചക്കറി സഹകരണസംഘം ഏറ്റെടുക്കുകയും വില്പന നടത്തുകയും വേണം.

3). സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന വിവിധ യൂനിറ്റുകൾ ആരംഭിക്കാനും സമിതികൾ

സ്ത്രീകൾക്കിടയിലെ തൊഴിൽ വിതരണം

തൊഴിൽ മേഖല	സ്ത്രീ	പു.	സ്ത്രീ ശതമാനം
1). കൃഷിക്കാർ	10	364	2.67
2). കർഷക തൊഴിലാളികൾ	116	739	13.57
3). വാണിജ്യം - വ്യാപാരം	23	1194	1.89
4). ഗതാഗതം, വാർത്താവിതരണം, സ്റ്റോറേജ്	19	553	3.32
5). കുടിൽ വ്യവസായമല്ലാത്ത നിർമ്മാണം, സംസ്കരണം	571	486	54.02
6). മറ്റു സേവനതുറ	225	642	28.4
7). നാമമാത്ര തൊഴിൽ	256	465	35.5
8). കുടിൽ വ്യവസായം	38	51	42.7
9). തൊഴിലില്ലാത്തവർ	10844	6200	63.6

അവലംബം: സെൻസസ് 1991

സ്ത്രീകളുടെ സാമൂഹ്യപദവി, സ്ത്രീജന്യരോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധവും, ഗർഭിണിയായവർ, മുലയൂട്ടുന്ന അമ്മമാർ, അവിവാഹിതകൾ എന്നീ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യരക്ഷ എന്നീ രംഗങ്ങളിൽ സവിശേഷമായ ശ്രദ്ധ വ്യാപകമായ രീതിയിൽ പതിഞ്ഞിട്ടില്ല.

സാംസ്കാരികരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം തൃപ്തികരമല്ല. വായനാശീലം ഇവരിൽ വളരെ കുറവാണ്. ക്ലബ്ബുകളിലും മറ്റും സ്ത്രീകളുടെ അംഗത്വമില്ല.

ഇതിൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന ചില പ്രമുഖവ്യക്തികൾ കൂടി അംഗങ്ങളാകണം. ഇവരിൽ പുരുഷന്മാരുമാകാം. അതാത് പ്രദേശങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ വികസനസമിതികൾ ചർച്ച ചെയ്യണം. അവക്ക് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളാണെങ്കിൽ പഞ്ചായത്ത് തലകമ്മറ്റിയിൽ ഉന്നയിക്കണം. ഇത്തരം ഒരു സംവിധാനത്തിലൂടെ നാട്ടിലുണ്ടാവുന്ന സ്ത്രീപീഡനങ്ങൾ, ആത്മഹത്യകൾ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനാവും.

മുൻകൈ എടുക്കണം. കോഴി, താറാവ്, തേനീച്ച, മുയൽ, ആട് എന്നിവ വളർത്തൽ, പൂകൃഷി (ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല), വാഴനാര്, ചിരട്ട എന്നിവകൊണ്ടുള്ള കരകൗശല വസ്തുനിർമ്മാണം തുടങ്ങി സാധ്യതകൾ അനുസരിച്ച് എല്ലാതരം തൊഴിൽ യൂനിറ്റുകളും തുടങ്ങാം. അന്നശ്രീയിൽ പണി പൂർത്തിയാവാതെ കിടക്കുന്ന സോപ്പ് നിർമ്മാണ യൂനിറ്റ് ഉപയോഗപ്പെടുത്തണം. ഇവിടങ്ങളിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുന്ന ആഴ്ചച്ചന്തകളിൽ വിറ്റഴിക്കാൻ കഴിയണം. ഇതിന്

സെയിൽസ് എജൻറുമാരുടെ സേവനം ഉപയോപ്പടുത്തണം. ബാക്കി വരുന്നവക്ക് മാർക്കറ്റ് കണ്ടുപിടിക്കാൻ പഞ്ചായത്തുതല ഉപദേശകസമിതി മുൻകൈ എടുക്കണം.

4) വികസനസമിതികൾ കഴിയണം. അവർക്കിടയിൽ ബോധവത്ക്കരണം ഉണ്ടാക്കാനായി വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ധൻമാരെ പങ്കെടുപ്പിച്ച് ചർച്ചാക്ലാസുകൾ സംഘടിപ്പിക്കണം. ഗ്രാമപഞ്ചായത്ത് ഇതിന് ആവശ്യമായ സഹായങ്ങൾ എല്ലാ വാർഡിലും പ്രീപ്രൈമറി ക്ലാസുകളും (4 വയസുകാർക്ക്) തുടങ്ങണം.

6). സ്ത്രീകൾക്കായി വിവിധ ഏജൻസികൾ നടത്തുന്ന പരിപാടികൾ യോജിപ്പിച്ച് ഗ്രാമപഞ്ചായത്ത് വഴി അവ പ്രാവർത്തികമാ

ആദ്യഘട്ടത്തിൽ വീടുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുകയും ക്രമേണ സ്വന്തം കെട്ടിടത്തിലേക്ക് മാറുകയും വേണം. ഇതോടനുബന്ധിച്ച് ക്രഷേ, വായനശാലകൾ എന്നിവയും തുടങ്ങണം. സ്ത്രീകളുടെ സാംസ്കാരിക മുന്നേറ്റത്തിൻെറ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങൾക്ക് വളരാൻ ചെയ്തുകൊടുക്കണം.

5). പഞ്ചായത്തിലെ നിലവിലുള്ള ബാലവാടികളും ഫീഡിങ്ങ് സെൻററുകളും അങ്കണവാടികളാക്കി മാറ്റുകയും (3-4 വയസ്സുകൾക്ക്) അങ്കണവാടികൾ ഇല്ലാത്ത വാർഡുകളിൽ അവ ആരംഭിക്കുകയും വേണം. ഇതിനുപുറമെ ഇതോടനുബന്ധിച്ച്

ക്കണം.

7). മദ്യം, മയക്കുമരുന്ന് എന്നിവക്കും സ്ത്രീധനം, സ്ത്രീപീഡനം തുടങ്ങിയ മറ്റ് സാമൂഹിക തിന്മകൾക്കുമെതിരെ സ്ത്രീകളെ അണിനിരത്താൻ ഗ്രാമപഞ്ചായത്തിന് കഴിയണം.

●

പട്ടികജാതി - പട്ടികവർഗ വികസനം

> *അയിത്തം കൽപ്പിച്ച് അകറ്റപ്പെടാനും വരേണ്യവർഗത്തിന്റെ പീഡനങ്ങളേറ്റു വാങ്ങാനും മാത്രം വിധിക്കപ്പെട്ട കാലഘട്ടത്തിന് അറുതി വന്നിരിക്കുന്നു. ദാസ്യത്തിന്റെ മുൾക്കുരുക്കിൽ നിന്നും ഉയിർത്തെഴുന്നേൽക്കാൻ, സാമൂഹ്യ സാംസ്കാരിക വീഥികളിൽ ദീപനാളങ്ങളാകാൻ തങ്ങൾക്കും അധികാരമുണ്ടെന്ന് കാലം തെളിയിച്ചു.*

തലക്കുളത്തൂരിന്റെ കാർഷിക ചരിത്രത്തിൽ പട്ടികജാതിക്കാർക്കുണ്ടായിരുന്ന പങ്ക് സ്മരണീയമാണ്. മണ്ണിനെ പൊന്നാക്കി മാറ്റിയവർ... വിയർപ്പുതുള്ളികളെ മുത്തുമണിയാക്കി മാറ്റിയവർ... ചരിത്രപരമായ പല കാരണങ്ങളാലും ഇവർ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് തള്ളപ്പെട്ടു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റപ്പെട്ട ഈ അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനത്തിനു വേണ്ടി സർക്കാർ ഒരുപാട് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം പദ്ധതികൾ ഒന്നും തന്നെ അതിന്റെ ലക്ഷ്യത്തിലെത്താൻ കഴിയുംവിധത്തിൽ ഉപയോഗപ്പെടുത്താറില്ല.

നമ്മുടെ പഞ്ചായത്തിൽ 13 ഹരിജൻ കോളനികളിലും മറ്റുമുള്ള ഏകദേശം 520 കുടുംബങ്ങളിലായി 2136 പേർ വസിക്കുന്നു. ആകെ ജനസംഖ്യയുടെ 11% പട്ടികജാതിക്കാരാണ്. പട്ടികവർഗക്കാർ ആരും തന്നെ ഇല്ല. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലാണ് ഭൂരിപക്ഷം കുടുംബങ്ങളും ജീവിക്കുന്നത്. ഭൂപരിഷ്കരണത്തിന്റെയും സർക്കാറിന്റെ വിവിധ പദ്ധതികളുടെയും ഫലമായി ഇവരിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിട സൗകര്യം ഉണ്ടായിട്ടുണ്ട്.

ഈ കുടുംബങ്ങളിൽ നിന്നും ഡോക്ടർമാർ ഉൾപ്പെടെ സർക്കാർ അർധസർക്കാർ ഉദ്യോഗസ്ഥരും ബിരുദാനന്തര ബിരുദധാരികളും ഉണ്ടെങ്കിലും സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. കാർഷികമേഖലയിലെ മുരടിപ്പും പരമ്പരാഗത ഉല്പന്നങ്ങളായ കുട്ട, പായ തുടങ്ങിയവയുടെ ഉപഭോഗത്തിലുണ്ടായിട്ടുള്ള കുറവും പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

അയിത്തം കൽപ്പിച്ച് അകറ്റപ്പെടാനും വരേണ്യവർഗത്തിന്റെ പീഡനങ്ങളേറ്റു വാങ്ങാനും മാത്രം വിധിക്കപ്പെട്ട കാലഘട്ടത്തിന് അറുതി വന്നിരിക്കുന്നു. ദാസ്യത്തിന്റെ മുൾക്കുരുക്കിൽ നിന്നും ഉയിർത്തെഴുന്നേൽക്കാൻ, സാമൂഹ്യ സാംസ്കാരികവീഥികളിൽ ദീപനാളങ്ങളാകാൻ തങ്ങൾക്കും അധികാരമുണ്ടെന്ന് കാലം തെളിയിച്ചു. അയിത്തോച്ചാടനം തൊട്ട് ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനത്തിനുള്ള അവകാശങ്ങൾ വരെ നേടിയെടുത്ത കേരളത്തിന്റെ മഹത്തായ പാരമ്പര്യം പിൻതുടരാൻ നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞു. ഇതിനൊരപവാദമായി ചിലയിടങ്ങളിൽ ഇപ്പോഴും പഴഞ്ചൻ അനാചാരങ്ങളുടെ ലാഞ്ഛന നേരിയ തോതിൽ നിലനിൽക്കുന്നുണ്ട്. എന്നിരുന്നാലും പഴമകളിൽ നിന്ന് വ്യത്യസ്തമായി മേൽക്കീഴ് ജാതിവ്യത്യാസമില്ലാതെ സമസ്ഥാനീയ മനോഭാവം സമൂഹത്തിൽ വളർന്നുവന്നിരിക്കുന്നുവെന്നത് തീർത്തും അഭിമാനകരംതന്നെ.

പ്രശ്നങ്ങൾ:-

1). അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എല്ലാ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. 520 കുടുംബങ്ങളിൽ 400ഓളം കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തവരാണ്.

2). സ്വന്തമായി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങൾ ഇനിയും പഞ്ചായത്തിലുണ്ട്.

3). വീട് നിർമ്മാണത്തിന് നൽകുന്ന സഹായധനം കുറവാണ്.

4). ലോണുകൾ നേടിയെടുക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുകളെ നേരിടേണ്ടി വരുന്നു.

5). കാർഷികമേഖലയിലും പരമ്പരാഗത കൈത്തൊഴിലുകളിലുമുണ്ടായ മുരടിപ്പ് തൊഴിലില്ലായ്മക്ക് കാരണമായിട്ടുണ്ട്. തൊഴിൽ രഹിതരായ ധാരാളം യുവതീയുവാക്കൾ ഈ വിഭാഗത്തിലുണ്ട്.

6). ദാരിദ്ര്യരോഗങ്ങൾ ഇന്ന് ഏറെ കണ്ടുവരുന്ന വിഭാഗമാണ് പട്ടികജാതി വിഭാഗം.

7). അരിയാട്ടുമല, ചെങ്ങോട്ടുമല, പെരുവാഴമല, കൊട്ടാരക്കുന്ന്, കോട്ടാംകുന്ന്, കസ്തൂർബാ, മാക്കൂട്ടം, പറപ്പപ്പാറ, അറപ്പുക്കുഴി തുടങ്ങി പഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

8). വിദ്യാഭ്യാസരംഗത്ത് കൊഴിഞ്ഞുപോക്ക് കൂടുതലായി കാണപ്പെടുന്നു.

9). വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് സാഹചര്യങ്ങൾ തടസ്സം സൃഷ്ടിക്കുന്നു.

10). സർക്കാർവക പതിച്ചുകിട്ടിയ ഭൂമിക്ക് പട്ടയം പൂർണമായും ലഭിച്ചിട്ടില്ല.

11). കോളനി നിവാസികൾക്ക് മാനസികോല്ലാസത്തിനു വേണ്ട സൗകര്യങ്ങളില്ല.

സപ്ലൈ സ്കീം ഉടനെ കമ്മീഷൻ ചെയ്യുക. കൊട്ടാരക്കുന്ന്, കോട്ടാംകുന്ന് കോളനികളിലെ ജലവിതരണ പദ്ധതി പൂർത്തീകരിക്കുക, ചെറുകാരാട്, പ്രിയദർശിനി, ചെങ്ങോട്ടുമല കോളനികളിൽ കുടിവെള്ളമെത്തിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക.

(2) പട്ടികജാതിക്കാർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുക.

3). ഐ എച്ച് ഡി പി പദ്ധതിപ്രകാരം കോളനികൾക്ക് പാസായ

6). കോളനി റോഡുകൾ ഗതാഗതയോഗ്യമാക്കുക. ഗതാഗതസൗകര്യം ഇല്ലാത്ത കോളനികളിലേക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്തുക.

7). ഭവനരഹിതരെ പുനരധിവസിപ്പിക്കുക, ഇതിനായി നിർമ്മിതി കേന്ദ്രത്തിന്റെ സേവനം ഉപയോഗപ്പെടുത്തുക.

8). പഠനനിലവാരത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്തുക.

പട്ടികജാതി സ്ഥിതി വിവരക്കണക്ക്

	പു.	സ്ത്രീ	ആകെ
വാർഡ് I	74	85	159
വാർഡ് II	156	131	289
വാർഡ് III	68	62	130
വാർഡ് IV	9	14	23
വാർഡ് V	105	104	209
വാർഡ് VI	177	156	333
വാർഡ് VII	230	263	493
വാർഡ് VIII	165	173	338
വാർഡ് IX	51	47	98
വാർഡ് X	29	37	66
	1064	1072	2136

12). നിലവിലുള്ള കോളനികളിലേക്ക് വേണ്ടത്ര ഗതാഗത സൗകര്യം ഇല്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1). അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കണം. ഇതിനുവേണ്ടി ഇപ്പോൾ പട്ടികജാതി-വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള സഹായങ്ങൾ ഉപയോഗിക്കാവുന്നതാണ്.

പെരുവാഴ മലയിലെ വാട്ടർ പദ്ധതികൾ എല്ലാം യഥാസമയം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുക.

4). പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നല്കുക.

5). എടക്കര മേഖല കേന്ദ്രീകരിച്ചുകൊണ്ട് ഖാദിബോർഡിന് കീഴിൽ ഒരു വ്യവസായയൂണിറ്റ് ആരംഭിക്കുക, വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഗവർമെണ്ട് ഏജൻസികളുടെ നിലവിലുള്ള പദ്ധതികൾ പ്രത്യേകം പരിശീലനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9). സാമൂഹ്യ-സാംസ്കാരിക ഉന്നമനം ലക്ഷ്യംവെച്ച് കോളനികളിൽ റിക്രിയേഷൻ ക്ലബ്ബ്, വായനശാല എന്നിവ സ്ഥാപിക്കുക.

10). കോളനികളിലുൾപ്പെടാത്ത വീടുകളും I.H.D.P. പദ്ധതിക്ക് കീഴിൽ കൊണ്ടുവരുക.

11). പട്ടികജാതിക്കാർക്ക് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും കാലാകാലങ്ങളിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങളെപ്പറ്റി ബോധവല്ക്കരണം നടത്തുന്നതിന് ഒരു പഞ്ചായത്തുതല സമിതി രൂപീകരിക്കേണ്ടതാണ്. ●

സാമൂഹ്യക്ഷേമം

സമ്പത്ത് നീതിപൂർവകമായി വിതരണം ചെയ്യുക എന്നത് ആധുനിക സമൂഹത്തിന്റെ സമഗ്രമായ വികസനത്തിന് അനുപേക്ഷണീയമാണ്. സമസ്തമേഖലയിലും സമത്വമുള്ള ജനതയാണ് സാമൂഹ്യപുരോഗതിയുടെ അടിക്കല്ല്. സാമൂഹ്യമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ട ജനതയെ ഉയർത്തിക്കൊണ്ടുവരാൻ സാമൂഹ്യ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒട്ടേറെ കാരണങ്ങളാൽ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിന് പുരോഗതിയുടെ പന്ഥാവിലൂടെ മുന്നേറാൻ കൃത്യതയുള്ള ദിശാബോധം അത്യന്താപേക്ഷിതമാണ്. ദാരിദ്ര്യനിർമ്മാർജനം എന്ന മുഖ്യലക്ഷ്യമാണ് സാമൂഹ്യക്ഷേമ പ്രവർത്തനത്തിൽ ഊന്നുന്നത്.

നമ്മുടെ പഞ്ചായത്തിൽ 1992ലെ ഐ ആർ ഡി പി സർവെ പ്രകാരം ദാരിദ്ര്യരേഖക്കുതാഴെ കഴിയുന്ന 1903 കുടുംബങ്ങളാണുള്ളത്. ഇതിൽ ..... പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നു. ഇവരുടെ ഉന്നമനത്തിന്നായി ഐ ആർ ഡി പി, ആർ എ പി, ഡി ഡബ്ല്യു സി ആർ എ, ട്രൈസം എന്നീ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ മഹിളാസമാജങ്ങൾ, ബാലവാടികൾ, ഫീഡിംഗ് സെൻററുകൾ എന്നിവയും പ്രവർത്തിക്കുന്നു. നടപ്പ് പഞ്ചവത്സരപദ്ധതിക്കാലത്ത് പൊതുവിഭാഗത്തിൽ 56 പുരുഷന്മാർക്കും 95 സ്ത്രീകൾക്കുമായി 4,96,664 രൂപ ലോണായും 3,40,869 രൂപ സബ്സിഡിയായും സഹായം ലഭിച്ചപ്പോൾ പട്ടികജാതി വിഭാഗത്തിൽ 45 പുരുഷന്മാർക്കും 56 സ്ത്രീകൾക്കുമായി 2,99,231 രൂപ ലോണായും 2,72,679 രൂപ സബ്സിഡിയായും സഹായം ലഭിച്ചു. ഇതിൽ 6 വികലാംഗരും ഉൾപ്പെടുന്നു.

ഗ്രാമീണ തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) പ്രകാരം 16 പേർക്കും IRDP യുടെ ഭാഗമായ ഗ്രാമീണ വനിതാ - ശിശുവികസന പരിപാടി (DWCRA) പ്രകാരം 4 യൂണിറ്റുകളിലായി 40 പേർക്കും ട്രൈസം തൊഴിൽ പരിശീലനം നേടിയ 29 പേർക്കും ഫാമിലി ക്രെഡിറ്റ് സ്കീമിലെ ലോണുകൾ ഇൻഫോർമൽ യൂണിറ്റ് പ്രകാരം 10 പേർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 91-92ലെ DWCRA പ്രകാരം 60,000 രൂപ ലോണും. 30,000 രൂപ സബ്സിഡിയും ഉപയോഗിച്ച് 10 സ്ത്രീകൾ നടത്തിവന്ന പറമ്പത്തെ ശാന്തി ബാഗ് വർക്ക്സ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ സ്ഥാപനത്തിൽ അംഗങ്ങൾ തമ്മിൽ യോജിപ്പില്ലാത്തതാണ് ഇത് അടച്ചുപൂട്ടാൻ കാരണമായി പറയുന്നത്.

എന്നാൽ 5 കൊല്ലംകൊണ്ട് 252 പേരെ മാത്രമെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളൂ. വേണ്ടവിധത്തിൽ ബാങ്കുകൾ വായ്പ ലഭ്യമാക്കാത്തതാണ് ഒരു കാരണം.

ഐ ആർ ഡി പി:- ഗ്രാമപ്രദേശങ്ങളിൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ ഈ പദ്ധതിമൂലം ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പദ്ധതി തെരഞ്ഞെടുക്കുന്നതിൽ ഗുണഭോക്താക്കൾക്ക് പറ്റിയ പാളിച്ചകളും ഇതിനെ ദുരുപയോഗവും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിരന്തരമായ ബോധവൽക്കരണ പ്രക്രിയയിലൂടെ പദ്ധതി ഗുണകരമായി പ്രയോജനപ്പെടുത്താൻ കഴിയും.

ഡി ഡബ്ല്യു സി ആർ എ:- ആരംഭിച്ചവയിൽ ഒരു യൂനിറ്റ് കഴിച്ച് ബാക്കി 3 യൂനിറ്റുകൾ നല്ല നിലയിൽ പ്രവർത്തി

ക്കുന്നുണ്ട്. ഇതിൽ ഒന്ന് ഇൻഫോർമൽ യൂനിറ്റാണ്. ഗുണഭോക്താക്കൾക്ക് താല്പര്യവും പരിചയവുമുള്ള തൊഴിൽ തെരഞ്ഞെടുത്ത് മികച്ച പരിശീലനം വഴി ഗുണമേന്മയുള്ള ഉല്പന്നം നിർമ്മിക്കുകയും ആയത് യഥാസമയം വിപണനം നടത്തുകയും ചെയ്താൽ ഈ പദ്ധതി വഴി കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ കഴിയും.

ട്രൈസം പദ്ധതി:- ചെറുകിട കുടിൽ വ്യവസായമേഖലയിൽ യുവജനങ്ങൾക്ക് വിവിധ ട്രേഡുകളിൽ ആവശ്യമായ പരിശീലനം നൽകി സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും നൽകിയാൽ വിജയിപ്പിക്കാവുന്ന പദ്ധതിയാണിത്.

ആർ എ പി (ടൂൾസ് കിറ്റ് വിതരണ പരിപാടി):

പരമ്പരാഗത കൈത്തൊഴിലുകാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് വളരെ സഹായകരമായ ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതും ആവശ്യമായ പ്രചാരണം നൽകേണ്ടതുമാണ്.

സാമൂഹ്യക്ഷേമപദ്ധതിയനുസരിച്ച് പഞ്ചായത്തിൽ വിവിധതരം പെൻഷൻ വിതരണം ചെയ്യപ്പെടുന്നുണ്ട്. അഗതി പെൻഷൻ 459 പേർക്കും വിധവ പെൻഷൻ 232 പേർക്കും വികലാംഗപെൻഷൻ 142 പേർക്കും വാർദ്ധക്യകാല പെൻഷൻ 833 പേർക്കും ക്ഷയരോഗ പെൻഷൻ 3 പേർക്കും കർഷകതൊഴിലാളി പെൻഷൻ 753 പേർക്കും തൊഴിലില്ലായ്മ വേതനം 618 പേർക്കും ഉണ്ട്.

പദ്ധതി ദുരുപയോഗം ചെയ്യപ്പെടുവാൻ സാദ്ധ്യതയുള്ളതിനാൽ വളരെ ഏറെ ആക്ഷേപങ്ങളും ഇക്കാര്യത്തിൽ നിലനിൽക്കുന്നു. പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ടവർ ഇനിയും ഉള്ളതിനാൽ കക്ഷിരാഷ്ട്രീയം നോക്കാതെ അർഹതപ്പെട്ടവരെ മാത്രം തെരഞ്ഞെടുക്കേണ്ടതാണ്.

ഒമ്പത് മഹിളാസമാജങ്ങളും രണ്ട് ബാലവാടികളും എട്ട് ഫീഡിംഗ് സെൻററുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തിന്റെ കീഴിൽ ഒരു ശിശുമന്ദിരവും ഉണ്ട്. മഹിളാസമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തിയാൽ സ്ത്രീകളുടെ തൊഴിലില്ലായ്മക്ക് ഒരുപരിധിവരെ പരിഹാരം കാണാനും സമൂഹത്തിൽ അവരുടെ നില മെച്ചപ്പെടുത്തുന്നതിനും കഴിയും. അഭ്യസ്തവിദ്യരായ സ്ത്രീകൾ മുന്നിട്ടിറങ്ങിയാൽ ഇത് സാധിക്കും. എല്ലാ വാർഡുകളിലും ഒരു മഹിളാസമാജം തന്നെയെങ്കിലും പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. മഹിളാസമാജങ്ങളുടെ കീഴിൽ തൊഴിൽപരിശീലനം തുടങ്ങാവുന്നതാണ്.

ഐ ആർ ഡി പിയുടെ വിപണനമേള ജില്ലാതലത്തിൽ നടത്തുന്നത് ഉൽപാദകർക്കും ജനങ്ങൾക്കും ഉപകാരപ്രദമാണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ സ്ഥിരം വിപണന സ്ഥാപനം ഉണ്ടെങ്കിൽ മാത്രമെ ഉൽപാദകർക്കും ജനങ്ങൾക്കും ഇടത്തട്ടില്ലാതെയുള്ളതായ ഗുണം ലഭിക്കുകയുള്ളൂ.

പ്രശ്നങ്ങൾ

1). സാമൂഹ്യക്ഷേമരംഗത്തെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ വിശദാംശങ്ങൾ പലരും അറിയുന്നില്ല.

2). ഐ ആർ ഡി പി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂരിഭാഗം പേർക്കും സഹായം ലഭിച്ചിട്ടില്ല.

3). അർഹരായ മുഴുവൻ പേരെയും ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

4). പദ്ധതി വിജയകരമായി നടത്തുന്നതിന് ഗുണഭോക്താക്കൾക്ക് വേണ്ടത്ര അറിവോ പരിശീലനമോ ഇല്ല.

5). സ്വയംതൊഴിൽ പദ്ധതിയിലൂടെയുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിപണിസൗകര്യം ഇല്ല.

6). തൊഴിൽപരിശീലനം നേടിയവർക്ക് തൊഴിൽ ലഭിക്കാനുള്ള അവസരം ലഭിക്കുന്നില്ല.

ഐ ആർ ഡി പിയുടെ വിപണനമേള ജില്ലാതലത്തിൽ നടത്തുന്നത് ഉൽപാദകർക്കും ജനങ്ങൾക്കും ഉപകാരപ്രദമാണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ സ്ഥിരം വിപണന സ്ഥാപനം ഉണ്ടെങ്കിൽ മാത്രമെ ഉൽപാദകർക്കും ജനങ്ങൾക്കും ഇടത്തട്ടില്ലാതെയുള്ളതായ ഗുണം ലഭിക്കുകയുള്ളൂ.

7). പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.

8). മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടക്കുന്നില്ല.

9). അങ്കണവാടികൾ ഇല്ല. ബാലവാടികൾ പരിമിതം മാത്രം.

10). ശരിയായ പരിചരണം ലഭിക്കാൻ സൗകര്യമില്ലാത്ത പ്രായം ചെന്നവർക്ക് യാതൊരു സംരക്ഷണ പ്രവർത്തനവുമില്ല.

നിർദ്ദേശങ്ങൾ:-

1). ദാരിദ്ര്യനിർമ്മാർജന പരിപാടികളെ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തണം.

2). ഗുണഭോക്താക്കൾക്ക് താല്പര്യമുള്ള തൊഴിൽ പരിശീലിപ്പിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും യഥാസമയം മാർക്കറ്റ് കണ്ടെത്തുകയും ചെയ്യുക.

3) ചെറുകിട - കുടിൽ വ്യവസായമേഖലയിൽ വിവിധ ട്രേഡുകളിൽ സ്വയംതൊഴിൽ പരിശീലനം നൽകുന്നതിന്നായി പഞ്ചായത്തുതലത്തിൽ ട്രൈസം പരിശീലനകേന്ദ്രങ്ങൾ അനുവദിക്കുക.

4). പരമ്പരാഗത കൈത്തൊഴിലുകാർക്കുള്ള (ആർ എ പി) പദ്ധതി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുക.

5). നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയവ ആരംഭിക്കുകയും ചെയ്യുക.

6). ബാലവാടികൾ, അങ്കണവാടികൾ എന്നിവ ഓരോ വാർഡിലും സ്ഥാപിക്കുകയും പ്രതിരോധ ചികിത്സാ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

7). വനിതകളുടെ സ്വയംതൊഴിൽ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന്നായി എല്ലാ വാർഡുകളിലും ഡി ഡബ്ല്യൂ സി ആർ എ യൂണിറ്റുകൾ ആരംഭിക്കുകയും കൂട്ടായ പ്രവർത്തനത്തിന് പരിശീലനം നൽകുകയും ചെയ്യുക.

8) അംഗവൈകല്യം വന്നവർക്ക് പുതിയ തൊഴിൽസാദ്ധ്യതകൾ കണ്ടെത്തി പരിശീലനം നൽകുകയും സഹായധനം നൽകുകയും ചെയ്യുക.

9). തൊഴിൽസംരംഭകർക്ക് ഇടക്കാല പരിശീലനവും ബോധവൽക്കരണവും നടത്തുക.

10). പെൻഷനുകളും മറ്റാനുകൂല്യങ്ങളും അർഹരായവർക്ക് ലഭിക്കുന്നുവെന്നുറപ്പു വരുത്തുന്നതിന് രാഷ്ട്രീയപാർടികൾ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രതിനിധികളടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിച്ചു പ്രവർത്തിക്കുക.

11). പരിചരണം ലഭിക്കാൻ സൗകര്യമില്ലാത്ത വയോജനങ്ങൾക്ക് ഒരു വയോജനസദനം സ്ഥാപിക്കുക. ഇവിടെ കേവല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുറമെ മാനസികോല്ലാസത്തിനും വിനോദത്തിനും നിസ്സാരമായ വരുമാനമാർഗത്തിനും വേണ്ട ഏർപ്പാടുകൾ ഉണ്ടാകേണ്ടതാണ്.

12). ഐ ആർ ഡി പി വിപണനമേളയുടെ മാതൃകയിൽ പഞ്ചായത്തുതലത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.

13). പഞ്ചായത്തൽ ഐ സി ഡി എസ് സ്കീം നടപ്പിലാക്കുക. ●

സാംസ്കാരിക മേഖല

ഏതൊരു പ്രദേശത്തിനുമെന്ന പോലെ തലക്കുളത്തൂർ പഞ്ചായത്തിനും അതിന്റെ സാംസ്കാരിക ത്തനിമയുമായി ബന്ധപ്പെട്ടുള്ള ഐതിഹ്യങ്ങളും സംഭവകഥകളുമുണ്ട്. പുഴകളാൽ ചുറ്റപ്പെട്ടതും കുന്നുകൾ നിറഞ്ഞതുമായ ഒരു ഭൂഭാഗമാണിത്. സാമൂതിരിയുടെ കാലത്ത് ക്ഷേത്രപൂജാദി കർമ്മങ്ങൾക്ക് തലക്കുളത്തൂരിലെ മതിലകം ക്ഷേത്രം ഉപയോഗിച്ചിരുന്നതായി കേൾവിയുണ്ട്. എടക്കരയിലെ എലിയോട്മലയുടെ വടക്കുഭാഗത്ത് എവിടെയോ തച്ചോളി ഒതേനന്റെ ഒളിസങ്കേതമുണ്ടായിരുന്നുവെന്നും അക്കാലത്ത് ഒതേനൻ അനുയായികൾക്ക് തന്റെ കളരിമുറ പഠിപ്പിക്കാൻ എലിയോടുമലയിൽ കളരി നടത്തിയിരുന്നുവെന്നും ഐതിഹ്യമുണ്ട്. എലിയോടുമലയിലെ മുകൾഭാഗത്തെ പരന്ന വിശാലമായ തെക്കുപടിഞ്ഞാറുഭാഗം 'കളരിക്കണ്ടം' എന്ന പേരിലാണ് ഇന്നും അറിയപ്പെടുന്നത്. കളരിക്കണ്ടത്തിലെ ഒരു പാറയിൽ ഒതേനന്റെ പാദമുദ്ര കണ്ടവരുണ്ടെന്ന് വിശ്വസിക്കപ്പെടുന്നത് കേവലം കഥയാവാം. സാമൂതിരിയുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പടിഞ്ഞാറുഭാഗവും (ഇന്നത്തെ തലക്കുളത്തൂർ, അന്നശ്ശേരി ദേശങ്ങൾ) സാമൂതിരിയുടെ സാമന്തന്മാരായിരുന്ന കുറുമ്പ്രനാട് സ്വരൂപത്തിന്റെ കീഴിലായിരുന്ന കിഴക്കുഭാഗവും (ഇന്നത്തെ എടക്കര ദേശം) ഉൾക്കൊള്ളുന്നതാണ് തലക്കുളത്തൂർ പഞ്ചായത്ത്. അതുകൊണ്ടുതന്നെ ഈ രണ്ടുഭാഗങ്ങളും തമ്മിൽ ആചാരം, ചടങ്ങുകൾ, ഭാഷാ പ്രയോഗം തുടങ്ങിയ കാര്യങ്ങളിൽ നേരിയ വ്യത്യാസം കാണാം.

ഹിന്ദു-മുസ്ലിം ദേവാലയങ്ങൾ പഞ്ചായത്തിലുടനീളം കാണാം. ക്രിസ്ത്യൻ ദേവാലയം അണ്ടിക്കോട് ഭാഗത്ത് കോമശ്ശേരി കുന്നിലാണ് സ്ഥാപിച്ചിരുന്നത്. (ഇപ്പോൾ നിലവിലില്ല). മിഷ്യനറിമാരുടെ ആഗമനക്കാലത്ത് 1904-ലാണ് ഇത് സ്ഥാപിച്ചത്. പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങളിൽ നടന്നുവരുന്ന ഉത്സവങ്ങളിൽ പഴയകാലം മുതൽതന്നെ ക്ഷേത്രകലകൾ അനുഷ്ഠിച്ചുപോരുന്നു. ചെറുതും വലുതുമായ 25-ഓളം ക്ഷേത്രങ്ങളിൽ വർഷംതോറും ഉത്സവങ്ങളും കലാപരിപാടികളും നടന്നുവരുന്നു.

1800-മാണ്ടിൽ അവസാനപാദത്തിൽ എടക്കരയിൽ നിലനിന്ന നിലത്തെഴുത്തു പള്ളിക്കൂടങ്ങളും ആത്മവിദ്യാ സംഘം പ്രവർത്തനങ്ങളുടെ ഫലമായുയർന്ന എടക്കര സ്കൂളും 1900-മാണ്ടിൽ അന്നശ്ശേരിയിലും തലക്കുളത്തൂരിലുമുള്ള പള്ളിക്കൂടങ്ങളും 1902-ൽ മിഷ്യനറിമാർ സ്ഥാപിച്ച അന്നശ്ശേരി ബി ഇ എം സ്കൂളും തലക്കുളത്തൂരിലെ ആത്മവിദ്യാസംഘം പ്രവർത്തകർ മുൻകയ്യെടുത്ത് സ്ഥാപിച്ച ശ്രീകുമാരാശ്രമം, ഗുരുദേവവിലാസം എന്നീ സ്കൂളുകളും നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരികാടിത്തറ പടുത്തുയർത്തുന്നതിൽ വഹിച്ച സ്ഥാനം അളവറ്റതാണ്.

മനുഷ്യമനസ്സിലെ, മാലിന്യങ്ങൾ അകറ്റി, സമൂഹത്തെ ശുദ്ധീകരിക്കുന്നതിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മുഖ്യപങ്കുണ്ട്. ആരോഗ്യവും വിദ്യാഭ്യാസവും സന്തോഷവുമുള്ള ഒരു ജനതക്കു മാത്രമേ ഇത്തരം സാംസ്കാരിക പ്രവർത്തനങ്ങളിൽ മുന്നേറാനാകൂ. ജനത അസന്തുഷ്ടരും അലസൻമാരുമാണെങ്കിൽ ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങളിലെന്നപോലെ കലാ കായിക സാംസ്കാരിക മേഖലകളിലും നിർജ്ജീവത പടരും.....'

ഈ പൊതുസ്വഭാവത്തിൽനിന്നും ഒട്ടും വിഭിന്നമല്ല നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക അവസ്ഥയും. ഈ നിർജ്ജീവത മാറ്റി എടുക്കാതെ നമുക്ക് മുന്നേറാൻ ആവില്ല. സാംസ്കാരിക മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ക്ലബ്ബുകളും പ്രവർത്തകരും നമ്മുടെ പഞ്ചായത്തിന് മുതൽക്കൂട്ടായി ഉണ്ട്. ഒപ്പം ആത്മാർഥതയും ധിഷണാശക്തിയുമുള്ള യുവതലമുറയും. എന്നിട്ടും ഒരു കുതിച്ചുചാട്ടത്തിന് നമുക്ക് കഴിയുന്നില്ല. യാന്ത്രിക ജീവിതത്തിന്റെ തിരക്കുകൾ ഉണ്ടെങ്കിലും മാർഗ നിർദേശത്തിന്റെ അഭാവമാണ് ഇതിന് വലിയൊരു പരിധിവരെ കാരണമെന്ന് തോന്നുന്നു. കൂട്ടായ്മയിലൂടെ മാത്രമേ ഇതിനെ നമുക്ക് മറികടക്കാനാവൂ.....

പടന്നക്കളത്തിലെ 'ഗുരുദേവ സ്മാരക ആട്സ് ആൻറ് സ്പോട്സ് ക്ലബ്, പുറക്കാട്ടിരിയിലെ ലളിതകലാ സമിതി, അച്യുതൻ മെമ്മോറിയൽ ആട്സ് ആൻറ് സ്പോട്സ് ക്ലബ്, പറമ്പത്ത് ചെന്താര കലാവേദി, അണ്ടിക്കോട്ടെ എക്സലൻറ് കലാസമിതി, പുലരി കയ്യെഴുത്ത് മാസിക, തരംഗ് ഓർക്കസ്ട്ര, കച്ചേരിയിലെ ടിങ്കിൾ ആട്സ് ആൻറ് സ്പോട്സ് ക്ലബ്, പൊങ്ങിലോടിപാറയിലെ റെയിൻബോ, പട്ടർപാലത്തെ പി ആർ സി, സമത, എടക്കരയിലെ

പഞ്ചായത്തല സാംസ്കാരിക സമിതിയുടെ സഹായത്തോടെ ഓരോ വാർഡിലും ചുരുങ്ങിയത് ഒന്ന് എങ്കിലും 'ജനകീയാസൂത്രണം-വായനശാലകൾ' സ്ഥാപിക്കണം. വനിതകൾക്ക് പോലും മടികൂടാതെ എത്താൻ സഹായകമായ സ്ഥലത്താവണം വായനശാല സ്ഥാപിക്കേണ്ടത്



കെ പി ആർ മെമ്മോറിയൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് എന്നിവ ഒരു കാലത്ത് പഞ്ചായത്തിൽ ശ്രദ്ധേയമായ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു എന്നാലിന്ന് അവയിൽ പലതിനും ബോർഡുകൾ മാത്രമേയുള്ളു. ഗുരുദേവ സ്പോർട്സ് ക്ലബിനാകട്ടെ 2000-ത്തോളം പുസ്തകങ്ങളുള്ള ലൈബ്രറി ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ നിർജ്ജീവമായതിനാൽ 1991 മുതൽ ഗ്രന്ഥശാല സംഘം ഗ്രാൻറ് പോലും ലഭിക്കുന്നില്ല. ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ സ്ഥാപിച്ച ഒരു വായനശാല ഇപ്പോൾ എടക്കരയിൽ പ്രവർത്തിക്കുന്നുണ്ട്.

"ഭക്തഹരിശ്ചന്ദ്ര" നാടകം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് അരങ്ങിലെത്തിച്ച ഉപ്പിണാത്ത് മന്ദക്കുട്ടി എന്ന ആൾ അവിസ്മരണീയനാണ്. നാടക പ്രസ്ഥാനത്തിന് മഹത്തായ സംഭാവന ചെയ്ത മറ്റൊരാളാണ് ഏതാനും വർഷങ്ങൾക്ക് മുമ്പ് അന്തരിച്ച ശ്രീ. വി യു ലോഹിതാക്ഷൻ. എടക്കരയിലെ പട്ടർപാലം സ്വദേശി ശ്രീ. ഇ പി ഗോവിന്ദൻ അറിയപ്പെടുന്ന നാടകനടനും സംവിധായകനുമായിരുന്നു. പഞ്ചായത്ത് രൂപീകൃതമായ കാലത്ത് നടത്തിയ നാടകോത്സവത്തിൽ ഒന്നാംസ്ഥാനക്കാരനായിരുന്ന അദ്ദേഹവും ഇപ്പോൾ ജീവിച്ചിരിപ്പില്ല.

പഞ്ചായത്തിൽ നിലവിലുള്ള ക്ലബുകളിൽ പലതും ഒന്നോ രണ്ടോ വർഷം കൂടുമ്പോൾ, പതിനായിരങ്ങൾ ചെലവിട്ട് നടത്തുന്ന 'വാർഷിക മാമാങ്ക'ങ്ങളല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല. ഇത്തരം വാർഷികാഘോഷങ്ങളിൽ പോലും ക്ലബംഗങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കുവാൻ സംഘാടകർ താല്പര്യം കാണിക്കുന്നില്ല. മറിച്ച് വൻതുക ചെലവിട്ട് പുറത്തുനിന്നും പ്രൊഫഷണൽ ട്രൂപ്പുകളെ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. സ്വന്തം കെട്ടിടമുള്ള ചില ക്ലബുകളാകട്ടെ കാരംസ് കളിയും ചീട്ടുകളിയുമാണ് സാംസ്കാരിക പ്രവർത്തനമെന്ന് ധരിച്ച പോലെ തോന്നുന്നു. കായികരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളാവട്ടെ ഫുട്ബോൾ - കായിക മേളകൾ ഉണ്ടാകുന്നതോടെ ഉണരുകയും അതുകഴിഞ്ഞ് നീണ്ട മയക്കത്തിലേക്ക് വീഴുകയും ചെയ്യുന്നു.

അപൂർവ്വം ചില ക്ലബുകൾ മുകളിൽ പറഞ്ഞവിധത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം ചെറിയതോതിലുള്ള സാംസ്കാരിക - സേവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അണ്ടിക്കോട്ടെ രവീന്ദ്ര മെമ്മോറിയൽ ലൈബ്രറി, ജാസ് പുതിയോട്ടിൽ കടവ്, മതിലകം വോയ്സ്, യുവ രശ്മി വള്ളിൽകടവ് എന്നിവ ഇവയിൽ ചിലതാണ്.

യുവജനങ്ങളുടെ സാംസ്കാരിക ഉന്നമനം ലക്ഷ്യംവെച്ചിട്ടുള്ള സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സാംസ്കാരിക രംഗത്ത് അവരുടെ പ്രവർത്തനം തൃപ്തികരമല്ല. ഡി വൈ എഫ് ഐ പഞ്ചായത്ത് തലത്തിൽ സ്പോർട്സ് നടത്താറുണ്ട്. എസ് ഐ ഒ സ്വന്തമായി ഒരു വായനശാല നടത്തുന്നുണ്ട്. വിദ്യാഭ്യാസ ശാസ്ത്ര, പരിസ്ഥിതി മേഖലകളിൽ കേരള ശാസ്ത്രസാഹിത്യപരിഷത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

നാടൻകലകൾ, ക്ഷേത്രകലകൾ, അനുഷ്ഠാനകലകൾ എന്നിവ ക്ഷയിക്കുകയോ അന്യംവന്നുപോവുകയോ ചെയ്യുന്നു.

നിർദ്ദേശങ്ങൾ:

1) പഞ്ചായത്തിലെ മുഴുവൻ ക്ലബുകൾ, സന്നദ്ധസംഘടനകൾ, യുവജന സംഘടനകൾ എന്നിവയിൽനിന്നും ഓരോ പ്രതിനികളെ

യും പഞ്ചായത്ത് മെമ്പർമാരെയും ഭരണസമിതി നിർദ്ദേശിക്കുന്ന 10 അംഗങ്ങളേയും ചേർത്ത് 'പഞ്ചായത്ത് സാംസ്കാരിക സമിതി' രൂപീകരിക്കണം. പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുവാൻ ഈ സമിതിക്ക് കഴിയണം. രണ്ടുമാസത്തിലൊരിക്കലെങ്കിലും സമിതി യോഗം ചേരണം. എന്നാൽ ക്ലബുകളുടെയും മറ്റും സ്വതന്ത്രമായ പ്രവർത്തനത്തെ തടയാനോ നിയന്ത്രിക്കാനോ ഈ സമിതിക്ക് അധികാരമുണ്ടായിരിക്കില്ല.

2) പഞ്ചായത്തല സാംസ്കാരിക സമിതിയുടെ സഹായത്തോടെ ഓരോ വാർഡിലും ചുരുങ്ങിയത് ഒന്ന് എങ്കിലും 'ജനകീയാസൂത്രണം-വായനശാലകൾ' സ്ഥാപിക്കണം. വനിതകൾക്ക് പോലും മടികൂടാതെ എത്താൻ സഹായകമായ സ്ഥലത്താവണം വായനശാല സ്ഥാപിക്കേണ്ടത്. ഇതിനുള്ള സ്ഥലവും ദിനപത്രങ്ങളും വാരികകളും മറ്റും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പ്രാദേശിക സ്പോൺസർമാരെ കണ്ടെത്തിചെയ്യണം. ഈ വായനശാലകൾക്ക് രണ്ട് ബഞ്ചും ഒരു ഡസ്കും ഒരു പെട്ടിയും പഞ്ചായത്ത് ഭരണസമിതി സൗജന്യമായി നൽകണം. ഇവ ഗുണകരമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ഫർണിച്ചറുകൾ തിരിച്ചെടുക്കുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കണം.

പഞ്ചായത്ത് സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ ബഹുജനങ്ങളെയാകെ പങ്കെടുപ്പിച്ച് എല്ലാവർഷവും ഏപ്രിൽ മാസത്തിൽ ഗ്രാമോത്സവങ്ങൾ നടത്തണം. കലാ-കായിക മത്സരങ്ങൾ ആരോഗ്യകരമായ നിലയിൽ ഈ ഗ്രാമോത്സവത്തിൽ നടക്കണം.

3) നിലവിൽ പ്രവർത്തിക്കുന്ന പൊതുവായനശാലകൾക്കും മേൽപറഞ്ഞ ഫർണിച്ചറുകൾ സൗജന്യമായി പഞ്ചായത്ത് ഭരണസമിതി നൽകണം.

4) സ്ത്രീകളുടെ ഉന്നമനത്തിനായി 'വനിതാ വികസനസമിതികൾ' പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ രൂപീകരിക്കണം. ഈ സമിതികൾ സ്വയം തൊഴിൽപദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം വായനശാലകളും ആരംഭിക്കണം. ഇത്തരം വായനശാലകൾക്കും മേൽപ്പറഞ്ഞ ഫർണ്ണിച്ചറുകൾ സൗജന്യമായി പഞ്ചായത്ത് ഭരണസമിതി നൽകേണ്ടതാണ്.

ഇപ്രകാരം ഫർണ്ണിച്ചറുകൾ നൽകുന്നത് പഞ്ചായത്തല സാംസ്കാരിക സമിതി' അന്വേഷിച്ച് ബോധ്യപ്പെട്ടതിനുശേഷമായിരിക്കണം.

5) പഞ്ചായത്ത് സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ ബഹുജനങ്ങളെയാകെ പങ്കെടുപ്പിച്ച് എല്ലാവർഷവും ഏപ്രിൽ മാസത്തിൽ ഗ്രാമോത്സവങ്ങൾ നടത്തണം. കലാ-കായിക മത്സരങ്ങൾ ആരോഗ്യകരമായ നിലയിൽ ഈ ഗ്രാമോത്സവത്തിൽ നടക്കണം. വിവിധ മതവിഭാഗങ്ങളുടെ കലാരൂപങ്ങൾ, നാടൻകലകൾ, നാടോടിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, എന്നിവ നിലനിർത്താനും പ്രോത്സാഹിപ്പിലക്കാനും ജനകീയ ഐക്യം ഊട്ടിയുറപ്പിക്കാനും

ഗ്രാമോത്സവംവഴി കഴിയും.

6) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽവെച്ച് സെമിനാറുകൾ, സിംമ്പോസിയങ്ങൾ, ചർച്ചാക്ലാസുകൾ, പ്രഭാഷണങ്ങൾ, വ്യക്തിത്വ വികസന ക്ലബുകൾ കയ്യെഴുത്ത് മാസികകൾ തുടങ്ങിയ സംഘടിപ്പിക്കാൻ പഞ്ചായത്തല സാംസ്കാരിക സമിതി നേതൃത്വപരമായ പങ്കു വഹിക്കണം. വിവിധ ക്ലബുകളെ കൊണ്ടാണ് ഇത്തരം പരിപാടികൾ ഏറ്റെടുപ്പിക്കേണ്ടത്. ഇതിന്റെ വിജയത്തിനായി ക്ലബുകളുടെ സഹകരണം ഉറപ്പാക്കി കൊടുക്കാൻ പഞ്ചായത്തല സമിതിക്ക് കഴിയണം.

കുട്ടികളുടെ വായനാശീലം വളർത്താൻ സ്കൂൾ ലൈബ്രറികളെ ശക്തമാക്കണം. കൂടാതെ പഞ്ചായത്തിനെ മേഖലകളാക്കി തിരിച്ച് മൂന്ന് ചിൽഡ്രൻസ് ലൈബ്രറികൾ സ്ഥാപിക്കുക.

സിനിമാരംഗത്തെ വൈകൃതങ്ങളെ ചെറുക്കുന്നതിനും പുതിയ സിനിമാ സംസ്കാരത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനും വീഡിയോ ക്ലബുകൾ സ്ഥാപിക്കുകയും അവയിൽ മികച്ചതും കലാമൂല്യമുള്ളതുമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുക.

മദ്യത്തിനും മയക്കുമരുന്നിനും മറ്റു സാമൂഹ്യ തിന്മകൾക്കുമെതിരെയുള്ള ദൃശ്യ-ശ്രാവ്യ ബോധവൽക്കരണം നടത്തുക.

7) നിലവിലുള്ള പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണം. ഇതിനായി എത്രയും വേഗം സാംസ്കാരിക നിലയത്തിന്റെ കെട്ടിടം അതിനുതന്നെ വിട്ടുകൊടുക്കുകയും പുസ്തകങ്ങളെ സ്നേഹിക്കുന്ന ലൈബ്രറേറിയനെ നിയമിക്കുകയും വേണം. കൂടാതെ നിലവിലുള്ള പുസ്തകങ്ങൾ നന്നാക്കുകയും പുതിയവ വാങ്ങുകയും ചെയ്യണം. ഇതിന്റെ നേതൃത്വപരമായ പ്രവർത്തനവും പഞ്ചായത്തല സാംസ്കാരിക സമിതി ഏറ്റെടുക്കണം.

8) പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാളും, കളിസ്ഥലവും ഉണ്ടാക്കണം. ഭൂരിഭാഗം പേർക്കും ഗുണകരമാകുന്ന സ്ഥലത്തായിരിക്കണം ഇവ സ്ഥാപിക്കേണ്ടത്. ഇതിന് പുറമേ, എടക്കരയിലെ നിലവിലുള്ള സ്റ്റേഡിയം നന്നാക്കി ഉപയോഗപ്രദമാക്കണം.

യാന്ത്രിക ജീവിതത്തിന്റെ തിരക്കുകളിൽ നിന്നകന്ന്, സായാഹ്നങ്ങളിൽ ഒറ്റക്കോ, കുടുംബസഹിതമോ ശുദ്ധവായു ശ്വസിച്ച് ജനങ്ങൾക്ക് സ്വയംമറന്നിരിക്കാൻ കഴിയുന്ന മനോഹരമായ പാർക്കുകൾ പഞ്ചായത്തിൽ നിർമിക്കണം. പഴയ വില്ലേജ് ആപ്പീസ് പൊളിച്ച് അവിടെയും നിലവിലുള്ള വില്ലേജാപ്പീസിന്റെ പിന്നിലുമായി പാർക്കുണ്ടാക്കാം.

9) യാന്ത്രിക ജീവിതത്തിന്റെ തിരക്കുകളിൽ നിന്നകന്ന്, സായാഹ്നങ്ങളിൽ ഒറ്റക്കോ, കുടുംബസഹിതമോ ശുദ്ധവായു ശ്വസിച്ച് ജനങ്ങൾക്ക് സ്വയംമറന്നിരിക്കാൻ കഴിയുന്ന മനോഹരമായ പാർക്കുകൾ പഞ്ചായത്തിൽ നിർമിക്കണം. പഴയ വില്ലേജ് ആപ്പീസ് പൊളിച്ച് അവിടെയും നിലവിലുള്ള വില്ലേജാപ്പീസിന്റെ പിന്നിലുമായി പാർക്കുണ്ടാക്കാം. കൊച്ച് കുട്ടികളുടെ ട്രാഫിക് പാർക്കും അവരുടെ വായനശാലയും ഇതോടനുബന്ധിച്ച് വേണം. കേരളീയ വസ്തുശില്പ മാതൃകയിലുള്ള ലളിതമായ കെട്ടിമാണ് പുസ്തകശാലക്ക് പണിയേണ്ടത്. ഇതും പ്രവേശനകവാടവും മറ്റും നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള നിർമ്മിതി കേന്ദ്രത്തെക്കൊണ്ട് ചെയ്യിക്കണം. ജനകീയ വിഭവ സമാഹരണത്തിലൂടെ ഇതിനുള്ള പണം പഞ്ചായത്തല സാംസ്കാരിക സമിതി കണ്ടെത്തണം. ഗ്രാമപഞ്ചായത്തിന്റെ സഹായവും ഉണ്ടാവണം. കളിക്കോപ്പുകളും മറ്റും സ്പോൺസർമാർ വഴി കണ്ടെത്താവുന്നതേയുള്ളു. നിലവിലുള്ള സാംസ്കാരിക നിലയത്തിന്റെ തൊട്ടടുത്ത്, പഞ്ചായത്ത് ആസ്ഥാനത്ത്, ഏവർക്കും എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് നിർമിക്കുന്ന ഈ പാർക്ക് നമ്മുടെ പഞ്ചായത്തിന്റെ അഭിമാകണം. ഇതോടൊപ്പം പാവയിൽ, അന്നശ്ശേരി, പുളിക്കൂൽ കടവ്, പുതിയോട്ടിൽകടവ്, പുതുക്കാട്ടിൽ കടവ്, മുക്കംകടവ് തുടങ്ങിയ പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ സിമൻറ്ബെഞ്ചുകൾ സ്ഥാപിക്കാനും ഗ്രാമപഞ്ചായത്ത് നടപടി എടുക്കണം.

10) സംഗീത-നൃത്തകലാദികളിൽ അടിസ്ഥാനപരമായ ശിക്ഷണം നൽകാനും അവയുടെ പരിപോഷണത്തിനുമായി പഞ്ചായത്തിൽ ഒരു കലാലയം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കണം. അതിന് പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് കുട്ടികൾക്ക് പരമാവധി പ്രയോജനപ്പെടുത്താനും ആതുവഴി പ്രതിഭകളെ വളർത്താനും കഴിയണം.

കായിക സംസ്കാരം

11) കായികമത്സരങ്ങളിലും ഗെയിംസിലും വളരെ മുമ്പുമുതൽക്കേ താല്പര്യമുള്ള ജനങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ക്ലബുകളുടെ ആഭിമുഖ്യത്തിലല്ലാതെതന്നെ വിവിധ കളികളുടെ പരിശീലനം പ്രാദേശികമായി ഉണ്ടായിരുന്നു. സ്പോട്സ് - ഗെയിംസ് രംഗത്തെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

എടക്കരയിലെ പഞ്ചായത്ത് സ്റ്റേഡിയം പരിഷ്കരിച്ച് അവിടെവെച്ച് സ്പോട്സ് കോച്ചിങ്ങും മത്സരങ്ങളും നടത്തുക.

പഞ്ചായത്തിൽ 'സ്പോട്സ് - ഗെയിംസ്' പരിപോഷണത്തിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സ്പോട്സ് കമ്മിറ്റി രൂപീകരിക്കുകയും വിവിധ പരിശീലനങ്ങൾക്കായി കോച്ചുകളെ നിയമിക്കുകയും ചെയ്യുക. ഇവർക്കുള്ള പ്രതിഫലം സ്പോട്സ് കമ്മിറ്റി വഹിക്കേണ്ടതാണ്. പരിശീലനത്തിനെത്തുന്നവരിൽ നിന്ന് നിസ്സാരമായ ഫീസും സംസ്ഥാന സ്പോട്സ് വകുപ്പിൽനിന്നുള്ള ധനസഹായവും ഇതിനായി ഉപയോഗിക്കാവുന്നതാണ്. ●

അധികാരം ജനങ്ങളിലേക്ക്

വിഭവസമാഹരണം

കാ‍ൽ ലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്നതും 21.54 ച. കി. മീറ്റർ വിസ്തീർണ്ണമുള്ളതുമാണ് നമ്മുടെ പഞ്ചായത്ത്. മുഖ്യമായും കാർഷികമേഖലയായ ഈ പ്രദേശത്തിന്റെ പ്രധാന വരുമാനമാർഗം നാളികേരമടക്കമുള്ള കാർഷികോൽപന്നങ്ങളാണ്.

നിർമ്മാണരംഗം, മത്സ്യബന്ധന മേഖല, വിദേശത്ത് തൊഴിൽ ചെയ്യുന്നവരിൽനിന്നുമുള്ള വരുമാനം – ഇവയൊക്കെ പഞ്ചായത്തിന്റെ മൊത്തം സാമ്പത്തികഘടനയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

എന്നാൽ ഇന്ന് കാർഷികമേഖല രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. വ്യവസായരംഗത്താകട്ടെ എടുത്തുപറയത്തക്ക ഒരു സംരംഭവും നമ്മുടെ ഗ്രാമത്തിലില്ല.

തെങ്ങ്കൃഷിക്ക് പ്രാമുഖ്യം നൽകുന്നുണ്ടെങ്കിലും വിജയകരമായ നാളികേരാനുബന്ധ വ്യവസായങ്ങളൊന്നും വളർന്നുവന്നിട്ടില്ല. ഉള്ളവതന്നെ അശാസ്ത്രീയമായ പഴഞ്ചൻ മട്ടിലുള്ളവയും.

കൂട്ടായ്മയിലൂടെയും ശാസ്ത്രീയമായ വിഭവസമാഹരണത്തിലൂടെയും വിതരണത്തിലൂടെയും നമുക്ക് ഈ മുരടിപ്പിനെ മറികടക്കാനാകും. കാർഷിക-വ്യാവസായിക മേഖലകളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായാൽ തന്നെ ഒരു പുനരുജ്ജീവനം ദൃശ്യമാകും.

പഞ്ചായത്തിലെ തനത് വികസനപ്രവർത്തനങ്ങൾക്കും ഇതര ക്ഷേമപ്രവർത്തനങ്ങൾക്കും ആവശ്യമായ ചെലവുകൾ മുഖ്യമായും നിറവേറ്റുന്നത് വിവിധയിനം നികുതികളിലൂടെയാണ്. കെട്ടിടനികുതികൾ, തൊഴിൽനികുതികൾ, വിനോദനികുതികൾ, ലേലത്തുകകൾ, ലൈസൻസ് ഫീസുകൾ എന്നിവക്ക് പുറമെ സ്റ്റാമ്പ് ഡ്യൂട്ടികൾ, വാഹനനികുതി, ജെ. ആർ. വൈ. ഫണ്ട്, അൺടൈഡ് ഫണ്ട് മുതലായവയും പഞ്ചായത്തിന്റെ മുഖ്യവരുമാന സ്രോതസ്സുകളാണ്. വർദ്ധിച്ചുവരുന്ന ജനകീയ ആവശ്യങ്ങൾ നിറവേറ്റാൻ അധികവിഭവസമാഹരണം കൂടിയേ പറ്റൂ. നിലവിലുള്ള നികുതിസമ്പ്രദായം കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. നികുതി നിൽകുക വഴി വികസനപ്രവർത്തനങ്ങളിൽ തങ്ങളുടെതായ കടമ നിറവേറ്റുകയാണെന്ന ബോധം സാമാന്യജനതയിൽ സൃഷ്ടിക്കുവാൻ കഴിയണം.

കെട്ടിടനികുതി

കഴിഞ്ഞ വർഷം കെട്ടിടനികുതിയിന വരുമാനം 2,51,141.50 രൂപ ആണ്. കൃത്യസമയത്തുതന്നെ ഈ നികുതി പിരിച്ചെടുക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ നികുതി ചുമത്താവുന്ന മുഴുവൻ കെട്ടിടങ്ങളും അസസ്മെൻറ് ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

പട്ടിക – 1

പഞ്ചായത്തിന്റെ വരുമാനം

		91-92	95-96
1.	കെട്ടിടനികുതി	1,63,864.85	2,51,141.50
2.	തൊഴിൽനികുതി	60,055.00	99,455.00
3.	വിനോദനികുതി	38,278.47	42,000.00
4.	അഡീ. വിനോദനികുതി	23,699.24	25,200.00
5.	പ്രദർശന നികുതി	768.00	2054.00
6.	മാർക്കറ്റ് വാടക	500.00	925.00
7.	ലൈസൻസ് ഫീസ്	10,684.50	11,273.50
8.	വസ്തുകൈമാറ്റ നികുതി	1,21,090.00	3,30,740.00
9.	സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	–	1,85,503.00
10	ഡെപ്പോസിറ്റ്	1,87,606.89	87,919.35
11.	മറ്റുള്ളവ	–	7,47,306.80

പട്ടിക – 2

പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷക്കാലത്തെ വരവ് ചെലവ് കണക്ക്

വർഷം	വരവ്	ചെലവ്
1986-87	4,03,927.00	3,64,226.00
87-88	6,38,737.52	5,76,684.40
88-89	6,32,715.55	6,47,276.62
89-90	13,18,241.96	14,96,187.31
90-91	12,76,921.45	13,56,480.71
91-92	12,60,312.75	12,48,962.00
92-93	14,35,143.15	14,01,950.10
93-94	16,72,261.60	12,70,320.95
94-95	16,60,965.75	16,00,801.60
95-96	22,78,719.15	14,87,415.40

ഇവയുടെ പ്ലാനുകളും കൃത്യവിവരങ്ങളും നിർബന്ധമായും ക്രോഡീകരിക്കണം. അഞ്ച് വർഷം കൂടുമ്പോൾ നടത്തുന്ന നികുതി റിവിഷൻ സമയത്ത്മാത്രം ഒതുങ്ങാതെ ഓരോ വർഷാരംഭത്തിലും കെട്ടിടങ്ങളുടെ ഘടന പരിശോധിക്കണം. ഓരോ വർഷവും ചെക്കപ്പ് നടത്തി വീടുകളിൽ നേരിട്ട് ഡിമാൻറ് നോട്ടീസ് നൽകണം. ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ (ഓട് ടെറസ്സാക്കുക, Extension, ആകെ മാറ്റൽ തുടങ്ങിയവ) വരുത്തിയിട്ടുണ്ടെങ്കിൽ ആയതിനനുസൃതമായി നടപടി സ്വീകരിക്കണം. പാർപ്പിടം ഒഴികെ നിർമ്മിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് ഉടമകൾ പഞ്ചായത്തിന് നൽകുന്ന എഗ്രിമെൻറിൽ യഥാർഥ വാടകയുടെ കാൽഭാഗം പോലും കാണിക്കുന്നില്ല. ഇത് വളരെ ഗൗരവപൂർവം കണ്ട് യഥാർത്ഥ വാടക അടിസ്ഥാനത്തിൽ കെട്ടിടനികുതി ചുമത്തണം. ഈ അപാകത തിരുത്തിയാൽ കെട്ടിടനികുതി ഇനത്തിലുള്ള വരുമാനം കാര്യമായി വർദ്ധിക്കാം. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ തറ വിസ്തീർണ്ണം മാത്രമല്ല, വില കൂടുതലുള്ള നിർമ്മാണസാമഗ്രികളുടെ ഉപയോഗവും ആഡംഭരത്വവും കൂടി മാനദണ്ഡമാക്കേണ്ടതാണ്.

തെങ്ങ്കൃഷിക്ക് പ്രാമുഖ്യം നൽകുന്നുണ്ടെങ്കിലും വിജയകരമായ നാളികേരാനുബന്ധ വ്യവസായങ്ങളൊന്നും വളർന്നുവന്നിട്ടില്ല. ഉള്ളവതന്നെ അശാസ്ത്രീയമായ പഴഞ്ചൻ മട്ടിലുള്ളവയും.

തൊഴിൽനികുതി

തൊഴിൽനികുതി ഇനത്തിൽ തന്നാണ്ട് 99,455 രൂപയാണ് വരവ്. പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും ജോലിചെയ്യുന്നവരിൽനിന്നും മാത്രമേ തൊഴിൽനികുതി ലഭിക്കുന്നുള്ളൂ. ഇതര തൊഴിൽമേഖലയിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ കച്ചവടക്കാരെയും നിർമ്മാണതൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് ചെയ്യുകയും അംഗത്വമുള്ളവരിൽനിന്ന് തൊഴിൽനികുതി ഈടാക്കാവുന്നതുമാണ്.

വിനോദനികുതി

ഒരു സിനിമാ തിയേറ്ററിൽനിന്നുള്ള വരുമാനം മാത്രമേ ഇന്ന് വിനോദനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകുന്നുള്ളൂ. ടിക്കറ്റ് വിൽപന വർദ്ധനവിന് ആനുപാതികമായി നികുതി നിരക്കും വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പണികഴിച്ച് പൊതുജനങ്ങൾക്ക് വാടകക്ക് നൽകാവുന്നതാണ്. പഞ്ചായത്തിലെ സ്വകാര്യ കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽനിന്നും വിനോദനികുതി ഈടാക്കാവുന്നതാണ്.

ഖനനം

പഞ്ചായത്തിലെ 5, 6, 7 വാർഡുകളിൽനിന്നും ചെങ്കല്ല്, കരിങ്കല്ല് എന്നിവയും പുഴയോരങ്ങളിൽനിന്ന് മണലും വൻതോതിൽ വിപണനം ചെയ്യുന്നുണ്ട്. ഇത് പരിസ്ഥിതിക്ക് കോട്ടംതട്ടാതെ നടത്തുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

വിദേശജോലിക്കാർ

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികഘടനയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ് ഗൾഫിൽ ജോലിചെയ്യുന്നവരിൽ നിന്നുള്ള വരുമാനം. ഈ വരുമാനം ഇന്ന് ഉപയോഗിക്കപ്പെടുന്നത് തീരെ പ്രത്യൽപാദനപരമല്ല. ഈ തുക ഉൽപാദനമേഖലയിൽ നിക്ഷേപിക്കുവാൻ ഇവരെ സന്നദ്ധരാക്കേണ്ടതുണ്ട്.



ബേങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ കാരന്തൂർ സർവ്വീസ് സഹകരണ ബേങ്ക്, കനറാ ബേങ്ക്, സൗത്ത് മലബാർ ഗ്രാമീണബേങ്ക് എന്നിവയുടെ ഓരോ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഇവക്ക് പുറമെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ ലഭിക്കുന്നത് വളരെ കുറവാണെന്ന് കാണാം. നമ്മുടെ പഞ്ചായത്തിൽനിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വികസനപ്രവർത്തനങ്ങൾക്കായി വായ്പ നൽകണം. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ നൽകുവാൻ ബേങ്കുകൾ സന്നദ്ധരാകുന്ന വിധം നിയമനിർമ്മാണം ഉണ്ടാകണം.

പഞ്ചായത്തിലെ 9 വാർഡുകൾ കാരന്തൂർ സർവ്വീസ് സഹകരണ ബേങ്കിന്റെ പരിധിയിലും രണ്ട് വാർഡുകൾ കൊയിലാണ്ടി സർവ്വീസ് സഹകരണ ബേങ്കിന്റെ പരിധിയിലുമാണ്. തലക്കുളത്തൂർ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾ ഉൾപ്പെടുത്തി തലക്കുളത്തൂർ സർവ്വീസ് സഹകരണ ബേങ്ക് രൂപീകരിക്കുന്നത് ജനങ്ങളുടെ ചിരകാലാഭിലാഷമാണ്. കൂടാതെ ഒരു വീട്ടിൽനിന്നും ചുരുങ്ങിയത് ഒരു അംഗത്തിനെങ്കിലും കാരന്തൂർ സർവ്വീസ് ബേങ്കിൽ അംഗത്വം നൽകുന്നത് തികച്ചും ഗുണകരമായിരിക്കും.

പട്ടിക – 3

തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭൂമിയുടെ അടിസ്ഥാന വിവരങ്ങൾ

തലക്കുളത്തൂർ, അന്നശ്ശേരി, എടക്കര		
പുരയിടം	–	2557.07 ഏക്കർ
നിലം	–	1388.86 ഏക്കർ
പുറമ്പോക്ക്	–	360.66 ഏക്കർ
ആകെ	–	4306.59 ഏക്കർ

പട്ടിക – 4

പുറമ്പോക്ക് ഭൂമി അടിസ്ഥാന വിവരങ്ങൾ

തലക്കുളത്തൂർ, അന്നശ്ശേരി, എടക്കര		
റോഡ്	–	38.53
പുഴ	–	320.08
തോട്	–	2.05
ആകെ	–	360.66

ദേശീയസമ്പാദ്യപദ്ധതി

ദേശീയ സമ്പാദ്യപദ്ധതിയിലൂടെ സാമ്പത്തികസമാഹരണം നടത്താവുന്നതാണ്. ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരി വികാസ്പത്രയുടെ 15 മുതൽ 25 വരെ ശതമാനം ആ പഞ്ചായത്തിന് തന്നെ ലഭിക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ഈ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണം. ഈ സാധ്യത പ്രധാൻ ഏജൻറുമാർ മുഖേന അയൽകൂട്ട സമിതികൾ ഇടപെട്ടുകൊണ്ട് പഞ്ചായത്തിൽനിന്നും പരമാവധി നിക്ഷേപം ഉണ്ടാ

ക്കുകയും തദ്വാര പഞ്ചായത്തിന് വരുമാനം
ഉറപ്പുവരുത്തുകയുമാകാം.

പാട്ടഭൂമി

മുന്നൂറ്റി ഇരുപത് ഏക്കറിലധികം പുറമ്പോക്ക് പുഴ പഞ്ചായത്ത് വശം ഉണ്ട്. ഇതിൽ കുറെ ഭാഗം പാട്ടത്തിന് നൽകിയിട്ടുണ്ട്. പലരും ഏറ്റെടുത്ത് അളവിലും വളരെ കൂടുതൽ കൈവശംവെച്ചുപോരുന്നു. പുറംപോക്ക് ഭൂമി ചിലയിടങ്ങളിൽ സ്വകാര്യവ്യക്തികൾ കയ്യേറിയിട്ടുണ്ട്. പാട്ടത്തിന്റെ നാമമാത്രമായ നിരക്ക് അടിയന്തരമായി പുതുക്കേണ്ടതാണ്. തങ്ങളുടെ ഭൂമിയിൽനിന്നും പുഴയിലേക്ക് മതിൽ ഇറക്കിക്കെട്ടി വൻതോതിൽ പുഴയോരങ്ങൾ കയ്യേറ്റം നടത്തുന്നുണ്ട്. പാട്ടത്തിന് വാങ്ങിയ ഭൂമി വെറുതെ വെച്ചവരും നികത്തി തെങ്ങിൻതോപ്പാക്കി മാറ്റിയവരുമുണ്ട്. പഞ്ചായത്തിന്റെ തനതായ ഭൗതികസ്വത്തിന്മേലുള്ള അനധികൃതമായ ഈ കയ്യേറ്റത്തെ ഗൗരവപൂർവം കാണേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1) കെട്ടിടനികുതി, തൊഴിൽനികുതി മുതലായവ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലത്ത് നികുതി മറ്റൊരു ഭാരമായി തീരാതെ വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി ഈടാക്കാൻ കഴിയണം. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും മുൻകൂട്ടി അയൽക്കൂട്ടസമിതികളെ അറിയിക്കുക. വാർഡ് വികസനസമിതിയുടെയും വാർഡ് പ്രതിനിധികളുടെയും നേതൃത്വത്തിൽ നികുതി പിരിച്ചെടുക്കാൻ കഴിയണം.

2) പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റ് ഹാൾ പണികഴിപ്പിച്ച് പൊതുജനങ്ങൾക്ക് വാടകക്ക് നൽകുക.

3) സിനിമാ തിയേറ്ററുകളിലെ ടിക്കറ്റ് വിലവർദ്ധനവിന് ആനുപാതികമായി നികുതി നിരക്കും വർദ്ധിപ്പിക്കുക.

4) കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽനിന്നും വിനോദനികുതി ഈടാക്കുക.

5) വിദേശജോലിക്കാരിൽനിന്നും ഗ്രാമപഞ്ചായത്ത് ബോണ്ടുകൾ വഴി മൂലധനം സ്വരൂപിച്ച് അത് വ്യാവസായിക, കാർഷികമേഖലകളിൽ ഉപയോഗപ്പെടുത്തണം.

6) പുഴ, പുറംപോക്ക് ഭൂമി മുതലായവക്ക് ചുരുങ്ങിയ പാട്ടമാണ് നിലവിലുള്ളത്. പാട്ടം വർദ്ധിപ്പിക്കുക.

7) പാട്ടം ഭൂമി വെറുതെ കൈവശംവെച്ചവരിൽനിന്നും ഭൂമി തിരിച്ചുവാങ്ങി ആവശ്യക്കാർക്ക് പാട്ടത്തിന് നൽകുക. അനധികൃതമായി തെങ്ങിൻതോപ്പാക്കി മാറ്റിയവരിൽ നിന്നും പ്രസ്തുത സ്ഥലം തിരിച്ചുവാങ്ങി ലേലത്തിലൂടെ പഞ്ചായത്തിന്റെ വരുമാനോപാധിയാക്കുക.

8) പുളിമുട്ടുകൾ കടവ്, വള്ളിൽ കടവ്, പുതുക്കാട് കടവ്, മുക്കംകടവ് എന്നിവിടങ്ങളിൽ പാതാറുകൾ നിർമ്മിച്ച് ലേലംചെയ്യാവുന്നതാണ്.

9) ഷോപ്പിംഗ് കോംപ്ലക്സു

വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും പ്രവൃത്തി നടന്ന സ്ഥലത്തും പഞ്ചായത്താപ്പീസിലും കണക്ക് പരസ്യപ്പെടുത്തുകയും വേണം. ഇത് പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കും.

കൾ, സൗകര്യപ്രദമായ മാർക്കറ്റ് എന്നിവ നിർമ്മിച്ച് വാടകക്ക് നൽകുക, ആഴ്ചതോറും ഗ്രാമച്ചന്തകൾ നടത്തി സ്റ്റാൾ വാടകയിനത്തിൽ അധികം വരുമാനം സ്വരൂപിക്കാവുന്നതാണ്.

10) പരിസ്ഥിതിക്ക് കോട്ടംതട്ടാതെ വള്ളിക്കാട്ടുകാവ്, പാവയിൽ പുഴ അടിസ്ഥാനമാക്കി വിനോദസഞ്ചാര സാധ്യത ഉപയോഗിക്കാവുന്നതാണ്. പാവയിൽ പുഴ മുതൽ ചെലപ്രം വരെയും പാവയിൽ പുഴ മുതൽ പട്ടർപാലം വരെയും പാവയിൽ പുഴ മുതൽ മുക്കം കടവ് വരെയും മിനി ബോട്ട് സർവീസ് നടത്തി പഞ്ചായത്തിന് വരുമാനം കണ്ടെത്താവുന്നതാണ്.

മനുഷ്യാദ്ധ്വാനം

ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അവിടുത്തെ മാനുഷികവിഭവമാണ്. ഈ മാനുഷികവിഭവത്തെ വികസനത്തിന്റെ പാതയിലേക്ക് തിരിച്ചുവിട്ട് രാഷ്ട്രത്തിന്റെ അഭിവൃദ്ധി ഉറപ്പുവരുത്തേണ്ടതുണ്ട്.

പഞ്ചായത്തിന്റെ ചെലവിനത്തിൽ നല്ലൊരു ഭാഗം പക്കാ റോഡുകൾ സഞ്ചാരയോഗ്യമാക്കാനും മണ്ണിടുന്നതിനും നീക്കിവെക്കപ്പെടുന്നുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്കൊക്കെ സമീപവാസികളുടെ സന്നദ്ധപ്രവർത്തനം ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇന്ന് ചെലവഴിക്കുന്ന പല ഫണ്ടുകളും മറ്റു വികസനമേഖലകളിലേക്ക് തിരിച്ചുവിടാവുന്നതാണ്. അയൽക്കൂട്ടസമിതികൾ സജീവമാക്കി നിർത്തുന്നത് ഇത്തരം പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഏറെ സഹായിക്കും. ബഹുജനസംഘടനകൾക്ക് വളരെയധികം സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. സംഘടനകളുടെ ക്രിയാത്മകമായ സേവനങ്ങൾ വഴി ഗ്രാമവികസനത്തിന് ഏറെ സംഭാവനകൾ നൽകാൻ കഴിയും.

ഓഡിറ്റിങ്ങ്

ചെറുതും വലുതുമായ വികസനപ്രവർത്തനങ്ങൾ ഒട്ടുമുക്കാലും ഇന്ന് നടത്തുന്നത് കോൺട്രാക്ടർമാരാണ്. ഇതിന്റെ സ്ഥാനത്ത് ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥിതിയുണ്ടാവണം. ഇതുവഴി ഫണ്ട് ചോർച്ച തടയാനും സന്നദ്ധപ്രവർത്തനംകൂടി കൂട്ടിച്ചേർത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ളതിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്താനും കഴിയും.

വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയും പ്രവൃത്തി നടന്ന സ്ഥലത്തും പഞ്ചായത്താപ്പീസിലും കണക്ക് പരസ്യപ്പെടുത്തുകയും വേണം. ഇത് പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യമാക്കും.



അധികാരം ജനങ്ങളിലേക്ക്





വല നിറയുമോ: കോരപ്പുഴയിൽ പുതിയോട്ടിൽ കടവിനടുത്ത് മത്സ്യംപിടിക്കുന്ന തൊഴിലാളി

വശ്യം; മനോഹരം:
ടൂറിസം വ്യവസായത്തിന് അനന്ത സാധ്യതകളൊരുക്കുന്ന
പ്രകൃതിരമണീയമായ പാവയിൽ പുഴ

A322

എങ്ങും ഹരിതാഭ:
പച്ചപ്പുൽ കൃഷിക്ക് പ്രതീക്ഷകൾ നൽകുന്ന
എലിയോട് മലയിലെ ഒരു പതിവുകാഴ്ച